കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്

# വാർഷിക റിപ്പോർട്ട്
# 2014 - 2015

KERALA STATE
BIODIVERSITY BOARD

എൽ-14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം - 695 011



Photo: Dr. C.P. Shaji



# ഉള്ളടക്കം


ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ ........ 7

“ജൈവവിഭവങ്ങളുടെ സ്വായത്തമാക്കലും,
അതിന്റെ പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവയ്ക്കലും”
(Access and Benefit Sharing) പ്രാവർത്തികമാക്കൽ ........ 8

സംരക്ഷണ പ്രവർത്തനങ്ങൾ

സമുദ്ര നീർത്തട ജൈവവൈവിധ്യം ........ 11

കന്നുകാലി ജൈവവൈവിധ്യ സംരക്ഷണം ........ 12

തനത് ആവാസവ്യവസ്ഥകളിലുള്ള
ജന്തുവൈവിധ്യ സംരക്ഷണം ........ 14

കാർഷിക ജൈവവൈവിധ്യ സംരക്ഷണം ........ 17

ആവാസവ്യവസ്ഥകളുടെ സംരക്ഷണം ........ 19

ജില്ലകളിലെ പ്രവർത്തനങ്ങൾ ........ 22

പ്രകൃതി പഠനം

ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് ........ 34

വർക്ക്ഷോപ്പുകൾ / സെമിനാറുകൾ ........ 42

പരിശീലന/ബോധവൽക്കരണ പരിപാടികൾ ........ 45

അവാർഡുകൾ/ആദരങ്ങൾ ........ 49

റിസർച്ച് ഫെലോഷിപ്പുകൾ ........ 57

പ്രസിദ്ധീകരണങ്ങൾ ........ 59

ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ........ 65



**ഡോ ഉമ്മൻ വി. ഉമ്മൻ**
ചെയർമാൻ

# മുഖവുര

**2014–15** സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്; സംരക്ഷണ പ്രവർത്തനങ്ങൾ, പാരമ്പര്യ വിജ്ഞാനത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും സുസ്ഥിരോപയോഗം, ജൈവസമ്പത്തുകളിലേക്കും അവയുമായി ബന്ധപ്പെട്ട അറിവിലേക്കുള്ള പ്രവേശനവും അതുമായി ബന്ധപ്പെട്ട പ്രയോജനങ്ങളുടെ നീതിപൂർവകമായ പങ്കുവയ്ക്കലും (Access and Benefit Sharing - ABS) എന്നീ മേഖലകളുമായി ബന്ധപ്പെട്ട് പല സുപ്രധാന പ്രവർത്തനങ്ങളും കാഴ്ചവച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ച എ.ബി.എസ്. മാനദണ്ഡങ്ങളനുസരിച്ച് ജൈവസമ്പത്തുകളെ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നവർ നേട്ടത്തിന്റെ ന്യായമായ വിഹിതം ജൈവസമ്പത്തുമായി ബന്ധപ്പെട്ട ജനസമൂഹത്തിന് നൽകാൻ ബാധ്യസ്ഥരാണ്. ഈ നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡ് പല പ്രവർത്തനങ്ങൾക്കും ആരംഭം കുറിച്ചു. 2015-ലെ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിലും ഈ വിഷയത്തിനാണ് ഊന്നൽ നൽകിയത്. എല്ലാ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളെയും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി. ഇതോടനുബന്ധിച്ചുനടന്ന ചർച്ചകളിൽ നിന്നുയർന്നുവന്ന പ്രധാന തീരുമാനം, എ.ബി.എസ്. ഒരു നിയന്ത്രണ സംവിധാനമെന്നതിനപ്പുറം ജൈവവൈവിധ്യ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക അടിത്തറ ലഭ്യമാക്കുന്ന ഒന്നാകണം എന്നതായിരുന്നു.

ഈ കാഴ്ചപ്പാടുമായാണ് കെ.എസ്.ബി.ബി. ഒരു ഹരിത എ.ബി.എസ്. നയം എന്ന ആശയം പ്രാവർത്തികമാക്കുന്നത്. ഇതിലൂടെ ജനിതകസമ്പത്തുകളെ സുസ്ഥിരമായി ഉപയോഗപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നവർക്ക് പ്രോത്സാഹന ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ചെയ്യുന്നതുവഴി ജൈവവൈവിധ്യത്തെ മനുഷ്യരാശിയുടെ നന്മയ്ക്കും വികസനത്തിനുമായി ഉപയോഗപ്പെടുത്താൻ സാധ്യമാകും എന്നാണ് കരുതുന്നത്. ഈ നയവുമായി മുന്നോട്ടുപോയപ്പോൾ നേരിട്ട പ്രധാന തടസ്സം, സമൂഹത്തിന്റെ അടിത്തട്ടിൽ ഇത് സംബന്ധിച്ചുള്ള അറിവില്ലായ്മയാണ്. റിപ്പോർട്ട് കാലയളവിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ നയവുമായി ബന്ധപ്പെട്ട ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, ആയുർവേദ ഔഷധ നിർമ്മാതാക്കൾ, ബി.എം.സി.കൾ എന്നിവരുടെ യോഗം നടത്തുകയും എ.ബി.എസ്. നയം വിശദമാക്കുകയും ചെയ്തു. ആയുർവേദ മെഡിക്കൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്, സീ ഫുഡ് എക്സ്പോർട്ട്സ് അസോസിയേഷൻ, പ്ലാന്റേഴ്സ് അസോസിയേഷൻ കേരള, ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ അസോസിയേഷൻ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. സമീപഭാവിയിൽ എ.ബി.എസ്. നയവും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും കേരളത്തിൽ സ്തുത്യർഹമായി നടപ്പാക്കാൻ ബോർഡിന് കഴിയുമെന്നും അതിലൂടെ സംസ്ഥാനത്തിന്റെ ജൈവസമ്പത്തുകളുടെയും ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെയും ദുരുപയോഗം തടയാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. തുല്യതയും, ന്യായവും ഉറപ്പാക്കിക്കൊണ്ട് ജൈവസമ്പത്തുക്കളുടെ വാണിജ്യോപയോഗത്തിന്റെ നേട്ടങ്ങൾ പങ്കുവയ്ക്കുന്നതിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും അവരുടെ ഉത്തരവാദിത്തവും പങ്കും തിരിച്ചറിഞ്ഞ് പ്രവർത്തിക്കും എന്ന ശുഭപ്രതീക്ഷയാണ് എനിക്കുള്ളത്.



**ഡോ. കെ.പി. ലാലാദാസ്**
മെമ്പർ സെക്രട്ടറി

# ആമുഖം

2014–15 വർഷത്തിലെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. റിപ്പോർട്ട് കാലയളവിൽ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഫീൽഡ്തല ഉദ്യോഗസ്ഥരെ നിരവധി സംരക്ഷണപ്രവർത്തനങ്ങളും അവബോധപ്രവർത്തനങ്ങളും പ്രാദേശികതലത്തിൽ ഏറ്റെടുക്കാൻ പ്രാപ്തരാക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം ഏറ്റെടുത്ത എല്ലാ പദ്ധതികളും വിജയകരമായി പൂർത്തിയാക്കുവാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. 2013-14-ൽ തുടക്കം മുതൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മാണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട്, സമുദ്രതീരത്തെ പാറക്കെട്ടുകളിൽ വസിക്കുന്ന 400ഓളം കടൽജീവികളുടെ തിരിച്ചറിയൽ, 42 മത്സ്യഗ്രാമങ്ങളിലെ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ, 300ഓളം കടൽ ജീവികൾ എന്നിവയുടെ സ്പെസിമെൻ ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡിനോട് അനുബന്ധിച്ചുള്ള ഗവേഷണ കേന്ദ്രം പ്രവർത്തനം തുടങ്ങുകയും റിസർച്ച് ഫെല്ലോഷിപ്പുകൾ നൽകുകയും ചെയ്തു. ഈ വർഷം ആദ്യമായി കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് രണ്ട് തലങ്ങളിൽ; ജില്ലാതലം, സംസ്ഥാനതലം നടത്തുകയുണ്ടായി. മികച്ച പങ്കാളിത്തമാണ് ഇതിനുണ്ടായത്.

ജൈവവൈവിധ്യം സംബന്ധിച്ച അവബോധം സാമാന്യജനങ്ങളിലും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിലും ഉണ്ടായാൽ മാത്രമേ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ അവർ ഏറ്റെടുക്കുകയും സുസ്ഥിര ജീവിതം സാധ്യമാകുകയും ചെയ്യുകയുള്ളൂ. ജൈവവൈവിധ്യം സംബന്ധിച്ച ആശയവിനിമയം, വിദ്യാഭ്യാസം, പൊതുജനാവബോധം എന്നിവ Aichi Biodiversity Targets-ന്റെ പൂർത്തീകരണത്തിന് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണെന്നത് ശ്രദ്ധേയമാണ്. 2015 ഫെബ്രുവരിയിൽ നടത്തിയ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് മേൽപ്പറഞ്ഞ മൂന്ന് മേഖലകളെയും സ്പർശിക്കുന്നതാണ്. ഇതിന് അനുബന്ധമായി നടന്ന ജൈവവൈവിധ്യ എക്സ്പോയിൽ നൂറോളം പവലിയനുകളാണ് പ്രദർശിപ്പിച്ചത്. പ്രകൃതിയെ സംരക്ഷിക്കുന്നതിലൂടെ സുരക്ഷിതമായ ഒരു ഭാവിയാണ് ഉരുത്തിരിയുന്നത്. കെ.എസ്.ബി.ബി. ഈ കാഴ്ചപ്പാടുമായാണ് മുന്നേറുന്നത് എന്നു പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകിയ ബഹുമാനപ്പെട്ട വനം പരിസ്ഥിതി മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബോർഡ് അംഗങ്ങൾ, ആത്മാർത്ഥമായ പ്രവർത്തനം കാഴ്ചവച്ച കെ.എസ്.ബി.ബി. സ്റ്റാഫ് അംഗങ്ങൾ, ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ പിന്തുണയ്ക്ക് ഞാൻ നന്ദി പറയുന്നു.



Photo: Dr. Linda John



# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ

**2014-15** സാമ്പത്തിക വർഷത്തിൽ 65 ഗ്രാമപഞ്ചായത്തുകൾ, 5 മുനിസിപ്പാലിറ്റികൾ, 2 കോർപ്പറേഷനുകൾ ഉൾപ്പെടെ ആകെ 72 തദ്ദേശ സ്ഥാപനങ്ങളിൽ പി.ബി.ആർ. തയ്യാറാക്കുന്നതിനുവേണ്ട പരിശീലനം ബോർഡ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകളിലെ പി.ബി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ ബി.എം.സി.കളിലും പി.ബി.ആർ. പൂർത്തിയാക്കിയ ആദ്യ ജില്ല വയനാടാണ്. ഇതുവരെ പൂർത്തിയാക്കിയ പി.ബി.ആറുകളുടെ എണ്ണം, 2014-15 സാമ്പത്തികവർഷം നൽകിയ പരിശീലനങ്ങളുടെ എണ്ണം എന്നിവ ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2015 മാർച്ച് വരെ പി.ബി.ആർ. പൂർത്തിയാക്കിയ ബി.എം.സി.കളുടെ എണ്ണം | 2014-15 കാലയളവിൽ പി.ബി.ആർ. പരിശീലനം നൽകിയ ബി.എം.സി.കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 71 GP | 1 GP+1M+1C |
| 2 | കൊല്ലം | 58 GP | 4 GP+1M+1C |
| 3 | പത്തനംതിട്ട | 49 GP+1M | 1 GP |
| 4 | ആലപ്പുഴ | 69 GP+1M | 2 GP |
| 5 | കോട്ടയം | 52 GP | 5 GP+1M |
| 6 | ഇടുക്കി | 43 GP +1 M | 1 GP |
| 7 | എറണാകുളം | 54 GP +2 M | 8 GP+1M |
| 8 | തൃശൂർ | 78 GP | 3 GP |
| 9 | പാലക്കാട് | 47 GP | 6 GP |
| 10 | മലപ്പുറം | 61 GP +1 M | 16 GP+1M |
| 11 | കോഴിക്കോട് | 47 GP +1 M | 11 GP |
| 12 | വയനാട് | 25 GP +1 M | പൂർത്തിയായി |
| 13 | കണ്ണൂർ | 53 GP +1 M | 6 GP |
| 14 | കാസർഗോഡ് | 30 GP +1 M | 1 GP |
| | ആകെ | 737 GPs + 10 M | 65GPs+5M+2C (72) |

(GP - ഗ്രാമപഞ്ചായത്ത്, M - മുനിസിപ്പാലിറ്റി, C - കോർപ്പറേഷൻ)





## "ജൈവവിഭവങ്ങളുടെ സ്വായത്തമാക്കലും, അതിന്റെ പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവയ്ക്കലും" (Access and Benefit Sharing) പ്രാവർത്തികമാക്കൽ

### ഹരിത (Access and Benefit Sharing) നയം

ജൈവവൈവിധ്യ കൺവെൻഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ജനിതക വസ്തുക്കളുടെ ഉപയോഗത്തിലൂടെ പ്രാപ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവവുമായ പങ്കുവയ്ക്കൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സുതാര്യവും നിയമപരവുമായ ഒരു ചട്ടക്കൂട് 2014 ഒക്ടോബർ 12-ലെ നഗോയ ഉടമ്പടി നൽകുന്നു. ആയുർവേദ ഔഷധങ്ങൾ, സമുദ്രവിഭവങ്ങൾ, വിത്തുകൾ, സുഗന്ധദ്രവ്യങ്ങൾ, തോട്ടം എന്നിവയാണ് കേരളത്തിൽ എ.ബി.എസ്. ബാധകമായ ചില മേഖലകൾ. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരള സംസ്ഥാനത്തിന്റെ എ.ബി.എസ്. നയത്തിന്റെയും മാർഗനിർദ്ദേശങ്ങളുടെയും കരട് തയ്യാറാക്കിയിട്ടുണ്ട്. താഴെപ്പറയുന്നവയാണ് അതിലെ പ്രധാന ലക്ഷ്യങ്ങൾ.

- എ.ബി.എസ്. പ്രവർത്തനസംവിധാനം സംസ്ഥാനതലത്തിൽ ഉണ്ടാകേണ്ടതിന്റെ കാരണവും ഉദ്ദേശ്യങ്ങളും സമഗ്രമായി വിശദീകരിക്കുക;
- സംസ്ഥാനത്ത് എ.ബി.എസ്. സംവിധാനം നടപ്പിലാക്കുന്നതിൽ വിവിധമേഖലകളുടെയും മധ്യസ്ഥരുടെയും കർത്തവ്യമെന്തെന്ന് വിശദമാക്കുക;
- ജൈവവൈവിധ്യ നിയമം വകുപ്പ് 7, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ എന്നിവ നിർദ്ദേശിക്കുന്നതനുസരിച്ച് എ.ബി.എസ്. പ്രവർത്തനരീതികൾ നിർദ്ദേശിക്കുക;
- ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിരോപയോഗം എന്നിവ മുൻകൂട്ടി കണ്ടുകൊണ്ടുള്ള സംസ്ഥാനതല എ.ബി.എസ്. പ്രവർത്തനരീതികൾക്കുള്ള നിർദ്ദേശങ്ങൾ വിശദമാക്കുക.

എല്ലാറ്റിനുമുപരിയായി താഴെപ്പറയുന്ന മുഖ്യ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന എ.ബി.എസ്. നയവും മാർഗനിർദ്ദേശങ്ങളും വികസിപ്പിച്ചിട്ടുള്ളത്.

- ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിരപരിപാലനം, പ്രയോജനങ്ങളുടെ പങ്കുവയ്ക്കൽ എന്നിവയിൽ കേരളത്തിന്റെ അവസരങ്ങൾ വർദ്ധിപ്പിക്കുക.
- കേരളത്തിന്റെ ജൈവവിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുക.
- ശാസ്ത്ര-സാങ്കേതികരംഗത്തെ ഗവേഷണത്തെയും കണ്ടുപിടുത്തത്തെയും സഹായിക്കുക.
- ഒരു സുസ്ഥിര സാമ്പത്തികോപാധിയായി എ.ബി.എസിനെ പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തുക.

പരിസ്ഥിതിയും വികസനവും, സാമ്പത്തിക സന്തുലനം, കാര്യക്ഷമത എന്നീ തത്വങ്ങളിലധിഷ്ഠിതമാണ് ഹരിത എ.ബി.എസ്. നയത്തിന്റെ കരട്. എ.ബി.എസ്. പ്രവർത്തനത്തിൽ ഭാഗഭാക്കായിട്ടുള്ളവർ അവരുടെ പ്രവർത്തനമേഖലയിൽ മരം വച്ചുപിടിപ്പിക്കുക, അതിനെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോ എന്നുള്ളതാണ് എ.ബി.എസ്. പ്രവർത്തനരീതിയിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. എ.ബി.എസിലൂടെ ലഭ്യമാകുന്ന നേട്ടങ്ങൾ തിരികെ ജൈവവിഭവങ്ങളുടെ സംരക്ഷണത്തിന് പ്രയോജനപ്പെടുത്തുമെന്ന് ഈ നയം വ്യക്തമാക്കുന്നതോടൊപ്പം അത്തരത്തിലുള്ള സേവനം ലഭ്യമാക്കാനാണ് അതിൽ ഭാഗഭാക്കായിട്ടുള്ളവരോട് ഇത് ആവശ്യപ്പെടുന്നത്. ജനിതകവിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരോപ



Photo: Dr. K.P. Laladhas

യോഗത്തിനും പ്രചോദനം നൽകുന്നതോടൊപ്പം വികസനത്തിനും മനുഷ്യനന്മയ്ക്കും ജൈവവൈവിധ്യം പ്രയോജനപ്പെടുത്തുന്നതിനും ഹരിത എ.ബി.എസ്. നയം സഹായകമാണ്. ഈ നയം അംഗീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## വ്യാവസായികാവശ്യത്തിന് ജൈവവിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണം

- ജൈവവൈവിധ്യ നിയമം 2002 വകുപ്പ് 7, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, വകുപ്പ് 16 എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാവസായികാവശ്യത്തിന് ജൈവവിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിൽ ഫോം I പ്രകാരം (ജൈവവിഭവങ്ങൾ സ്വായത്തമാക്കുന്നതിന്) അനുമതി തേടുന്നതിന് 1500-ൽപ്പരം വ്യവസായ സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചുകഴിഞ്ഞു. 88 സ്ഥാപനങ്ങൾ ജൈവവിഭവം ഉപയോഗിക്കുന്നതിന് നിർദ്ദിഷ്ട ഫോമിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
- വനഗവേഷണകേന്ദ്രം, SACON, ഫുഡ് & ഡ്രഗ്സ് ഡിപ്പാർട്ട്മെന്റ്, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, റബർ ബോർഡ് എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുമായി ഒരു കൂടിയാലോചനായോഗം 2014 നവംബർ 4 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകളുടെയും സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. എ.ബി.എസിൽ ഭാഗഭാക്കായിട്ടുള്ളവരെ ബോധവൽക്കരിക്കുക, എ.ബി.എസ്. നടപ്പിലാക്കുന്നതിന് ബി.എം.സി.യെ കാര്യക്ഷമമാക്കുക, അവരുടെ അധികാര പരിധിയിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന ജൈവവിഭവങ്ങളെപ്പറ്റി ബി.എം.സി.കൾക്ക് ധാരണയുണ്ടാക്കുക എന്നീ കാര്യങ്ങൾ പ്രാരംഭമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം യോഗത്തിലുണ്ടായി. തുടർന്ന് വിപണനശൃംഖല, വിതരണശൃംഖല എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ വികസിപ്പിക്കുക, നിയന്ത്രണവിധേയമാക്കിയിട്ടുള്ള ജൈവജാതിയിനങ്ങളെ (Species) ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കൈപ്പുസ്തകം, ജൈവജാതിയിനങ്ങളെ തിരിച്ചറിയുന്നതിന് വൈദഗ്ധ്യമുള്ളവരുടെ ഡയറക്ടറി, ജൈവവൈവിധ്യ ആക്ടിലെയും, നിയമങ്ങളിലെയും പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മാർഗരേഖ എന്നിവ തയാറാക്കി എല്ലാ സ്ഥാപനങ്ങൾക്കും നൽകുക എന്നീ ശുപാർശകൾ യോഗം മുന്നോട്ടുവച്ചിട്ടുണ്ട്.
- എൻ.ബി.എ.യുടെ മാർഗനിർദ്ദേശമനുസരിച്ച് എ.ബി.എസുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ഒരു നയം വികസിപ്പിക്കുന്നതിന് 2015 ജനുവരി 8, 9 തീയതികളിൽ ജൈവവൈവിധ്യ ബോർഡ് ആസ്ഥാനത്ത് വച്ച് ഡോ. ബാലകൃഷ്ണ പിശുപതിയുമായി ചർച്ച നടത്തി.
- എ.ബി.എസ്. വിദഗ്ധസമിതിയുടെ ആദ്യയോഗം 2015 ഫെബ്രുവരി 3 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ഡോ.ഉമ്മൻ വി. ഉമ്മൻ, കമ്മിറ്റിയുടെ പ്രധാന ചുമതലകളെപ്പറ്റി വിശദീകരിച്ചു. ഡോ. ബാലകൃഷ്ണ പിശുപതി എ.ബി.എസ്. നയത്തെക്കുറിച്ച് ഒരു പൊതു അവലോകനം നടത്തി. എ.ബി.എസ്. നയത്തിന്റെ കരട്, ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു.
- ആയുർവേദ ഔഷധനിർമ്മാണ അസോസിയേഷൻ, മത്സ്യവിഭവങ്ങളുടെ കയറ്റുമതിക്കാർ, പ്ലാന്റേഷൻ അസോസിയേഷൻ തുടങ്ങിയ വിവിധ സംഘടനകളുടെ ഉന്നതതല പ്രതിനിധികളുമായി 2015 ഫെബ്രുവരി 3 ന് തിരുവനന്തപുരത്ത് വച്ച് ആദ്യഘട്ട ചർച്ച നടത്തി. യു.എൻ. കൺസൾട്ടന്റായ ഡോ.ബാലകൃഷ്ണ പിശുപതി, ഡോ. ഉമ്മൻ വി. ഉമ്മൻ, ഡോ. കെ.പി.ലാലാദാസ്, AMMOI യുടെ ഉന്നതതല പ്രതിനിധികൾ, ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, ഇന്ത്യൻ കയർ അസോസിയേഷൻ എന്നിവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. കേരളത്തിലെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളിൽ ജൈവവൈവിധ്യ നിയമത്തെക്കുറിച്ച് ഒരു ധാരണയുണ്ടാക്കാൻ ഈ യോഗത്തിലൂടെ സാധിച്ചു. യോഗത്തിൽ പങ്കെടുത്ത ഏജൻസികൾക്ക് നിയമത്തിലെ വ്യവസ്ഥകളിന്മേലുള്ള സംശയം ദൂരീകരിച്ച് എ.ബി.എസ്. നടപ്പാക്കുന്നതിന് അവരുടെ സഹകരണം നേടുന്നതിനും സാധിച്ചു. ഓരോ മേഖലയ്ക്കും എ.ബി.എസ്. ചട്ടക്കൂട് നിർദ്ദേശിക്കുക, എ.ബി.എസ്. വിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിര പരിപാലനം എന്നിവയിലൂടെ മേഖലകൾക്ക് പ്രതീക്ഷിക്കാവുന്ന സാമ്പത്തികേതര നേട്ടങ്ങളുടെ പരിധി തീരുമാനിക്കുക, ജൈവവിഭവങ്ങൾ സ്വായത്തമാക്കുന്നതിനും നേട്ടങ്ങൾ പങ്കുവയ്ക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ, എ.ബി.എസ്. പ്രവർത്തനവുമായി സഹകരിക്കുന്നവർക്ക് ലഭ്യമാകുന്ന പ്രചോദനങ്ങൾ, എ.ബി.എസ്. പ്രവർത്തനത്തിലൂടെയുണ്ടാകുന്ന നേട്ടങ്ങൾ വിവിധ മേഖലകളുടെ സുസ്ഥിരവികസനത്തിന് ഉപയോഗിക്കുന്നതിനുള്ള പ്രാധാന്യം എന്നിവ ചർച്ച ചെയ്തു.
- എ.ബി.എസ്. പ്രവർത്തനരീതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ചെയർമാനും മെമ്പർ സെക്രട്ടറിയും 2015 ഫെബ്രുവരി 10-ന് പി.സി.സി.എഫുമായി ചർച്ച നടത്തി. നോർമലി ട്രേഡഡ് കമ്മോഡിറ്റീസിൽ



(Normally traded commodities) ഉൾപ്പെടുത്താത്ത ജൈവവിഭവങ്ങളെ ലേലത്തിലൂടെ സ്വായത്തമാക്കുന്നവർ 2002-ലെ ജൈവവൈവിധ്യ നിയമം, 2004 -ലെ ജൈവവൈവിധ്യ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## MoEF പ്രഖ്യാപിച്ചിട്ടുള്ള ജൈവജാതിയിനങ്ങളുടെ സംരക്ഷണം

ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 38 പ്രകാരം കേരളത്തിലെ 26 സസ്യയിനങ്ങളും 13 ജന്തുയിനങ്ങളും വംശനാശത്തിന്റെ വക്കിലാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. പാലോട് ബൊട്ടാണിക്കൽ ഗാർഡനുമായി ചേർന്ന് ഈ ജൈവജാതിയിനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ബോർഡ് തുടങ്ങിയിട്ടുണ്ട്.

## വിദഗ്ധസമിതിയുടെ രൂപീകരണം

ജൈവവൈവിധ്യ നിയമ വ്യവസ്ഥകൾ കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. ജന്തു-മത്സ്യ ജൈവവൈവിധ്യം, പരമ്പരാഗതയിനങ്ങളുടെ സംരക്ഷണം, വന്യപുഷ്പവൈവിധ്യം, കടന്നുകയറ്റക്കാരായ സസ്യ-ജന്തുക്കൾ, എ.ബി.എസ്. പ്രവർത്തനവുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ, ജൈവവിഭവുമായി ബന്ധപ്പെട്ട ഐ.പി.ആർ. പ്രശ്നങ്ങൾ, ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകളുടെ പ്രഖ്യാപനവും പരിപാലനവും, നീർത്തട ആവാസവ്യവസ്ഥകളുടെ സംരക്ഷണം, കേരളത്തിലെ പാരിസ്ഥിതിക ജൈവവൈവിധ്യ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധ സമിതികൾ രൂപീകരിച്ചു. സംസ്ഥാനത്തെ സസ്യ-ജന്തുവൈവിധ്യത്തിന്റെ ഡാറ്റാബേസ് വികസിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, MoEF പ്രഖ്യാപിച്ച വംശനാശഭീഷണി നേരിടുന്ന ജൈവജാതിയിനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക, ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 38 പ്രകാരം വംശനാശം നേരിടുന്നവയായി പ്രഖ്യാപിക്കാവുന്ന ജൈവജാതിയിനങ്ങളെ തിരിച്ചറിയുക, റ്റി.എസ്.ജി.യുമായി ചേർന്ന് ജില്ലാതല ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകുക, നാടൻ കന്നുകാലിയിനങ്ങളുടെയും തനതു മത്സ്യങ്ങളുടെയും സംരക്ഷണത്തിനുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുക, പി.ബി.ആർ. നവീകരണം, കടന്നുകയറ്റക്കാരായവയും വിദേശീയ ഇനങ്ങളുമായിട്ടുള്ള സസ്യജന്തുയിനങ്ങളെ തിരിച്ചറിയുക, എ.ബി.എസ്. അപേക്ഷകളിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സഹായിക്കുക, ജൈവവൈവിധ്യ നിയമം, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കാവശ്യമായ മാർഗനിർദ്ദേശം നൽകുക തുടങ്ങിയവയാണ് വിദഗ്ധ സമിതിയുടെ പ്രവർത്തനമേഖല.

## ജൈവസമ്പത്തുകൾ സ്വായത്തമാക്കുന്നതിന് മുൻകൂർ അനുമതി തേടിയവരുടെ വിവരങ്ങൾ

ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് റിപ്പോർട്ട് കാലയളവിൽ 5 അപേക്ഷകൾ ലഭിച്ചു. താഴെപ്പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനത്തിന് ഐ.പി.ആർ. അപേക്ഷ ലഭിച്ചത്.

1. സീനോഗ്രാഫ്റ്റുകളുടെ സംസ്കരണരീതി
2. സംസ്ക്കരിച്ച് ഉണക്കിയ ചെമ്മീൻ
3. സംസ്ക്കരിച്ച് ഉണക്കിയ കക്കയിറച്ചി
4. റാബ്ഡോവൈറസിനെതിരെ ഫലവത്തായ സസ്യമിശ്രിതത്തിന്റെ നിർമ്മാണ രീതി
5. ലാക്ടോ ബാസില്ലസ് അടങ്ങിയ പ്രോബയോട്ടിക്കിന്റെ നിർമ്മാണ രീതി

ജൈവവിഭവങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം, ഇവയുടെ സർവ്വേ എന്നിവയുമായി ബന്ധപ്പെട്ട് ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനത്തിനായി ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നും 2014-15-ൽ 4 അപേക്ഷകൾ ലഭിച്ചു.

| നം. | സ്ഥാപനത്തിന്റെ പേര്, വിലാസം | അപേക്ഷയുടെ വിശദവിവരം |
|---|---|---|
| 1. | റോയൽ ബൊട്ടാണിക് ഗാർഡൻ, എഡിൻബർഗ്, സ്കോട്ട്ലന്റ്, യു.കെ. | ശ്രീലങ്കയിലും ദക്ഷിണേന്ത്യയിലും കാണപ്പെടുന്ന സസ്യത്തിന്റെ ടാക്സോണമി, ഫൈലാജനിറ്റിക്, ബയോ ജിയോഗ്രഫിക് പഠനങ്ങൾക്കായി ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനം |
| 2 | തോമസ് മെലിക്കാർ, ഡയറക്ടർ ഷിപ്പ്ഗഡേ മ്യൂസിയം, ഓർലോവ്, ചെക്ക് റിപ്പബ്ലിക് | പെരിയാർ നാഷണൽ പാർക്ക് & വൈൽഡ് ലൈഫ് സാങ്ച്വറിയിൽ *Sphingidae* എന്ന എന്ന ഫാമിലിയിൽപ്പെടുന്ന നിശാശലഭസ്പീഷീസുമായി ബന്ധപ്പെട്ട് ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനം |
| 3 | CIRAD, 42, റൂ ഷെഫർ, പാരിസ്, ഫ്രാൻസ് | വാനിലാ ജനുസ്സിന്റെ ജനിതക, ഫീനോടൈപ്പിക് വൈവിധ്യം തിട്ടപ്പെടുത്താനായി ജൈവവിഭവത്തിലേക്കുള്ള പ്രവേശനം |
| 4 | ഗംഗാബിഷാൻ ബികുലാൽ ഇൻവെസ്റ്റ്മെന്റ് & ട്രേഡിങ്ങ് ലിമിറ്റഡ്, മുംബൈ, മഹാരാഷ്ട്ര | രോഗനിർണയവുമായി ബന്ധപ്പെട്ട് കൊതുകിന്റെ കൂത്താടി, പ്യൂപ്പ എന്നിവയിലേക്കുള്ള പ്രവേശനം |

# സംരക്ഷണ പ്രവർത്തനങ്ങൾ
## സമുദ്ര നീർത്തട ജൈവവൈവിധ്യം



Photo: Sirsendu Gayen

### സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ

തിരുവനന്തപുരം ജില്ലയിലെ വലിയതുറ മുതൽ പുതുക്കുറിച്ചി വരെ 20 കി. മീറ്റർ തീരപ്രദേശത്തെ സമുദ്ര ജൈവവൈവിധ്യവും ബന്ധപ്പെട്ട നാട്ടറിവും രേഖപ്പെടുത്തി 2013-14കാലഘട്ടത്തിൽ ബോർഡ് സമുദ്രജൈവവൈവിധ്യ രജിസ്റ്റർ (MBR) തയ്യാറാക്കിയിരുന്നു. ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമായ എം.ബി.ആർ.-ൽ സമുദ്ര ജൈവവൈവിധ്യവും ബന്ധപ്പെട്ട നാട്ടറിവുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അറിവും ജൈവവൈവിധ്യ സംരക്ഷണത്തിന് അവർ പിന്തുടരുന്ന പരമ്പരാഗതരീതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15-ൽ പുതുക്കുറിച്ചി മുതൽ കൊല്ലം വരെയും വലിയതുറ മുതൽ പൊഴിയൂർ വരെയും 58 കി. മീറ്റർ തീരപ്രദേശത്ത് എം.ബി.ആർ. തയ്യാറാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി അടിത്തട്ടിലെ വിവരശേഖരണത്തിന് സ്കൂബ ഡൈവിങ്ങുകാരെയും പരമ്പരാഗത മുങ്ങൽ വിദഗ്ധരെയും പ്രയോജനപ്പെടുത്തുന്നുണ്ട്.

### പ്രധാനനേട്ടങ്ങൾ

- പദ്ധതി പ്രദേശത്തെ പാറക്കെട്ടുകളിൽ നിന്നും 400-ൽ പരം സമുദ്രജീവികളെ തിരിച്ചറിഞ്ഞിട്ടുണ്ട്
- സമുദ്ര പവിഴപ്പുറ്റുകളുടെ വിശദമായ ലിസ്റ്റ് തയ്യാറാക്കി
- തീരപ്രദേശത്തെ ജനസംഖ്യാ കണക്ക് ശേഖരിച്ചു
- 42 മത്സ്യഗ്രാമങ്ങളിൽ നിലവിലുള്ള മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മത്സ്യത്തൊഴിലാളികളുടെ കൈവശമുള്ള മത്സ്യബന്ധനോപാകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു
- തീരപ്രദേശത്തെ സസ്യജൈവവൈവിധ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി
- കടലിലെ തിരമാല, കാറ്റ് എന്നിവ സംബന്ധിച്ച പരമ്പരാഗത അറിവുകൾ, ജ്യോതിശാസ്ത്രപരമായ അറിവുകൾ തുടങ്ങിയവ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച് രേഖപ്പെടുത്തി
- 300-ൽ പരം സമുദ്രജീവികളെ ശേഖരിച്ച് ഭാവിയിലെ റഫറൻസിന് വേണ്ടി സൂക്ഷിച്ചിട്ടുണ്ട്

# കന്നുകാലി ജൈവവൈവിധ്യ സംരക്ഷണം



*വെച്ചൂർ പശു*

കേരളത്തിന്റെ തനത് ഇനങ്ങളായ വെച്ചൂർ, ചെറുവള്ളി പശുക്കളുടെ സംരക്ഷണത്തിനായി കഴിഞ്ഞ രണ്ട് വർഷമായി ബോർഡ് ധനസഹായം നൽകിവരുന്നു.

വെച്ചൂർ കൺസർവേഷൻ സൊസൈറ്റിയാണ് NABARD, GEF (UNDP) എന്നീ ഏജൻസികളുടെ ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നത്. ആർദ്രതയും ചൂട് കാലാവസ്ഥയും അതിജീവിക്കാൻ കഴിയുന്ന ഈയിനങ്ങൾ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭീതി നേരിടുന്ന ഇക്കാലത്ത് കർഷകർക്ക് സഹായകരമായിരിക്കും. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

1. ചെറുവള്ളി, വെച്ചൂർ കന്നുകാലിയിനങ്ങളുടെ സംരക്ഷണം
2. തനതിനങ്ങളായ കന്നുകാലികളുടെ ജേം പ്ലാസം സെന്ററുകളെ ശാക്തീകരിക്കുക
3. ചെറുവള്ളി, വെച്ചൂർ കാളകളുടെ ബീജം സംസ്ക്കരിച്ച് സംരക്ഷിക്കുകയും ഇനത്തിന്റെ ജനിതക സ്വഭാവം നിലനിർത്തുകയും ചെയ്യുക
4. തനത് ആവാസവ്യവസ്ഥകളിൽ നാടനിനങ്ങളുടെ സംരക്ഷണം നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതികവിദ്യ, ബോധവൽക്കരണം, വിപണന സഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുക

## പ്രധാന നേട്ടങ്ങൾ

1. ചെറുവള്ളിയിലെ മൃഗങ്ങളുടെ ഒരു സർവേ നടത്തി
2. കഴിഞ്ഞകൊല്ലം വാങ്ങിയ 5 ചെറുവള്ളി കന്നുകാലികളെ (ഒരു കാളയും 4 പശുക്കളും) പദ്ധതിയുടെ കീഴിൽ സംരക്ഷിച്ചിട്ടുണ്ട്.
3. ഒരു പശുവിനെയും ഒരു കിടാവിനെയും ഒരു കർഷകന് നൽകി.
4. ചെറുവള്ളിയിൽ 5 കന്നുകാലികളും വെച്ചൂർ ജെം പ്ലാസം സെന്ററിൽ ഒരെണ്ണവും പുതിയതായി ഉണ്ടായി.
5. വെച്ചൂർ കാളയുൾപ്പെടെ 8 കാളകളെ ഈ കാലയളവിൽ പരിപാലിച്ചിട്ടുണ്ട്. കൂടാതെ 5 കാളകളുടെ ബീജം ശീതീകരിച്ച് ബീജദാനത്തിനായി പല സ്ഥലങ്ങളിൽ ഉപയോഗിച്ചു. ഈ കാളകളിൽ നിന്നും ബീജശേഖരണം നടത്തി കർഷകർക്ക് നൽകിവരുന്നു.

6. ഈ പദ്ധതിയിലേക്ക് കർഷകരുടെ പേര് രജിസ്റ്റർ ചെയ്യുന്നത് പുരോഗമിക്കുകയാണ്.
7. വെച്ചൂർ, കാസർഗോഡ് കുള്ളൻ, വയനാടൻ പശു എന്നിവയുടെ ഓരോ സങ്കരയിനങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.
8. എടുത്തുപറയേണ്ട പ്രധാന നേട്ടം, മൃഗങ്ങളെ കൃത്യമായും തിരിച്ചറിയുന്നതിന് മൈക്രോചിപ്പിങ്ങ് ഉപയോഗിച്ചുതുടങ്ങി എന്നുള്ളതാണ്. പ്രജനനത്തിനാവശ്യമായ മൃഗങ്ങളെ കൃത്യതയോടെ തെരഞ്ഞെടുക്കുന്നതിനും സങ്കരണം നടത്തി സംരക്ഷിക്കുന്നതിനും മൈക്രോചിപ്പ് ഇംപ്ലാന്റേഷൻ സഹായകരമാണ്. ഇതിലൂടെ ബന്ധുയിനങ്ങൾ തമ്മിലുള്ള ഇണചേരൽ ഒഴിവാക്കുന്നതിനും, വിപണണത്തിലെ തട്ടിപ്പ് തടയുന്നതിനും, നഷ്ടപ്പെട്ട മൃഗങ്ങളെ കണ്ടെത്തുന്നതിനും സാധിക്കുന്നതാണ്.
9. മൃഗങ്ങളുടെ വംശപാരമ്പര്യം സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ട്രസ്റ്റ്, മൃഗങ്ങൾക്ക് അവയുടെ വംശഗുണം അനുസരിച്ചുള്ള ഗ്രേഡ് നൽകിവരുന്നു.
10. സങ്കരണം നടത്തിയ മൃഗങ്ങൾക്കിടയിൽ അസുഖങ്ങൾ ഉണ്ടാകുമ്പോൾ കുളമ്പുരോഗ സാധ്യത നിരീക്ഷിച്ചിരുന്നു. വെച്ചൂർ പശുക്കൾക്ക് കുളമ്പുരോഗം ഇതുവരെയും ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല.
11. നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷണം കൂടുതൽ ലാഭകരവും സുസ്ഥിരവുമാക്കുന്നതിനുവേണ്ടി അവയിൽ നിന്ന് മൂല്യവർദ്ധിതവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ പരിശീലനങ്ങൾ ട്രസ്റ്റ് നൽകിയിട്ടുണ്ട്. വെച്ചൂർ നെയ്യ്, ഭൂസഞ്ജീവനി (ചാണകം, ഗോമൂത്രം എന്നിവയിൽ നിന്നുള്ള ജൈവവളക്കൂട്ട്), ഗോമയ ഭസ്മം എന്നിവയാണ് ഇത്തരത്തിൽ വികസിപ്പിച്ചിട്ടുള്ള ചില ഉൽപ്പന്നങ്ങൾ.




*കാസർഗോഡ് ഡ്വാർഫ്*

# തനത് ആവാസവ്യവസ്ഥകളിലുള്ള ജന്തുവൈവിധ്യ സംരക്ഷണം


Photo: Dr. K.P. Laladhas

## വയനാട്ടിലെ പക്ഷികളുടെ വിവരം രേഖപ്പെടുത്തലും സംരക്ഷണവും

കാലാവസ്ഥാവ്യതിയാനത്തോട് പെട്ടെന്ന് പ്രതികരിക്കുന്നവയാണ് പക്ഷികൾ. കടുത്ത വരൾച്ച പല പക്ഷിയിനങ്ങളുടെയും ആവാസവ്യവസ്ഥകളെ ബാധിക്കുന്നു. ദേശാടനം നടത്തുന്ന പക്ഷികൾ ഇത്തരം സാഹചര്യത്തിൽ പുതിയ ആവാസവ്യവസ്ഥയിലേക്ക് ചേക്കേറുന്നു. എന്നാൽ ഒരു പ്രത്യേക ആവാസവ്യവസ്ഥയിൽ മാത്രം അധിവസിക്കുന്നവ നാശോന്മുഖമാകുന്നതാണ്. വയനാട്ടിലെ മനുഷ്യവാസപ്രദേശങ്ങളിലും കൃഷിയിടങ്ങളിലും മറ്റ് ആവാസകേന്ദ്രങ്ങളിലും, തനതിനങ്ങളും വംശനാശ ഭീഷണി നേരിടുന്നവയുമായ പക്ഷികളുടെ സർവേ നടത്തുകയുണ്ടായി. കല്ലൂരിലെയും മേമത്തെയും നെൽപ്പാടങ്ങൾ, പനമരം കൊറ്റില്ലം എന്നിവിടങ്ങളിൽ നിന്നുമാണ് കൂടുതൽ പക്ഷിയിനങ്ങളെ രേഖപ്പെടുത്തിയിട്ടുള്ളത്. കാതിലക്കഴുകൻ, ചുട്ടിക്കഴുകൻ, ചുട്ടിപ്പരുന്ത്, കരിമ്പരുന്ത്, ബൂട്ടസ് പരുന്ത്, ബോണില്ലിസ് പരുന്ത്, തനതിനമായ നീലഗിരി പാറ്റപിടിയൻ തുടങ്ങിയ പക്ഷികളെ സർവേയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തനതിനങ്ങളെയും ദേശാടനയിനങ്ങളെയും ഉൾപ്പെടുത്തി ഒരു പ്രദേശത്തെ പക്ഷികളുടെ ഡാറ്റാബേസ് ഉണ്ടാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് പക്ഷികളുടെ ദേശാടനരീതിയിലും കൂടുകൂട്ടുന്നതിലുണ്ടായ മാറ്റങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളെടുത്ത് അവയുടെ സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

## ജനപങ്കാളിത്തത്തോടെ കടലാമകളുടെ സംരക്ഷണം

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കാസറഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി, പ്രദേശത്തെ ജൈവവൈവിധ്യ പരിപാലന സമിതികൾ, തദ്ദേശ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ എന്നിവരുമായി ചേർന്ന് വംശനാശഭീഷണി നേരിടുന്ന കടലാമയുടെ (Olive ridley turtle) സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കടലാമകൾ മുട്ടയിടുന്ന സ്ഥലങ്ങൾ കണ്ടെത്തി അവയുടെ മാപ്പിങ്ങ്, കടലാമകളെ സംരക്ഷിക്കുന്നതിന് പൊതുജനബോധവൽക്കരണം, മുട്ടവിരിയിക്കുന്നതിനുള്ള ഹാച്ചറി സജ്ജമാക്കൽ, കടലാമകളുടെ സംരക്ഷണകേന്ദ്രം, ദീർഘനാളത്തെ നിരീക്ഷണത്തിനുവേണ്ടി കടലാമകൾക്ക് ടാഗിടുക എന്നിവയാണ് പദ്ധതിയിലുൾപ്പെടുന്നത്. ജൈവവൈവിധ്യ ബോർഡിന്റെയും ജൈവ





*നെയ്തലിലെ ആമ സംരക്ഷണ കേന്ദ്രം*

വൈവിധ്യ ക്ലബ്ബുകളുടെയും വോളന്റിയർമാരും, സെൻട്രൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളുമാണ് ജന്തുശാസ്ത്രത്തിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ പൊതുജനബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ, ശിൽപ്പശാലകൾ എന്നിവയ്ക്ക് നേതൃത്വം നൽകുന്നത്.

## തനത് ഉൾനാടൻ മത്സ്യയിനങ്ങളുടെ സംരക്ഷണം

പമ്പയിലെ തനതു മത്സ്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടി പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി യഥാക്രമം കോയിപ്രം, മാന്നാർ, പാണ്ടനാട് എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ 5 കുളങ്ങൾ തിരഞ്ഞെടുത്തു. 88 കി. ഗ്രാം മുഷിയെയും (*Clarias dussunuri*) 20 കി.ഗ്രാം മഞ്ഞക്കൂരിയെയും (*Horabagrus brachysoma*) കുളങ്ങളിൽ വിട്ടു.

## പുഞ്ചക്കരി - വെള്ളായണി നീർത്തട പ്രദേശത്തെ പക്ഷികളുടെ വിവരം രേഖപ്പെടുത്തലും സംരക്ഷണവും

വെള്ളായണിക്കായൽ സംരക്ഷണവും സമീപത്തെ പുഞ്ചക്കരി നീർത്തട ജൈവവൈവിധ്യ സംരക്ഷണവും കെ.എസ്.ബി.ബി.യുടെ പദ്ധതികളിലൊന്നാണ്. ഇതിന്റെ ഭാഗമായി പ്രദേശത്തെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. നല്ലൊരു നീർത്തട ആവാസവ്യവസ്ഥയുടെ



*പമ്പാനദിയിൽ മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു*

ലക്ഷണമാണ് നീർപക്ഷികളുടെ സാന്നിദ്ധ്യം. പദ്ധതിയുടെ ഭാഗമായി പ്രജനന സമയവും അല്ലാതെയുള്ള വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സർവ്വേ നടന്നുവരുന്നു. പ്രജനന കാലത്ത് പക്ഷികൾ പലവിധത്തിലാണ് നീർത്തടങ്ങളെ ആശ്രയിക്കുന്നത്, ചില പക്ഷികൾ അവയുടെ പ്രജനനകാലയളവിൽ പ്രജനനത്തിനും ആഹാരത്തിനും, വാസസ്ഥലത്തിനും പൂർണമായും നീർത്തടങ്ങളെയാണ് ആശ്രയിക്കുന്നത്. ഓരോ വർഷവും നീർത്തടത്തിൽ കാണപ്പെടുന്ന നീർപ്പക്ഷികളുടെ വിവരം, അവയുടെ എണ്ണം, വ്യാപനം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

## വെള്ളായണിക്കായലിലെ നാടൻ മത്സ്യയിനങ്ങളുടെ സംരക്ഷണം

സംസ്ഥാനത്തെ തണ്ണീർത്തടങ്ങളിലെ പരമ്പരാഗത മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് നാടൻ ശുദ്ധജല മത്സ്യ സംരക്ഷണ പദ്ധതിക്ക് കെ.എസ്.ബി.ബി. തുടക്കം കുറിച്ചിട്ടുണ്ട്. തലസ്ഥാന നഗരിയിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ വെള്ളായണിക്കായലിൽ അനിയന്ത്രിത മത്സ്യബന്ധനം കാരണം നാടൻ മത്സ്യങ്ങൾ കുറഞ്ഞുവരുന്നതായി അടുത്ത കാലത്തെ സർവേകൾ വെളിപ്പെടുത്തുന്നു. ഇത് കണക്കിലെടുത്ത് വെള്ളായണിക്കായലിലെ മത്സ്യ വൈവിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആറ്റു കൊഞ്ച് (*Macrobrachium rosenbergii*) കരിമീൻ (*Etroplus suratensis*) എന്നീ പരമ്പരാഗത മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ യഥാക്രമം 3500, 20,000 എണ്ണം വീതം കായലിൽ നിക്ഷേപിച്ചു.



*വെള്ളായണി കായലിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു*



*Photo: K. Gopakumar*

# കാർഷിക ജൈവവൈവിധ്യ സംരക്ഷണം

## ഓണാട്ടുകരയിലെ കിഴങ്ങുവർഗ സംരക്ഷണപദ്ധതി

ഭക്ഷ്യയോഗ്യവും പോഷകമൂല്യമുള്ളതും, അറിവില്ലായ്മമൂലം ഇന്ന് ഉപയോഗിക്കാത്തവയുമായ അപൂർവ ഇനത്തിൽപ്പെട്ട നമ്മുടെ പരമ്പരാഗത കിഴങ്ങുവർഗങ്ങളുടെ സംരക്ഷണവും വ്യാപനവുമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഇത്തരത്തിൽപ്പെട്ട 10 കിഴങ്ങിനങ്ങളുടെ നടീൽ വസ്തുക്കൾ വയനാട്ടിലെ പരമ്പരാഗത കർഷകരിൽ നിന്നും ശേഖരിച്ച്, ആലപ്പുഴ ജില്ലയിലെ ചെന്നിത്തല, തഴക്കര, മാന്നാർ, ചെട്ടികുളങ്ങര, തെക്കേക്കര ഗ്രാമപഞ്ചായത്തുകളിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും 127 കർഷകർക്ക് വിതരണം ചെയ്തു. കിഴങ്ങുകളുടെ ജൈവകൃഷിക്കുവേണ്ട ജൈവവളവും സൗജന്യമായി അവർക്ക് നൽകി. ഓണാട്ടുകര പ്രദേശത്തെ കിഴങ്ങുവർഗങ്ങളുടെ വൈവിധ്യം വർദ്ധിപ്പിക്കുകയും അവയുടെ വ്യാപനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

## ജനപങ്കാളിത്തത്തോടെ വാഴയിനങ്ങളുടെ ജനിതക സംരക്ഷണം

വാഴകളുടെ വിവിധയിനങ്ങൾ കൃഷിചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സാധാരണ ഉപയോഗിക്കുന്ന വാഴയിനങ്ങൾക്ക് പുറമേ നാടൻ ഇനങ്ങളെ ജനകീയമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അപൂർവയിനം വാഴകൾ കൃഷിചെയ്തും വീട്ടുവളപ്പിൽ വളർത്തിയും സംരക്ഷിച്ച് അവയുടെ വംശനാശം ഒഴിവാക്കാനും കാലാവസ്ഥാവ്യതിയാനം കുറയ്ക്കാൻ സഹായകമായ ഇത്തരം വിളകളുടെ പ്രചാരണം കൂട്ടാനും ഇതിലൂടെ സാധിക്കും. പെരിങ്ങമ്മല ബനാന നഴ്സറിയിൽ നിന്നും ഇത്തരത്തിലുള്ള 18 ഇനം വാഴകളുടെ നടീൽവസ്തുക്കൾ ശേഖരിച്ച് കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ 444 കർഷകർക്ക് വിതരണം ചെയ്തു. അടുക്കൻ, കൃഷ്ണവാഴ, മട്ടി, പെരുംപടലി, കർപ്പൂരവള്ളി തുടങ്ങിയ അപൂർവയിനങ്ങളും ഇതിൽപ്പെടും.









*തനതു കിഴങ്ങു വർഗ വിളകൾ*



## വിത്ത് ബാങ്ക്, സസ്യ-വന്യവിള ജൈവവൈവിധ്യ സംരക്ഷണം

പ്രാദേശികമായ തനത് കാർഷികവിളകളെയും വന്യ ജൈവവൈവിധ്യത്തെയും ഉൾപ്പെടുത്തി 700-ൽപ്പരം ഗ്രാമപഞ്ചായത്തുകളിൽ കെ.എസ്.ബി.ബി. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കി. ജനിതകവൈവിധ്യ ഗവേഷണത്തിനുവേണ്ടി ജെംപ്ലാസം സൂക്ഷിക്കുന്നതിനു പല വിളകളുടെയും വന്യബന്ധുക്കളുടെ വിത്ത് ബാങ്കുണ്ടാക്കുന്ന പരിപാടി കെ.എസ്.ബി.ബി.യും കേരള യൂണിവേഴ്സിറ്റി ബോട്ടണി വിഭാഗവും സംയുക്തമായി നടപ്പിലാക്കിവരുന്നു. അപൂർവവും വംശനാശഭീഷണി നേരിടുന്നവയും വംശനാശം സംഭവിച്ചവയുമായ സസ്യയിനങ്ങൾ, പ്രാചീനമായി കൃഷിചെയ്തുവരുന്ന ഇനങ്ങൾ, വന്യവിളകൾ, കാർഷികവിളയിനങ്ങൾ എന്നിവയുടെ വിത്തുകളുടെ ഒരു ശേഖരമായിരിക്കും ഈ വിത്ത് ബാങ്ക്. കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണിത്. തദ്ദേശീയയിനങ്ങളുടെയും പ്രാചീന വിളകളുടെയും സംരക്ഷണത്തിനും ഗവേഷണത്തിനുമുള്ള പ്രധാന സ്ഥാപനമായി ഇത് മാറും.



# ആവാസവ്യവസ്ഥകളുടെ സംരക്ഷണം

## അടുപ്പുകൂട്ടാൻ പാറമടയുടെ പാരിസ്ഥിതിക പുനരുദ്ധാരണം

തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട താലൂക്കിലുള്ള അടുപ്പുകൂട്ടാൻ പാറമട വളരെക്കാലമായി ഉപേക്ഷിക്കപ്പെട്ട സ്ഥിതിയിലാണ്. നാലേക്കറോളം വരുന്ന പാറമടക്കുളം കഴിഞ്ഞ കുറേ വർഷങ്ങളായി പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളുംകൊണ്ട് നിറഞ്ഞ് മലിനമായി കിടക്കുന്നു. ഈ മലിനജലം പ്രദേശവാസികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുകയും പരസ്ഥിതിക്ക് ഭീഷണിയായി നിലകൊള്ളുകയും ചെയ്യുന്നു. തദ്ദേശവാസികളുടെ സഹകരണത്തോടെ ഈ പാറമടയുടെ പാരിസ്ഥിതിക പുനരുദ്ധാരണം കെ.എസ്.ബി.ബി. ഏറ്റെടുത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്തു.

- പാറമടക്കുളം വൃത്തിയാക്കി
- ശേഖരിച്ച മാലിന്യങ്ങൾ അവയുടെ പുനരുൽപ്പാദന കേന്ദ്രങ്ങളിൽ എത്തിച്ചു
- പാറമടയെ പേരൂർക്കട ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന റോഡ് വെട്ടിത്തെളിച്ചു
- പാറമടയുടെ പ്രവേശനമാർഗത്തിലെ സ്ഥലം വൃത്തിയാക്കി നിരപ്പാക്കി

സംരക്ഷണപ്രവർത്തനങ്ങളോടൊപ്പം വിനോദ ടൂറിസത്തിന് സാധ്യതയുള്ള സ്ഥലമാണ് ഈ പാറമട. അടുത്തഘട്ടമായി, ബട്ടർഫ്ളൈ ഗാർഡൻ, തനതു നാടൻ മത്സ്യങ്ങളുടെ പരിപാലനം, അലങ്കാരസസ്യങ്ങൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി ഉദ്ഘാടനം ചെയതത് കെ.മുരളീധരൻ എം.എൽ.എ.യാണ്.

## ശാസ്താംകോട്ട കായൽ സംരക്ഷണ പദ്ധതി

ശാസ്താംകോട്ട, മൈനാഗപ്പള്ളി, പടിഞ്ഞാറെക്കല്ലട എന്നീ 3 ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനാക്കിയും മറ്റ് രണ്ട് ബി.എം.സി.കളിലെ അധ്യക്ഷന്മാരെ ജോയിന്റ് കൺവീനർമാരാക്കിയും രൂപീകരിച്ചു. 2014 ജൂലൈ 11-ന് കെ.എസ്.ബി.ബി. ചെയർമാൻ ശാസ്താംകോട്ട തടാകം സന്ദർശിച്ച് പടിഞ്ഞാറെക്കല്ലട പ്രദേശത്ത് മരം വച്ച് പിടിപ്പിക്കുന്നതിന് തുടക്കമിട്ടു. തനതു സസ്യയിനങ്ങളാണ് ഈ പദ്ധതിയിലൂടെ വച്ച് പിടിപ്പിക്കുന്നത്. മുള, ചൂരൽ, വേപ്പ് തുടങ്ങിയവയുടെ 2000 തൈകൾ വച്ച് പിടിപ്പിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പരിപാലിച്ചുവരുന്നു.



*അടുപ്പുകൂട്ടാൻ പാറ*



*ശാസ്താംകോട്ട സംരക്ഷണ പദ്ധതി ഉദ്ഘാടനം*

## പാലക്കാട് ചുരത്തിന്റെ ഹരിതവൽക്കരണം

സുസ്ഥിര വികസനത്തിന്റെ ഭാഗമായി, പാലക്കാട് ജില്ലയുടെ മഴനിഴൽപ്രദേശത്ത് മരം വച്ചുപിടിപ്പിക്കുന്ന പദ്ധതി കെ.എസ്.ബി.ബി. നടപ്പിലാക്കിവരുന്നു. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ ഭാഗത്തുള്ള പശ്ചിമഘട്ട മലനിരകളിലെ ഏറ്റവും പ്രധാനപ്പെട്ട ചുരമാണ് പാലക്കാട് ചുരം. പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശത്തെ ഹരിതാഭ കുറയുന്നത് തടയുന്നതിനുവേണ്ടി ഈ പ്രദേശത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഹരിതവൽക്കരണം നടത്തുകയാണ് പദ്ധതിയുടെ ഉദ്ദേശം. പാലക്കാട് ജില്ലയിലെ ജൈവവൈവിധ്യ ക്ലബ്ബുകൾ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കർഷകർ, 17 പഞ്ചായത്തുകളിലെ ബി.എം.സി.കൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.






*പാലക്കാട് ചുരം ഹരിതവൽക്കരണം – ഉദ്ഘാടനം*

പദ്ധതിയുടെ പ്രവർത്തനരീതിയുമായി ബന്ധപ്പെട്ട് 2014 ഡിസംബർ 22-ന് പാലക്കാട് ജില്ലയിലെ ഗവൺമെന്റ് മോയൻ മോഡൽ സ്കൂളിൽ പ്രാരംഭ ചർച്ചകൾ നടന്നു. 2015 ഫെബ്രുവരി 5-ന് പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 5 പഞ്ചായത്തുകളിൽ ഈ പദ്ധതിക്ക് തുടക്കം കുറിച്ചു. പാലക്കാട് ചുരത്തിന്റെ ഹരിതവൽക്കരണത്തെക്കുറിച്ച് ഒരു കൈപ്പുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. പച്ചപ്പ് കൂട്ടുക, ഭൂഗർഭ ജലസ്രോതസ്സ് മെച്ചപ്പെടുത്തുക, മണ്ണൊലിപ്പ് തടയുക, തനത് സസ്യയിനങ്ങൾ വച്ച് പിടിപ്പിക്കുക, ആവാസവ്യവസ്ഥകൾ പുനരുദ്ധരിക്കുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.



## ജൈവവൈവിധ്യ വിവരസംവിധാനം

പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുംവിധത്തിൽ കേരളത്തിലെ സസ്യങ്ങളുടെയും ജന്തുക്കളുടെയും ജൈവവൈവിധ്യ വിവരസംവിധാനം, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ധനസഹായത്തോടെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ സസ്യ-ജന്തു വൈവിധ്യത്തിന്റെ പ്രാഥമിക-ദ്വിതീയതല വിവരശേഖരണം ഇതിനോടകം കെ.എസ്.ബി.ബി. നടത്തിക്കഴിഞ്ഞു. ജൈവജാതിയിനങ്ങളുടെ (Species) ചെക്ക്‌ലിസ്റ്റ്, ഇമേജുകൾ, ആവാസവ്യവസ്ഥകൾ, സംരക്ഷണ അവസ്ഥ, രൂപശാസ്ത്രപരമായ (Morphological) വിവരങ്ങൾ, കാണപ്പെടുന്ന സ്ഥലങ്ങൾ, തനത് ജൈവജാതിയിനങ്ങളുടെ വിവരണം എന്നിവ ഈ ഡാറ്റാബേസിൽ ഉൾപ്പെടും. നല്ല റസല്യൂഷനുള്ള ഡിജിറ്റൽ ഇമേജുകളുടെ (JPEG/ TIFF ഫോർമാറ്റിൽ) ശേഖരവും വികസിപ്പിച്ചുവരുന്നു. സസ്യങ്ങളെ/ ജന്തുക്കളെ അവയുടെ കുടുംബം, ജീനസ്, ഭൂമിശാസ്ത്രപരമായ വ്യാപനം, ശാസ്ത്രീയനാമം, അവയുടെ സമാനപദങ്ങൾ എന്നിവ ഉപയോഗിച്ച് അന്വേഷിക്കുന്നതിനുള്ള സംവിധാനം ഡേറ്റാബേസിലുണ്ടാകും. ഈ വിവരസംവിധാനം പി.ബി.ആർ. തയ്യാറാക്കുന്ന വേളയിലും പഠനത്തിലും സ്പീഷീസുകളെ തിരിച്ചറിയുന്നതിന് പ്രയോജനപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വയനാട്ടിലെ ഔഷധ സസ്യങ്ങളുടെ സുസ്ഥിര രീതിയിലുള്ള വിളവെടുപ്പ്

പശ്ചിമഘട്ടത്തിലെ ഗുരുതരമായി നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് വയനാട്ടിലെ തവിഞ്ഞാൽ, അമ്പലവയൽ, മുപ്പൈനാട്, പൂതാടി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആദിവാസികൾക്ക് സ്ഥിരമായ വരുമാനമാർഗം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെയാണ് മൂന്ന് വർഷക്കാലയളവുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത്. അതാത് പഞ്ചായത്തുകളിലെ ജൈവവൈവിധ്യ പരിപാലന സമിതികളാണ് ഇത് നിർവഹിക്കുന്നത്. ഔഷധസസ്യങ്ങളുടെ ഉപയോഗയോഗ്യമായ ഭാഗങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കാനുള്ള സംവിധാനത്തിന്റെ അഭാവം, പൂപ്പൽ പിടിക്കുന്നതിലൂടെയും ഈർപ്പം കൂടുന്നതിലൂടെയും ശേഖരിക്കുന്നവർക്ക് വിലകുറച്ച് കിട്ടുന്നതിനു കാരണമാകുന്നു. അതിനാൽ താലൂക്ക് തലത്തിൽ പൊതുവായ സംസ്ക്കരണസംവിധാനം (സൂക്ഷിപ്പ് സ്ഥലം, ഉണക്കുതറ എന്നിവ ഉൾപ്പെടെ) നിർമ്മിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതിലൂടെ അസംസ്കൃത വസ്തുക്കൾ പാഴാകാതെ ഗുണമേന്മ കൂട്ടുന്നതിന് സാധിക്കും. ഔഷധസസ്യങ്ങൾ വാണിജ്യാവശ്യത്തിന് ശേഖരിക്കുമ്പോൾ സുസ്ഥിര പരിപാലനരീതികൾ പിന്തുടരുന്നതിനും വിലയിരുത്തുന്നതിനും സുസ്ഥിരവിളവെടുപ്പ് രീതി (കലണ്ടർ) ഉണ്ടാക്കുക, അതാത് ബി.എം.സി.യെയും തദ്ദേശസ്ഥാപനങ്ങളെയും ശാക്തീകരിക്കുക എന്നീ ലക്ഷ്യങ്ങൾ പദ്ധതിയ്ക്കുണ്ട്. പദ്ധതിയിലൂടെ ശേഖരിക്കുന്ന ഔഷധസസ്യങ്ങളെ തിരിച്ചറിയുന്നതിനും വിളവെടുത്ത് സംസ്ക്കരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. കുറുന്തോട്ടി (*Sida anifolia*), നെല്ലിക്ക (*Phyllanthus emblica*), താന്നിക്ക (*Terminalia bellirica*), മൂവില (*Pseudarthria viscida*) തുടങ്ങിയ വനവിഭവങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനും അവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള സഹായവും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.


Photo: G.S. Unnikrishnan Nair

# ജില്ലകളിലെ പ്രവർത്തനങ്ങൾ

## തിരുവനന്തപുരം

**ജൈവവൈവിധ്യ രജിസ്റ്ററിന്റെ രൂപീകരണം**

18 പഞ്ചായത്തുകളുടെ പി.ബി.ആർ. സമർപ്പിച്ചു. കടയ്ക്കാവൂർ പഞ്ചായത്ത്, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവിടങ്ങളിൽ അതാത് ബി.എം.സി.കളുടെ നേതൃത്തിൽ പി.ബി.ആർ.തയ്യാറാക്കൽ ആരംഭിച്ചു. ജില്ലയിൽ ആകെ 71 പി.ബി.ആറുകൾ പൂർത്തീകരിച്ചു.

### സംരക്ഷണ-ബോധവൽക്കരണ പരിപാടികൾ

1. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ലോക പരിസ്ഥിതി ദിനത്തിന് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയിൽ ഭാഗഭാക്കായി.
2. ജില്ലയിലെ തെരഞ്ഞെടുത്ത 5 സ്കൂളുകളിൽ എൻ.ബി.എ.യുടെ ധനസഹായത്തോടെ കുട്ടികളിൽ ജൈവവൈവിധ്യ രജിസ്റ്ററിനെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന പദ്ധതി (Awareness and familiarisation programme) വിജയകരമായി പൂർത്തിയാക്കി.
3. കർഷകദിനത്തിൽ (ചിങ്ങം 1) കല്ലിയൂർ ബി.എം.സി. പഞ്ചായത്തുമായി ചേർന്ന് കർഷകസംഗമം നടത്തി. പരമ്പരാഗത വാഴയിനങ്ങൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു.
4. കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് (CBC) ജില്ലാ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ 2014 നവംബർ 24 ന് തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തി. വിവിധ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർ 2015 ഫെബ്രുവരി 26, 27 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ വച്ച് നടന്ന 7-ാമത് കുട്ടികളുടെ സംസ്ഥാനതല ജൈവവൈവിധ്യ കോൺഗ്രസ്സിൽ പങ്കെടുത്തു.
5. അരുവിക്കര, മാണിക്കൽ, വിതുര, കുറ്റിച്ചൽ, കല്ലിയൂർ, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തുകൾ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ബി.എം.സി. യോഗങ്ങളിൽ പങ്കെടുത്തു.
6. പാങ്ങോട് മിലിട്ടറി ക്യാമ്പിലെ ജൈവവൈവിധ്യ വിവരശേഖരണം ആരംഭിച്ചു. പ്രാഥമികതല വിവരശേഖരണം പൂർത്തിയായി. ജില്ലാ കോ-ഓർഡിനേറ്ററും പ്രോജക്ട് ഫെല്ലോകളും നേരിട്ടാണ് മിലിട്ടറി ക്യാമ്പിലെ ജൈവവൈവിധ്യം രേഖപ്പെടുത്തുന്നത്.
7. കല്ലിയൂർ ബി.എം.സി.യുമായി ചേർന്ന് വെള്ളായണിക്കായലിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ബോർഡിന്റെ പരിപാടിയിൽ പങ്കെടുത്തു.
8. ബി.എം.സി.യുടെ സഹായത്തോടെ കല്ലിയൂർ പഞ്ചായത്തിലെ കുളങ്ങളുടെ വിവരം ശേഖരിച്ചു.
9. ജില്ലിയിലെ വിവിധ സ്കൂളുകളിലായി 65 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.

### തിരുവനന്തപുരം നഗരത്തിലെ സസ്യവൈവിധ്യം രേഖപ്പെടുത്തൽ

മനുഷ്യനിർമ്മിതമായ ചെറു പച്ചപ്പുകളുടെ സാന്നിദ്ധ്യം നഗര ആവാസവ്യവസ്ഥയ്ക്ക് ആശ്വാസമേകുന്നു. ഇത്തരത്തിലുള്ള മനുഷ്യനിർമ്മിത ആവാസവ്യവസ്ഥകൾ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലും പ്രമുഖ പങ്ക് വഹിക്കുന്നുണ്ട്. സംരക്ഷിത മേഖലയിലെ ജൈവവൈവിധ്യത്തെ കൃത്യമായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മനുഷ്യനിർമ്മിതമായിട്ടുള്ള ആവാസവ്യവസ്ഥകളിലെയും മനുഷ്യവാസസ്ഥലങ്ങളിലെയും വന്യസസ്യങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങളൊന്നും ലഭ്യമല്ല. വികസന പ്രവർത്തനങ്ങൾ മൂലം ഇത്തരം ഭൂരൂപങ്ങൾ ദിനംപ്രതി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള നഗര ജൈവവൈവിധ്യം രേഖപ്പെടുത്തുന്നതിന് കെ.എസ്.ബി.ബി. തുടക്കം കുറിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിലുള്ള വന്യസസ്യങ്ങളുടെ ഫോട്ടോ എടുത്ത് ടാക്സോണമിസ്റ്റിന്റെ വിദഗ്ധ സഹായത്തോടെ രേഖപ്പെടുത്തിവരുന്നു. ഇത്തരം വിവരങ്ങളെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ശ്രമങ്ങളും തുടങ്ങിയിട്ടുണ്ട്.

### ഗ്രീൻ ലംഗ്സ്

ജൈവവൈവിധ്യ ബോർഡ്, പട്ടാള ഉദ്യോഗസ്ഥരുടെ സഹായത്തോടെ പാങ്ങോട് പട്ടാള ആസ്ഥാനത്ത്



ഗ്രീൻ ലംഗ്സ് - എന്നപേരിൽ ജൈവവൈവിധ്യ പഠനം സംഘടിപ്പിച്ചു. പ്രാഥമിക നിരീക്ഷണത്തിൽ 21 തരം ചിത്രശലഭങ്ങളെയും 225 തരം സസ്യങ്ങളെയും രേഖപ്പെടുത്തി.

## കൊല്ലം

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ജില്ലയിലെ നാല് ഗ്രാമ പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ഒരു നഗരസഭയിലും ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണ പരിശീലനം സംഘടിപ്പിച്ചു. ഇതുവരെ ജൈവവൈവിധ്യ രജിസ്റ്റർ പ്രവർത്തനങ്ങൾ 58 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കി.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. പരിസ്ഥിതി, ജൈവവൈവിധ്യ ദിനാഘോഷങ്ങളിൽ സജീവമായി പങ്കെടുത്തു
2. ശാസ്താംകോട്ട, വെസ്റ്റ് കല്ലട, മൈനാഗപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ബി.എം.സി.കളുമായി ചേർന്ന് പ്രവർത്തിച്ച് ശാസ്താംകോട്ട കായൽ സംരക്ഷണ പദ്ധതിയിൽ പങ്കുചേർന്നു.
3. വിവിധ സ്കൂളുകളിലായി ഏകദേശം 18 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.
4. കൊല്ലം റെയിൽവേ സ്റ്റേഷനിൽ 2014 നവംബർ 27 മുതൽ 30 വരെ നീണ്ടുനിന്ന പ്രദർശനത്തിനെത്തിയ ജൈവവൈവിധ്യ എക്സ്പ്രസ്സിനെ സ്വാഗതം ചെയ്യുകയും സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു.
5. ജില്ലാതലത്തിൽ കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
6. മറൈൻ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (Marine Biodiversity Register) തയ്യാറാക്കുന്ന പ്രവർത്തനത്തിൽ പങ്കുചേർന്നു.
7. ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ കണ്ടൽ നഴ്സറി പദ്ധതി ആരംഭിച്ചു.
8. എല്ലാ ബി.എം.സി.കളിലും കണ്ടൽ വനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
9. ടി.എസ്. കനാലിന്റെ തീരത്ത് കണ്ടൽവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയിൽ പൊതുജന പങ്കാളിത്തത്തോടെ സജീവമായി പങ്കെടുത്തു.
10. അശ്രാമം കണ്ടൽ പ്രദേശത്തെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ ആരംഭിച്ചു.

## പത്തനംതിട്ട

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ഇതുവരെ ആകെ 50 ജൈവവൈവിധ്യ രജിസ്റ്ററുകൾ പൂർത്തിയാക്കി. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, റാന്നി-പഴയങ്ങാടി ഗ്രാമ പഞ്ചായത്ത്, തിരുവല്ല, പത്തനംതിട്ട മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പ്രവർത്തനങ്ങൾ തുടരുന്നു.



ജില്ലയിൽ മൂന്ന് ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് ഇനി പി.ബി.ആർ. തയ്യാറാക്കാനുള്ളത്.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

**കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്** - പത്തനംതിട്ട ഡി.ഡി.ഇ.യുടെ സഹായത്തോടെ 2014 നവംബർ 29-ന് പത്തനംതിട്ട മാർത്തോമ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തി. ഹയർ സെക്കന്ററി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പദ്ധതി അവതരണം, ഉപന്യാസരചന, പെയിന്റിംഗ് തുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങളും മെമന്റോയും വിതരണം ചെയ്തു. ഒന്നും രണ്ടും സ്ഥാനം നേടിയവർ ഫെബ്രുവരി 26-27 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടന്ന കുട്ടികളുടെ ഏഴാമത് ജൈവവൈവിധ്യ കോൺഗ്രസ്സിൽ പങ്കെടുത്തു.

## ആലപ്പുഴ

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ആകെയുള്ള 73 ഗ്രാമപഞ്ചായത്തുകളിൽ 69 എണ്ണത്തിലും 5 മുനിസിപ്പാലിറ്റികളിൽ ഒന്നിലും പി.ബി.ആർ. തയ്യാറാക്കൽ പൂർത്തിയായി. ബാക്കി നാല് ഗ്രാമപഞ്ചായത്തുകളിലെ പി.ബി.ആർ. തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. ഹൈസ്കൂൾ, അപ്പർ പ്രൈമറി തലത്തിൽ വിദ്യാർത്ഥികൾക്കായി കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
2. വിവിധ സ്കൂളുകളിലും കോളേജുകളിലുമായി 138 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു

3. ഓണാട്ടുകര - കിഴങ്ങു സംരക്ഷണ പദ്ധതി നടപ്പാക്കി

4. കെ.എസ്.ബി.ബി. ആസ്ഥാനത്ത് നിന്നുള്ള വിദഗ്ധരോടൊപ്പം ജില്ലയിലെ ശാന്തിസ്ഥലുകൾ സന്ദർശിച്ചു.

## കോട്ടയം

**പി.ബി.ആർ. പ്രവർത്തനങ്ങൾ**

ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിൽ 52 എണ്ണത്തിന്റെയും പി.ബി.ആർ. പൂർത്തിയാക്കി. മറ്റ് ഒൻപത് ഗ്രാമ പഞ്ചായത്തുകളിൽ പി.ബി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കോ-ഓർഡിനേറ്ററും പ്രോജക്ട് ഫെല്ലോകളും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സന്ദർശനം നടത്തി ബി.എം.സി.കളുടെ പ്രവർത്തനങ്ങളെയും പ്രാധാന്യത്തെയും കുറിച്ച് ബോധവൽക്കരണം നടത്തി.

### സംരക്ഷണ-ബോധവൽക്കരണ പരിപാടികൾ

1. **ജൈവവൈവിധ്യ ക്ലബ്ബുകൾ** – ജില്ലയിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പ്രോജക്ട് ഫെല്ലോകൾ സന്ദർശനം നടത്തുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതുവരെ ജില്ലയിൽ 6 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.

2. **ശാന്തിസ്ഥൽ** - എസ്.ബി.കോളേജ്, ചങ്ങനാശ്ശേരി, ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ് വെല്ലൂർ, ഡി.ബി.കോളേജ് തലയോലപ്പറമ്പ് എന്നിങ്ങനെ മൂന്ന് ശാന്തിസ്ഥലുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

   കെ.എസ്.ബി.ബി.യിൽ നിന്നുള്ള വിദഗ്ധ ശാസ്ത്രസംഘം 2014 ഒക്ടോബർ 14-ാം തീയതി ശാന്തിസ്ഥലുകൾ സന്ദർശിക്കുകയും അവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. കെ.എസ്.ബി.ബി.യുടെ നിർദ്ദേശാനുസരണം കാലാകാലങ്ങളിൽ ശാന്തിസ്ഥലുകളിൽ പരിശോധന നടത്തിവരുന്നു.

3. പുതുപ്പള്ളി, കോടൂർ നദിയുടെ സംരക്ഷണം - ജില്ലയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ (റ്റി.എസ്.ജി.) സഹായത്തോടെ കോടൂർ നദി സംരക്ഷിക്കുന്നതിനും നദിയെ *കബംബ കരോലിനിയാന* എന്ന കളയുടെ ആക്രമണത്തിൽ നിന്നും രക്ഷിച്ച് നദിയുടെ ശോഷണം തടയുന്നതിനും വേണ്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

4. ആറ്റുവഞ്ചിക്കാവിന്റെ സംരക്ഷണം - കെ.എസ്.ബി.ബി.യുടെ നിർദ്ദേശാനുസരണം ഡി.സിയും പ്രോജക്ട് ഫെല്ലോകളും റ്റി.എസ്.ജി. അംഗം ഡോ. ഉണ്ണികൃഷ്ണനും 2014 നവംബർ 27-ന് കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ആറ്റുവഞ്ചിക്കാവ് സന്ദർശിച്ചു. വിശദപഠനത്തിനുശേഷം സ്ഥലത്തെ പ്രധാന ഭീഷണികൾ അതിനെതിരെ സ്വീകരിക്കേണ്ട നടപടികൾ, ആറ്റുവഞ്ചിക്കാവ് സംരക്ഷണത്തിനും മീനച്ചൽ ആറിലെ മണലൂറ്റ് തടയുന്നതിനുള്ള നടപടികൾ എന്നിവയെക്കുറിച്ച് കെ.എസ്.ബി.ബി.യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു.

5. ലോകപരിസ്ഥിതിദിനം – ലോക പരിസ്ഥിതിദിനാഘോഷങ്ങളുടെ ഭാഗമായി 2014 ജൂൺ 4, 5 തീയതികളിൽ വനംവകുപ്പുമായി സഹകരിച്ച് കോട്ടയം കെ.പി.എസ്. മേനോൻ ഹാളിൽ നടന്ന ഹരിതശ്രീ ഫോട്ടോ എക്സിബിഷനിൽ പങ്കെടുത്തു.

6. കുട്ടികളുടെ ജൈവവൈവിധ്യ സംഗമം - കുട്ടികളുടെ ഏഴാമത് ജൈവവൈവിധ്യ സംഗമ



Photo: Sanjay B.



ത്തിന്റെ ഭാഗമായി വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ പ്രോജക്ടുകൾ ക്ഷണിച്ചു. ഏകദേശം 150 ഓളം പ്രോജക്ടുകൾ ലഭിച്ചതിൽ നിന്നും 10 പ്രോജക്ടുകൾ വീതം ഓരോ വിഭാഗത്തിലും അവതരണത്തിനായി തെരെഞ്ഞെടുത്തു.

മത്സരങ്ങളുടെ ഉദ്ഘാടന ചടങ്ങ് 2014 നവംബർ 15 ന് ബേക്കൽ മെമ്മോറിയൽ ആഡിറ്റോറിയത്തിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല നിമ്മി ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും ഡി.ഡി.ഇ. ജെസ്സി ജേക്കബ് അധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് ഉപന്യാസരചന, ചിത്രരചന, പദ്ധതി അവതരണം തുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 450 കുട്ടികൾ വിവിധ മത്സരയിനങ്ങളിലും പദ്ധതി അവതരണത്തിൽ നൂറ് കുട്ടികളും പങ്കെടുത്തു.

കുട്ടികളുടെ ഏഴാമത് ജൈവവൈവിധ്യ കോൺഗ്രസ്സിനോടനുബന്ധിച്ച് കോട്ടയം ജില്ലയിൽ നടത്തിയ മത്സരങ്ങളും മറ്റ് പരിപാടികളും വിജയമായിരുന്നു.

7. **പി.ബി.ആർ. - പദ്ധതി ഉദ്യോഗസ്ഥരുടെ അവലോകനയോഗം** 'പി.ബി.ആറും അനുബന്ധ പ്രവർത്തനങ്ങളും' എന്ന വിഷയത്തിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ നടന്ന അവലോകനയോഗത്തിൽ ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രോജക്ട് ഫെല്ലോകളും പങ്കെടുത്തു. 2014 നവംബർ 11, 12 തീയതികളിൽ ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാദമിയിൽ നടന്ന വാർഷിക അവലോകന യോഗത്തിലും ജില്ല കോ-ഓർഡിനേറ്റർമാരും പ്രോജക്ട് ഫെല്ലോകളും പങ്കെടുത്തു. യോഗത്തിൽ ചെയർമാനും മെമ്പർ സെക്രട്ടറിയും കോട്ടയം ജില്ലയിലെ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി.

















*കാർഷിക മേള, കോട്ടയം*

8. **കാർഷികോത്സവം** – കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി 2014 നവംബർ 26 മുതൽ 30 വരെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച 17–ാമത് കാർഷികോത്സവത്തിൽ കെ.എസ്.ബി.ബി. സജീവമായി പങ്കെടുത്തു. ജൈവ വൈവിധ്യവും സംരക്ഷണവും സംബന്ധിച്ച പാന ലുകളും ഫോട്ടോകളും പ്രദർശിപ്പിച്ചു.

## ഇടുക്കി

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ആകെ 53 ഗ്രാമ പഞ്ചായത്തുകളും ഒരു മുനിസിപ്പാ ലിറ്റിയും ഉള്ളതിൽ 43 ഗ്രാമ പഞ്ചായത്തിലും മുനി സിപ്പാലിറ്റിയിലും പി.ബി.ആർ. തയ്യാറാക്കി. 4 ഗ്രാമ പഞ്ചായത്തുകളിൽ പി.ബി.ആർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആറ് ഗ്രാമ പഞ്ചായത്തുകളിൽ പി.ബി.ആർ. പ്രവർത്തനങ്ങൾ ഉടനെ തുടങ്ങും.

### സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ

1. 11 ഗ്രാമ പഞ്ചായത്തുകളിൽ ബി.എം.സി. യോഗ ങ്ങൾ സംഘടിപ്പിച്ചു
2. 12 ഗ്രാമ പഞ്ചായത്തുകളിൽ ബി.എം.സി. പുനഃ സംഘടിപ്പിച്ചു
3. 125 സ്കൂളുകളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുകയും 23 ജൈവവൈവിധ്യ ക്ലബ്ബുക ളിൽ യോഗം സംഘടിപ്പിക്കുകയും ചെയ്തു.
4. തൊടുപുഴയിലും കുട്ടിക്കാനത്തും 27.06.2014, 11.12.2014 എന്നീ തീയതികളിൽ സ്കൂൾ കോ–ഓർഡിനേറ്റർമാരുടെ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.
5. തട്ടേക്കാട് പക്ഷി സങ്കേതത്തിലും ചിന്നാർ വന്യ ജീവി സങ്കേതത്തിലും ജൈവവൈവിധ്യ ക്ലബ്ബിലെ അദ്ധ്യാപക കോ-ഓർഡിനേറ്റർമാർക്കായി നേച്ചർ ക്യാമ്പ് സംഘടിപ്പിച്ചു.
6. ആറ് സ്കൂളുകളിൽ പുതുതായി ശാന്തിസ്ഥല രൂപീകരിച്ചു.
7. മൂന്ന് സ്കൂളുകളിൽ ഔഷധത്തോട്ടങ്ങൾ നിർമ്മി ച്ചു.
8. ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ കഡസ്ട്രൽ മാപ്പിന്റെ നിർമ്മാണത്തിനുവേണ്ട സഹായം ചെയ്തു.
9. തൊടുപുഴയിൽ വച്ച് 2014 നവംബർ 14 ന് ജില്ലാ തലത്തിൽ കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ് സംഘടിപ്പിച്ചു.
10. 2014 നവംബർ 11, 12 തീയതികളിൽ ദേവികുളത്ത് വച്ച് നടന്ന പി.ബി.ആർ. പ്രോജക്ട് സ്റ്റാഫിന്റെ സംസ്ഥാനതല വാർഷിക അവലോകന യോഗ

ത്തിന് വേണ്ട എല്ലാ സഹായവും ചെയ്തു.

11. യു.എൻ.ഡി.പി.-മൂന്നാർ ലാന്റ്സ്കേപ്പ് പ്രോജക്ടിന് കീഴിൽ വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിവരശേഖരണം ആരംഭിച്ചു.

## എറണാകുളം

**പി.ബി.ആർ. പ്രവർത്തനങ്ങൾ** – 84 ഗ്രാമപഞ്ചായത്തുകളും, 11 മുനിസിപ്പാലിറ്റിയും, ഒരു കോർപ്പറേഷനും ഉള്ള ജില്ലയിൽ, രണ്ട് മുനിസിപ്പാലിറ്റികളിൽ പി.ബി.ആർ തയ്യാറാക്കി കഴിഞ്ഞു. 13 പഞ്ചായത്തുകളിൽ പി.ബി.ആറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു അവ ഈ സാമ്പത്തിക വർഷത്തിൽ പൂർണമാകും എന്ന് വിശ്വസിക്കുന്നു.

### സംരക്ഷണ-ബോധവൽക്കരണ പരിപാടികൾ

1. **പി.ബി.ആറിനെ അടിസ്ഥാനമാക്കിയുള്ള ബോധവൽക്കരണ പരിശീലന പരിപാടി** – വാളകം, മുളന്തുരുത്തി, പാമ്പാക്കുട, ചോറ്റാനിക്കര, ഒക്കൽ തുടങ്ങിയ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ അഞ്ച് സ്കൂളുകളിലായി പരിപാടി സംഘടിപ്പിച്ചു. ജില്ലാ കോ-ഓർഡിനേറ്റർ, പ്രോജക്ട് ഫെല്ലോകൾ, അധ്യാപക കോ-ഓർഡിനേറ്റർമാർ, ബി.എം.സി. അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് മെമ്പർമാർ, സ്കൂളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ജില്ലയിലെ ഈ പരിപാടി വിജയകരമായി പൂർത്തിയാക്കി.

2. **അവലോകന യോഗം** – 2015 മെയ് 22-ാം തീയതി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ നടന്ന അവലോകന യോഗത്തിലും 2014 നവംബർ 11, 12 തീയതികളിൽ ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ നടന്ന വാർഷിക അവലോകന യോഗത്തിലും ഡി.സി.യും പ്രോജക്ട് ഫെല്ലോകളും പങ്കെടുത്തു.

3. **ലോക പരിസ്ഥിതി ദിനാഘോഷം** – ജില്ലയിലെ വിവിധ സ്കൂളുകളിൽ നടന്ന ലോകപരിസ്ഥിതി ദിനാഘോഷങ്ങളിൽ ജില്ലാ കോ-ഓർഡിനറ്ററും പ്രോജക്ട് ഫെല്ലോകളും പങ്കെടുത്തു. ബോധവൽക്കരണ ക്ലാസ്സുകളും കുട്ടികൾക്കായുള്ള വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു, ഒപ്പം വനം വകുപ്പിൽ നിന്ന് ലഭ്യമായ മരത്തൈകൾ സ്കൂളുകളിൽ വച്ച് പിടിപ്പിച്ച് ഈ ദിവസത്തിന്റെ പ്രാധാന്യമറിയിച്ചു.

4. **കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്** – എറണാകുളം ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫ് എഡ്യൂക്കേഷനും കെ.എസ്.ബി.ബി.യും സംയുക്തമായി 2014 നവംബർ 26-ാം തീയതി എറണാകുളം എസ്.ആർ.വി.എച്ച്.എസ്.എസിൽ വച്ച് കുട്ടികൾക്കായി ഒരു ഏകദിന പരിപാടി നടത്തുകയുണ്ടായി. കുട്ടികൾക്കായി പദ്ധതി അവതരണം, ഉപന്യാസരചന, ചിത്രരചന തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർ 2015 ഫെബ്രുവരി 26, 27 തീയതികളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ വച്ച് നടന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിനോടനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ പങ്കെടുത്തു.





5. **ജൈവവൈവിധ്യ ക്ലബ്ബുകൾ** – ജില്ലയിലെ വിവിധ സ്കൂളുകളിലായി 15 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു. ബോധവൽക്കരണ പരിശീലന പരിപാടിയുടെ കീഴിൽ ചോറ്റാനിക്കര ഗവൺമെന്റ് ഹൈസ്കൂളിലെ ഗ്രൂപ്പ് ലീഡർമാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.



*ചിത്രരചനാ മത്സരം – കുട്ടികളുടെ ബയോഡൈവേഴ്സിറ്റി കോൺഗ്രസ് (ജില്ലാതലം)*

## തൃശൂർ

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ആകെയുള്ള 88 ഗ്രാമപഞ്ചായത്തുകളിൽ, 78 ഗ്രാമപഞ്ചായത്തുകളിലെ പി.ബി.ആർ. തയ്യാറായി കഴിഞ്ഞു. മൂന്ന് ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ. നിർമ്മാണം പുരോഗമിക്കുന്നു. തൃശൂർ കോർപ്പറേഷനിൽ മാർച്ച് 2015-ന് മുൻപ് പി.ബി.ആർ. തയ്യാറാക്കൽ ആരംഭിക്കും.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. ജില്ലയിലെ വിവിധ സ്കൂളുകളിലും കോളേജുകളിലുമായി 65 ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചു.
2. **ജില്ലാതല സി.ബി.സി.** - കുട്ടികൾക്കായുള്ള ജില്ലാതല ജൈവവൈവിധ്യ മത്സരങ്ങൾ 2014 നവംബർ 21-ാം തീയതി തൃശൂർ ടൗൺ ഹാളിൽ വച്ചു നടത്തി. തൃശൂർ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. പദ്ധതി അവതരണത്തിലും ഉപന്യാസ രചനയിലും ചിത്ര രചനാ മത്സരങ്ങളിലുമായി നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.
3. **ബയോഡൈവേഴ്സിറ്റി സയൻസ് എക്സ്പ്രസ്സ്** - ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് വനം പരിസ്ഥിതി മന്ത്രാലയം സംഘടിപ്പിച്ച സയൻസ് എക്സ്പ്രസ്സ് ബയോഡൈവേഴ്സിറ്റി സ്പെഷ്യൽ ട്രെയിൻ (SEBS) 2014 നവംബർ 24-ന് തൃശൂർ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുകയും 26-ാം തീയതിവരെ അവിടെ തങ്ങുകയും ചെയ്തു. തൃശൂർ കോർപ്പറേഷൻ മേയർ രാജൻ പല്ലൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ ഉൾപ്പെടെ 1500 ഓളം പേർ പ്രദർശനം കണ്ടു. ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്ററും പ്രോജക്ട് ഫെല്ലോകളും മൂന്ന് ദിവസത്തെ പ്രദർശനത്തിന് ആവശ്യമുള്ള സഹായ സഹകരണങ്ങൾ നൽകി.
4. പോർക്കുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന നിർദ്ദിഷ്ട ജൈവവൈവിധ്യ പൈതൃകസ്ഥാനം (Biodiversity Heritage Site) ആയ കലശമല സന്ദർശിക്കുകയും അവിടെ കാണപ്പെടുന്ന അപൂർവയിനം വൃക്ഷമായ കല്ലുവെട്ടിയുടെ (Syzigium travancoricum) സംരക്ഷണത്തിനായി വിത്തുകൾ ശേഖരിക്കുകയും ചെയ്തു.
5. പ്രോജക്ട് ഫെല്ലോകളോടൊപ്പം 2014 ജൂലൈ 14-ന് പോർക്കുളം ഗ്രാമപഞ്ചായത്തിലെ ഗ്രാമവനം സന്ദർശിക്കുകയും അതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.
6. ലോക പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് 2014 ജൂൺ അഞ്ചിന് നടന്ന പരിപാടികളിൽ തദ്ദേശസ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിൽ സജീവമായി പങ്കെടുത്തു.
7. 2014 ജൂൺ 3, 4 തീയതികളിൽ കെ.എഫ്.ആർ.ഐ. സന്ദർശിച്ച് ശാസ്താംകോട്ട ജൈവവേലി നിർമ്മിക്കുന്നതിനാവശ്യമായ വൃക്ഷത്തൈകൾ ശേഖരിച്ച് നൽകി.
8. ജൈവവൈവിധ്യത്തെയും അതിന്റെ സംരക്ഷണത്തെയും സംബന്ധിച്ച് വിവിധ സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
9. പ്രോജക്ട് ഫെല്ലോകളും എൻ.എസ്.എസ്. സന്നദ്ധ പ്രവർത്തകരുമായി ചേർന്ന് പോർക്കുളം ഗ്രാമപഞ്ചായത്തിലെ കാവുകളുടെ സർവേ സംഘടിപ്പിച്ചു.
10. 'ഒരു ലക്ഷ്യം ഒരു മരം' (One goal one tree) പദ്ധതിയിൽ പങ്കെടുത്ത് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അഞ്ഞൂറോളം നാടൻ മാവിനങ്ങളുടെ തൈകൾ വച്ച് പിടിപ്പിച്ചു.
11. ഗുരുവായൂർ, ശ്രീകൃഷ്ണ കോളേജിലെ ശാന്തി സ്ഥൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.
12. കെ.എസ്.ബി.ബി.യുടെ സാമ്പത്തിക സഹായത്തോടെ മാളയിൽ നടപ്പിലാക്കി വരുന്ന അട്ടപ്പാടി ആട് സംരക്ഷണ പദ്ധതി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി.
13. 2015 ഫെബ്രുവരി 2-ാം തീയതി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, മാള കാർമൽ കോളേജ് എന്നിവടങ്ങളിൽ നടന്ന തണ്ണീർത്തട ദിനാഘോഷങ്ങളിൽ പങ്കെടുത്തു.
14. 2015 ഫെബ്രുവരി 4-ാം തീയതി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നടന്ന ജൈവവൈവിധ്യ ക്ലബ്ബ് അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്തു.

## പാലക്കാട്

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ജില്ലയിലെ 47 ഗ്രാമപഞ്ചായത്തുകളിലും ജൈവവൈവിധ്യ രജിസ്റ്റർ പൂർത്തിയായി. 19 ഗ്രാമപഞ്ചായത്തുകളിൽ പി.ബി.ആർ. തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. 28 സ്കൂളുകളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു
2. പട്ടാമ്പിയിലെ അഭയത്തിലും (50 സെന്റ്) കൊങ്ങാട് യു.പി.സ്കൂളിലും (30 സെന്റ്) ശാന്തി സ്ഥലുകൾ തുടങ്ങി.
3. മങ്കര ഗ്രാമപഞ്ചായത്തിൽ ഗ്രാമവനം പദ്ധതി ആരംഭിച്ചു.
4. ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗ

മായി പഞ്ചായത്തിൽ സംഘടിപ്പിച്ച പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു.

5. മേലാർകോട് വച്ച് നടന്ന പാന്തർ ഫൗണ്ടേഷൻ എഡ്യുക്കേഷൻ ക്യാമ്പിൽ പങ്കെടുത്തു. ജൈവവൈവിധ്യവും അന്താരാഷ്ട്ര കുടുംബ കൃഷി വർഷവും എന്ന വിഷയത്തിൽ കോ-ഓർഡിനേറ്റർ സംസാരിച്ചു.
6. തെന്നൂർ കർഷകസമിതി സംഘടിപ്പിച്ച ജൈവ കർഷകരുടെ യോഗത്തിൽ പങ്കെടുത്തു.
7. മങ്കര ഗ്രാമവനവും മേഴ്സി കോളേജിലെ ശാന്തിസ്ഥലും സന്ദർശിച്ച് കെ.എസ്.ബി.ബി.ക്ക് റിപ്പോർട്ട് നൽകി.
8. മേഘാലയ ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.സത്യന്റെ മങ്കര പഞ്ചായത്ത് സന്ദർശന വേളയിൽ അദ്ദേഹത്തിന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു.
9. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫ് എഡ്യുക്കേഷന്റെ സഹായത്തോടെ കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
10. മങ്കര ബി.എം.സി. സംഘടിപ്പിച്ച ഓസോൺദിന പരിപാടിയിൽ പങ്കെടുക്കുകയും ജില്ലാ കോ-ഓർഡിനേറ്റർ വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു.
11. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ 2014 മെയ് 22 ന് നടന്ന അവലോകനയോഗത്തിലും 2014 നവംബർ 11, 12 തീയതികളിൽ ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ നടന്ന വാർഷിക അവലോകനയോഗത്തിലും പങ്കെടുത്തു.
12. ജനജാഗ്രത സെക്രട്ടറി ഡോ.പി.എസ്.പണിക്കരോടൊപ്പം പാലക്കാടൻ മലനിരകളുടെ ഇടിച്ചുനിരത്തൽ തടയുന്ന പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുകയും അത് അവസാനിപ്പിക്കുകയും ചെയ്തു.
13. 2014 ഡിസംബർ ഒന്ന് മുതൽ മൂന്ന് വരെ ഷൊർണൂർ റയിൽവേ സ്റ്റേഷനിൽ നടന്ന ബയോഡൈവേഴ്സിറ്റി സ്പെഷ്യൽ ട്രെയിനിന്റെ ശാസ്ത്ര പ്രദർശനത്തിനായി പിന്തുണ നൽകി.
14. കെ.എസ്.ബി.ബി. സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. എസ്.രാജശേഖരന്റെ നേതൃത്വത്തിൽ 2014 ഡിസംബർ 22-ന് മോയൻ മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഗ്രീനിങ്ങ് ഓഫ് പാലക്കാട് ഗ്യാപ്പ് എന്ന പദ്ധതി നടത്തിപ്പിനെക്കുറിച്ച് യോഗം സംഘടിപ്പിച്ചു.
15. കെ.എസ്.ബി.ബി. പദ്ധതിയായ ഗ്രീനിങ്ങ് പാലക്കാട് ഗ്യാപ്പിന്റെ ഉദ്ഘാടനം കെ.എസ്.ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ 2015 ഫെബ്രുവരി 5 ന് പെരുവമ്പ് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തി.

## മലപ്പുറം

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ആകെയുള്ള 100 ഗ്രാമപഞ്ചായത്തുകൾ 7 മുനിസിപ്പാലിറ്റികൾ എന്നിവയിൽ 61 ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ. പൂർത്തിയായി. 27 ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു.

### സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ

- ബോധവൽക്കരണ പരിശീലന പരിപാടികൾ, കുട്ടികളിലെ ജൈവവൈവിധ്യ ബോധവൽക്കരണ പരിപാടിക്കായി തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ജില്ലകളിൽ ഒന്നാണ് മലപ്പുറം. തെരഞ്ഞെടുക്കപ്പെട്ട അഞ്ച് സ്കൂളുകളിലായി വിജയകരമായി പദ്ധതി നിർവഹിച്ചു.
- അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് കെ.എസ്.ബി.ബി. 2014 മെയ് 22-ന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിലും തുടർന്ന് നടന്ന പ്രോജക്ട് ഫെല്ലോകളുടെയും ഡി.സി.മാരുടെയും അവലോകനയോഗത്തിലും 2014 നവംബർ 11, 12 തീയതികളിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് നടന്ന പി.ബി.ആർ. സ്റ്റാഫുകളുടെ അവലോകനയോഗത്തിലും പങ്കെടുത്തു.
- കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിനോടനുബന്ധിച്ച് 2014 നവംബർ 3-ന് മലപ്പുറം ജി.ജി.എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്കായി പദ്ധതി അവതരണം, ഉപന്യാസരചന, ചിത്രരചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.
- വിവിധ സ്കൂളുകളിലും കോളേജുകളിലുമായി 52 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.
- രണ്ട് സ്ഥാപനങ്ങളിൽ ശാന്തിസ്ഥൽ രൂപീകരിച്ചു.
- ജൈവവൈവിധ്യവും അവയുടെ സംരക്ഷണവും എന്ന വിഷയത്തിൽ 2014 ആഗസ്റ്റ് 23-ന് ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനിയറിങ്ങ് കോളേജിൽ ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ പ്രഭാഷണം നടത്തി.
- കോട്ടക്കുന്ന് ആർട്ട് ഗാലറിയിൽ വച്ച് 2014 ഒക്ടോബർ 8-ന് Shore birds (തീരദേശ പക്ഷികൾ) എന്ന വിഷയത്തിൽ ജാഫർ പാലോട്ട് സംഘടിപ്പിച്ച ശില്പശാലയിൽ ഡി.സി.യും പ്രോജക്ട് ഫെല്ലോകളും പങ്കെടുത്തു. തണ്ണീർത്തട പക്ഷികളുടെ (Water birds) ഫോട്ടോ പ്രദർശനവും തുടർന്നു നടന്നു.
- ജൈവകൃഷിയിടം: മേലേവാരം, ഫറൂക്ക് കോളേജിൽ ഡി.സി.യുടെ നേതൃത്വത്തിൽ ഒരു

ജൈവകൃഷി യൂണിറ്റ് സജ്ജീകരിച്ചു. അധികം പങ്കാളികളും സർവീസിൽ നിന്ന് വിരമിച്ചതോ സർവ്വീസിലുള്ളതോ ആയ അധ്യാപകരാണ്. 'The professor farm' എന്ന് പേരിട്ടിരിക്കുന്ന ഈ സംരംഭം ഇപ്പോൾ തന്നെ മാധ്യമശ്രദ്ധ നേടിക്കഴിഞ്ഞു. ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത് എന്നത് ഈ കൃഷിയിടത്തിലെ സവിശേഷതയാണ്. പലേക്കർ മാതൃകയിലുള്ള കൃഷിരീതിയാണ് ഇവിടെ അവലംബിച്ചുവരുന്നത്. ഈ വർഷം മറ്റ് രണ്ട് സ്ഥലങ്ങളിലും കൂടി ഈ കൃഷിരീതി ആരംഭിക്കാൻ തീരുമാനിച്ചു.

## കോഴിക്കോട്

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ജില്ലയിലെ ആകെയുള്ള 75 ഗ്രാമപഞ്ചായത്തുകൾ 2 മുനിസിപ്പാലിറ്റികൾ ഒരു കോർപ്പറേഷൻ എന്നിവയിൽ 47 ഗ്രാമ പഞ്ചായത്തിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ.തയ്യാറാക്കിക്കഴിഞ്ഞു. 17 ഗ്രാമ പഞ്ചായത്തുകളിൽ പി.ബി.ആർ. തയ്യാറാക്കൽ പ്രവർത്തനങ്ങൾ പുരോഗമിക്കന്നു.

### സംരക്ഷണ-ബോധവൽക്കരണ പരിപാടികൾ

1. തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ വച്ച് കെ.എസ്.ബി.ബി. സംഘടിപ്പിച്ച അന്താരാഷ്ട്ര ജൈവവൈവിധ്യ പരിപാടികളിൽ പങ്കെടുത്തു.
2. റീജിയണൽ സയൻസ് സെന്ററും (RSC) സയന്റിസ്റ്റ് അസോസിയേഷൻ ഓഫ് മലബാറും ആയി ചേർന്ന് നടത്തിയ ലോകപരിസ്ഥിതി ദിനാഘോഷത്തിൽ പങ്കെടുത്തു.
3. വിവിധ സ്കൂളുകളിലും കോളേജുകളിലും ആയി 15 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.
4. കോഴിക്കോട് വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ച് കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
5. ഇടുക്കി ജില്ലയിലെ ദേവികുളത്ത് നടന്ന വാർഷിക അവലോകന യോഗത്തിൽ പങ്കെടുത്തു.
6. കെ.എസ്.ബി.ബി.യുടെ നിർദ്ദേശപ്രകാരം സംഘടിപ്പിച്ച അഷ്ടമുടിക്കായലിലെ കർമ്മപദ്ധതി നിർവഹണത്തെക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുത്തു.
7. കോഴിക്കോട് ജില്ലയിലെ എളിയോട്ട് മല സന്ദർശിച്ച് അവിടുത്തെ അനധികൃത ചെങ്കൽ ഖനനത്തെക്കുറിച്ച് കെ.എസ്.ബി.ബി.യ്ക്ക് റിപ്പോർട്ട് നൽകി.



*Photo: Justin Johny*

## വയനാട്

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

എല്ലാ പഞ്ചായത്തുകളിലും പി.ബി.ആർ. തയ്യാറാക്കി.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. ഇടവക ഗ്രാമപഞ്ചായത്തിലെ കിഴങ്ങ് സംരക്ഷണ പദ്ധതി: പദ്ധതി പൂർത്തിയാക്കുകയും അതിന്റെ ഭാഗമായി ബി.എം.സി.യുടെ സഹായത്തോടെ വിവിധ ബോധവൽക്കരണ പരിപാടികൾ, കിഴങ്ങ് - ഭക്ഷ്യമേള, കിഴങ്ങുകളുടെ പ്രദർശനം, കർഷകർക്ക് കിഴങ്ങ് വിത്തുകളുടെ വിതരണം എന്നിവ സംഘടിപ്പിച്ചു.
2. പക്ഷി നിരീക്ഷണം: സ്ഥലത്തെ സാധാരണ പക്ഷികളുടെ സാന്നിദ്ധ്യം നിരീക്ഷിച്ച് കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കി. ഒരേ സ്ഥലത്ത് പക്ഷികളെ തുടരെ നിരീക്ഷിക്കുകയും അവയുടെ പ്രത്യേകതകൾ രേഖപ്പെടുത്തുകയും ചെയ്തു. ജൂണിൽ സർവേ ആരംഭിച്ചു. വിശദവിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി.
3. ഔഷധസസ്യങ്ങളുടെ സുസ്ഥിരവിളവെടുപ്പും ഉൽപ്പന്ന വൈവിധ്യവൽക്കരണവും: ബി.എം.സി.യുടെ നേതൃത്വത്തിൽ 'Resource Augmentation, Sustainable Harvesting and Value Addition of Medicinal Plants Resources' എന്ന പദ്ധതി നടപ്പിലാക്കി. ഡി.സി.യും പ്രോജക്ട് ഫെല്ലോകളും മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട എല്ലാ ബി.എം.സി.കളുടെയും യോഗം വിളിച്ചുകൂട്ടി. തുടർന്ന് മുഖ്യ പ്രതിനിധികളുടെ ഒരു യോഗവും സംഘടിപ്പിച്ചു. ഈ പദ്ധതിക്കായുള്ള വെയർ ഹൗസിനും, ഡ്രൈയിങ്ങ് യാർഡിനുമായുള്ള സ്ഥലം കണ്ടെത്തുകയും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രവുമായി ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു.
4. ജില്ലയിലെ വിവിധ സ്കൂളുകളിലായി 54 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കുകയും വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.
5. അഞ്ച് ഗ്രാമ പഞ്ചായത്തിലുൾപ്പെടുന്ന ആറ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പി.ബി.ആർ. സംബന്ധിച്ച് ബോധവൽക്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട ബി.എം.സി.കൾ തയ്യാറാക്കിയ പി.ബി.ആറുകൾ നവീകരിച്ചു.
6. 2014 ഏപ്രിൽ 21-ന് ഇടവക പഞ്ചായത്തിൽ കിഴങ്ങു വർഗവിളകൾ നട്ടുപിടിപ്പിച്ചു.
7. കെ.എസ്.ബി.ബി. മെമ്പർ സെക്രട്ടറി ഡോ. കെ.പി.ലാലാദാസിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ബി.എം.സി. പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി 2014 ആഗസ്റ്റ് പതിനൊന്നിന് ഒരു ജില്ലാതല യോഗവും പരിശീലന പരിപാടിയും സംഘടിപ്പിച്ചു.
8. അന്താരാഷ്ട്ര ആന ദിനത്തോടനുബന്ധിച്ച് (International Elephant day) കുറുവ ആന പരിപാലന സമിതിക്കുവേണ്ടി (Elephant protection samithy) 'ആനയും വനവും' (Elephant and forest) എന്ന ഹ്രസ്വചിത്ര പ്രദർശനവും പ്രഭാഷണവും സംഘടിപ്പിച്ചു.
9. ഇടവക ബി.എം.സി.യുമായി ചേർന്ന് 2014 സെപ്റ്റംബർ 18-ന് 'അന്താരാഷ്ട്ര മുളദിനം' ആഘോഷിച്ചു.
10. 2014 സെപ്റ്റംബർ 22 മുതൽ 24 വരെ 'പശ്ചിമഘട്ട സംരക്ഷണം' എന്ന വിഷയത്തിൽ മാനന്തവാടി ഗവ. കോളേജിൽ നടന്ന സെമിനാറിൽ പങ്കെടുത്തു.
11. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി 2014 ഒക്ടോബർ 7-ന് തോൽപ്പെട്ടിയിൽ വച്ച് വിദ്യാർത്ഥികൾക്കായി 'പക്ഷികളെ കണ്ടെത്തൽ' എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു.
12. പെരിയാർ വന്യജീവി സങ്കേതത്തിൽ ഒക്ടോബർ 23 മുതൽ 24 വരെ നടന്ന സർവെയിൽ പങ്കെടുത്തു.
13. 2014 നവംബർ 19 ന് ഇടവകയിലെ കിഴങ്ങ് വിളവെടുപ്പിൽ പങ്കെടുത്തു.
14. 2014 നവംബർ 23, 24 തീയതികളിൽ പനവാലിയിൽ സംഘടിപ്പിച്ച വിത്ത് സംരക്ഷണ ക്യാമ്പിൽ പങ്കെടുത്തു.
15. 2014 നവംബർ 25-ന് പ്രകൃതി സംരക്ഷണത്തെക്കുറിച്ചും, വനയാത്രയെക്കുറിച്ചും വിദ്യാർത്ഥികൾക്കായി മാനന്തവാടി ശ്രീപ്രണവ യോഗ സ്കൂളിൽ വച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.
16. ജില്ലയിലെ ബി.എം.സി.കൾക്കായുള്ള ഒരു ബോധവൽക്കരണ പരിപാടി കെ.എസ്.ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിൽ 2014 നവംബർ 26-ന് സംഘടിപ്പിച്ചു.
17. 2014 ഡിസംബർ 6-ന് കുട്ടികൾക്കായുള്ള ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
18. പരിസ്ഥിതി, വനം, ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളിൽ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്കായി 2014 ഡിസംബർ 13, 14 തീയതികളിൽ തിരുനെല്ലിയിൽ വച്ച് ഒരു ക്യാമ്പ് സംഘടിപ്പിച്ചു.
19. എൻ. എച്ച് 766-ൽ നാറ്റ്പാക് നിർദ്ദിഷ്ട സാധ്യതാ പഠനത്തിനായി തെരഞ്ഞെടുത്ത സ്ഥലത്ത് ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം നിർണയിക്കുന്ന ഒരു പഠനം കെ.എസ്.ബി.

ബി. സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.എസ്.രാജശേഖരന്റെ നേതൃത്വത്തിൽ 2014 ഡിസംബർ 15-ന് നടത്തി.

20. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ വച്ച് 2014 ഡിസംബർ 16-ന് കെ.എസ്.ബി.ബി. സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.എസ്. രാജ ശേഖരന്റെ സാന്നിദ്ധ്യത്തിൽ "Resource Augmentation sustainable harvesting and value addition of medicinal plants resources through BMCs" എന്ന പദ്ധതി ഔദ്യോഗികമായി ആരംഭിച്ചു.
21. എം.എസ്.എസ്.ആർ.എഫുമായി ചേർന്ന് ജില്ല യിലെ എല്ലാ ഗ്രാമപഞ്ചായത്തിലും ബി.എം. സി.കളുടെ ഉത്തരവാദിത്ത്വങ്ങൾ മനസ്സിലാക്കു ന്നതിനായി ഡിസംബർ ജനുവരി മാസങ്ങളിൽ ശില്പശാല സംഘടിപ്പിച്ചു.
22. വനംവകുപ്പിന്റെയും, എൻ.എസ്.എസ്. ന്റെയും വിവിധ ക്യാമ്പുകളിൽ ക്ലാസ്സുകൾ എടുത്തു. നാഷണൽ ഗ്രീൻ കോർപസ് പരിപാടിയുടെ ഭാഗമായി വിവിധ സ്കൂളുകളിലും ക്യാമ്പുക ളിലും പരിസ്ഥിതി ബോധവൽക്കരണക്ലാസ്സു കൾ നടത്തി.

## കണ്ണൂർ

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ജില്ലയിലെ ആകെയുള്ള 81 ഗ്രാമപഞ്ചായത്തുകൾ, 6 മുനിസിപ്പാലിറ്റികൾ എന്നിവയിൽ 53 ഗ്രാമപഞ്ചാ യത്തിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ. പൂർത്തിയായി. 18 ഗ്രാമപഞ്ചായത്തുകളിൽ പ്ര വർത്തനങ്ങൾ പുരോഗമിക്കുന്നു.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ സ്ഥാപനങ്ങളിൽ നടന്ന പരിപാടികളിൽ പങ്കെടുത്തു.
2. കെ.എസ്.ബി.ബി. ആസ്ഥാനത്ത് നിന്ന് കഡ സ്ട്രൽ മാപ്പുകൾ ശേഖരിച്ച് അതാത് ഗ്രാമപഞ്ചാ യത്തുകളിൽ വിതരണം ചെയ്തു.
3. വിവിധ സ്കൂളുകളിലായി 38 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.
4. ജില്ലയിലെ 6 ശാന്തിസ്ഥലും ഒരു ഗ്രാമവനവും സന്ദർശിച്ച് റിപ്പോർട്ട് നൽകി.
5. നവംബറിൽ (2014) കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു.
6. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഏഴ് ജൈവവൈവിധ്യ ക്ലബ്ബു കളിൽ സെമിനാർ സംഘടിപ്പിച്ചു.
7. ജില്ലയിലെ രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവകൃഷി സംബന്ധിച്ച സെമിനാർ നടത്തി.
8. മൂന്ന് യു.പി. സ്കൂളുകളിൽ ചിത്രശലഭ ഉദ്യാനം സംബന്ധിച്ച് ക്ലാസ്സ് നടത്തി.
9. കണ്ണൂർ ജില്ലയിലെ നിലവിലുള്ള സ്കൂൾ സയൻസ് ക്ലബ്ബ് സെക്രട്ടറിമാർക്കായി ജൈവവൈ വിധ്യ ക്ലബുകളുടെ ആവശ്യകത സംബന്ധിച്ച് ശില്പശാല നടത്തി.
10. 'ജൈവവൈവിധ്യ സംരക്ഷണം - കാലഘട്ട ത്തിന്റെ ആവശ്യം' എന്ന വിഷയത്തിൽ തല ശ്ശേരി ടീച്ചേഴ്സ് ക്ലബ്ബിനുവേണ്ടി ഒരു ഏകദിന സെമിനാർ നടത്തി.



Photo: G.S. Unnikrishnan Nair

## കാസർഗോഡ്

**ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം**

ആകെയുള്ള 38 ഗ്രാമപഞ്ചായത്തുകൾ 3 മുനിസിപ്പാലിറ്റികൾ എന്നിവയിൽ 30 ഗ്രാമ പഞ്ചയാത്തിലും ഒരു മുനിസിപ്പാലിറ്റിയിലും പി.ബി.ആർ. പൂർത്തിയായി. ശേഷിക്കുന്ന 8 ഗ്രാമപഞ്ചായത്തുകളിൽ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

### സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

1. വിവിധ സ്കൂളുകളിലായി 9 ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചു.
2. ജില്ലയിലെ ശാന്തിസ്ഥലുകൾ സന്ദർശിക്കുകയും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.
3. കെ.എസ്.ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മന്റെ സാന്നിദ്ധ്യത്തിൽ ജില്ലയിലെ എല്ലാ ബി.എം.സി കളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി ബി.എം.സി. ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു.
4. ജില്ലാതലത്തിൽ കുട്ടികൾക്കായുള്ള ജൈവവൈവിധ്യ കോൺഗ്രസ്സ് വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ കാഞ്ഞങ്ങാട് വച്ച് നടത്തി. പദ്ധതി അവതരണം, ഉപന്യാസരചന, ചിത്രരചന തുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി നൂറോളം വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. വിജയികൾ തിരുവനന്തപുരത്ത് നടന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിൽ പങ്കെടുത്തു.
5. സയൻസ് എക്സ്പ്രസ്സ് ജൈവവൈവിധ്യ പ്രത്യേക തീവണ്ടിയെ കാസർഗോഡ് റെയിൽവേ സ്റ്റേഷനിൽ സ്വീകരിക്കുകയും 2014 ഡിസംബർ 4 മുതൽ 6 വരെ സ്റ്റേഷനിൽ ഇതിന്റെ പ്രദർശനത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 60,000 പേർ പ്രദർശനം സന്ദർശിച്ചു.
6. കരിന്തളം ചെങ്കൽ ഖനനം, നീലേശ്വരം മുനിസിപ്പാലിറ്റിയുടെ കൂൾ ഡ്രിംഗ്സ് പദ്ധതി, മുത്തപ്പൻ പാറ ഖനന പ്രശ്നം, നരിമല പാറഖനന പ്രശ്നം തുടങ്ങി വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ അന്വേഷിച്ച് ബോർഡിന് റിപ്പോർട്ട് നൽകി.
7. എൻവയോൺമെന്റ് വാച്ച് ഗ്രൂപ്പ് എന്ന നിലയിലുള്ള ബി.എം.സി.യുടെ ചുമതലകളെക്കുറിച്ച് ബോധവൽക്കരണം നൽകുകയും ഇതേക്കുറിച്ചുള്ള ഗവൺമെന്റ് ഉത്തരവിന്റെ കോപ്പി ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തു.



*Photo: Justin Johny*

# പ്രകൃതി പഠനം
# ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ്

കേരള ജൈവവൈവിധ്യ ബോർഡ് സംഘടിപ്പിച്ച രണ്ടാമത് ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് 2015 ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരത്ത് നടന്നു. അഞ്ചുദിവസം നീണ്ടുനിന്ന കോൺഗ്രസ്സ്, ദേശീയ ജൈവവൈവിധ്യ പ്രദർശനത്തോടെ കനകക്കുന്ന് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു. 'ജൈവവൈവിധ്യം – സ്വായത്തമാക്കലും അതിന്റെ നീതിപൂർവമായ പങ്കുവയ്ക്കലും' എന്നതായിരുന്നു ഈ വർഷത്തെ മുഖ്യവിഷയം. അഞ്ഞൂറിലധികം പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുകയും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

ശ്രീ.കെ.മുരളീധരൻ എം.എൽ.എ. ഫെബ്രുവരി 23–ന് സമ്മേളനവും പ്രദർശനവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സംസ്ഥാനനഗരിയിലെ കുളങ്ങൾ വൃത്തിയാക്കുന്നതിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻകൈയെടുത്തതിനെ അദ്ദേഹം പ്രശംസിച്ചു. നഗരപ്രാന്തത്തിൽ മലിനമായി കിടന്ന അടുപ്പുകൂട്ടാൻപാറ ഒരു വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്ന ബോർഡിന്റെ പ്രവർത്തനങ്ങളെയും അദ്ദേഹം പ്രകീർത്തിച്ചു. ജൈവവൈവിധ്യ നിയമം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ ഇന്ത്യയിലെ ഓരോ പൗരനും ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരേണ്ടതിന്റെ ആവശ്യകത ഈ സമ്മേളനത്തിന്റെ ഭാഗമായി സാധാരണ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുമെന്ന് സ്വാഗത പ്രസംഗത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ് വ്യക്തമാക്കി. ജൈവവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യാവസായികസ്ഥാപനങ്ങൾ അവരുടെ ലാഭവിഹിതത്തിന്റെ ഒരു ശതമാനം ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണംചെയ്യുന്നുണ്ടെന്ന് ഡോ.ഉമ്മൻ വി. ഉമ്മൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കൂട്ടിച്ചേർത്തു. നാം ഇന്ന് കാണുന്ന നിലയിൽ ജൈവവൈവിധ്യം രൂപം കൊണ്ടത് നൂറ്റാണ്ടുകൾ കൊണ്ടാണെന്നും വനങ്ങളിൽ നിലനിൽക്കുന്ന ഇത്തരം വിശുദ്ധമായ ജൈവവൈവിധ്യം സംരക്ഷിച്ചേ മതിയാകൂ എന്നും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ യാലക്കി ഐ.എഫ്.എസ്. അഭിപ്രായപ്പെട്ടു. സംസ്ഥാന ഔഷധസസ്യ ബോർഡ് സി.ഇ.ഒ. ഡോ. കെ.ജി.ശ്രീകുമാർ, ജെ.എൻ.ടി.ബി.ജി.ആർ.ഐ. ഡയറക്ടർ ഡോ. പി.ജി. ലത, ജൈവവൈവിധ്യ ബോർഡ് സീനിയർ പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ.എസ്. രാജശേഖരൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.



*നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ് എം.എൽ.എ. ശ്രീ. കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*



*എക്സ്പോ – പ്രവേശന കവാടം*

# പ്രകൃതിവർണങ്ങൾ



"പ്രകൃതിവർണങ്ങൾ" ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

ജൈവവൈവിധ്യത്തേയും അവ നേരിടുന്ന വെല്ലുവിളികളെയും വിഷയമാക്കി 'പ്രകൃതി വർണങ്ങൾ' എന്ന പേരിൽ 40 കലാകാരന്മാർ പങ്കെടുത്ത തൽസമയ ചിത്രരചനയും പ്രദർശനവും കനകക്കുന്ന് കൊട്ടാരവളപ്പിൽ വച്ച് നടത്തി. ബഹു. മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി ചിത്രരചനയും പ്രദർശനവും ഉദ്ഘാടനം ചെയ്തു. ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗം, വനസംരക്ഷണം, ഔഷധ സസ്യ സംരക്ഷണം, നാടൻ മത്സ്യങ്ങൾ, മരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തനത് വിഭവങ്ങളുടെ സംരക്ഷണം, കാർഷിക ജൈവവൈവിധ്യം, വംശനാശഭീഷണി നേരിടുന്ന ജന്തുക്കളുടെയും സസ്യങ്ങളുടെയും ദുരവസ്ഥ തുടങ്ങിയ വിവിധ പ്രമേയങ്ങൾ ചിത്രകാരന്മാർ ആവിഷ്ക്കരിച്ചു. നെടുമങ്ങാട് ലളിതകലാസംഘവുമായി ചേർന്നാണ് ഈ പരിപാടി സംഘടിപ്പിച്ചത്.



"പ്രകൃതിവർണങ്ങൾ" - ചിത്രരചന

# നാട്ടറിവ് സംഗമം

പാരമ്പര്യ വൈദ്യശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പാരമ്പര്യ വൈദ്യൻമാരുടെയും വിദഗ്ധരുടെയും യോഗം ഫെബ്രുവരി 23-ന് നടത്തുകയുണ്ടായി. പാരമ്പര്യ വൈദ്യന്മാർ അവരുടെ മുൻഗാമികളിൽ നിന്ന് നേടിയെടുത്ത വൈദഗ്ധ്യവും ചികിത്സാരംഗത്തെ അനുഭവങ്ങളും പങ്കുവയ്ക്കാനുള്ള ഒരു വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഈ യോഗം ഒരു വൻവിജയമായിരുന്നു. ആദിവാസികളുൾപ്പെടെ 10 വിശിഷ്ട വൈദ്യന്മാർ നാട്ടുവൈദ്യം, വിഷചികിത്സ, നാഡി ചികിത്സ, രസായന ചികിത്സ തുടങ്ങിയ മേഖലകളിലുള്ള അവരുടെ പ്രാഗൽഭ്യം പങ്കുവച്ചു.





കരുനാഗപ്പള്ളിയിൽ നിന്നുള്ള ടി.എം.ഷാഹുൽ ഹമീദ് വൈദ്യർ, തിരുവനന്തപുരം കല്ലാർ നിന്നുള്ള ലക്ഷ്മിക്കുട്ടി (ആദിവാസി വൈദ്യം) ഡോ.മാന്നാർ ജി. രാധകൃഷ്ണൻ (രസായന ചികിത്സ) ജോസ് പാറശ്ശേരി (നാട്ടുവൈദ്യർ), ഷൈൻ വൈദ്യർ (നാഡി ചികിത്സ), രാധ കുട്ടികൃഷ്ണൻ (ആദിവാസി വൈദ്യം) തുടങ്ങിയ പ്രശസ്ത വൈദ്യന്മാർ മുടികൊഴിച്ചിൽ മുതൽ ഹൃദയസ്തംഭനം വരെയുള്ള വിവിധ രോഗങ്ങൾക്കുള്ള ചികിത്സാരീതികൾ പങ്കുവച്ചു.

അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. കെ.ജെ. വർഗീസ് ഐ.എഫ്.എസ്. 'ജൈവ വൈവിധ്യത്തെയും അനുബന്ധ നാട്ടറിവുകളെയും' കുറിച്ച് പ്രത്യേക സംഭാഷണം നടത്തി. ആക്സസ് ആന്റ് ബെനിഫിറ്റ് ഷെയറിങ്ങിന്റെ വിജയകരമായ മാതൃക എന്ന നിലയിൽ പശ്ചിമഘട്ടത്തിലെ കാണി ആദിവാസി വിഭാഗങ്ങളുടെ ഔഷധമായ ആരോഗ്യപ്പച്ച (*Trichopus zelanicus*) യുടെ പുനരുജ്ജീവന ഗുണങ്ങളെ കോയമ്പത്തൂർ ആര്യവൈദ്യശാല ഫാർമസിയുടെ സഹായത്തോടെ പാലോട് ബൊട്ടാണിക്കൽ ഗാർഡൻ 'ജീവനി' എന്ന ആയുർവേദ മരുന്നാക്കി മാറ്റിയത് അദ്ദേഹം വിശദീകരിച്ചു.

## ഹരിതസംഗമം

നാടൻ ധാന്യവിളകളെയും അവയുടെ വിഭിന്ന തരങ്ങളെയും നിലനിർത്താനും സംരക്ഷിക്കാനുമായി കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ഒരു സംഗമം ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിനോടനുബന്ധിച്ച് നടത്തുകയുണ്ടായി. ജലസേചനവകുപ്പ് മന്ത്രി. ശ്രീ.പി.ജെ. ജോസഫ് സംഗമം ഉദ്ഘാടനം ചെയ്തു. ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ.പി.ലാലാദാസ് സദസ്സിനെ സ്വാഗതം ചെയ്തു. ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ വി.ഉമ്മൻ, മുൻ ചെയർമാൻ ഡോ.വി.എസ്.വിജയൻ, ജെ.എൻ. ടി.ബി.ജി.ആർ.ഐ. ഡയറക്ടർ ഡോ.പി.ജി.ലത, ബോർഡിലെ സയന്റിഫിക് ഓഫീസർ ജി.എസ്.ഉണ്ണിക്കൃഷ്ണൻ നായർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. മുൻ കൃഷി ഡയറക്ടർ ആർ.ഹേലി ടെക്നിക്കൽ സെഷൻ മോഡറേറ്ററായിരുന്നു. തെരഞ്ഞെടുത്ത ഇരുപത് കൃഷിക്കാർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു.



*ബഹു. മന്ത്രി ശ്രീ. പി.ജെ. ജോസഫ് ഹരിതസംഗമം ഉദ്ഘാടനം ചെയ്യുന്നു*

# ജൈവവൈവിധ്യപരിപാലനസമിതികളുടെ സംഗമം

ദേശീയ ജൈവവൈവിധ്യകോൺഗ്രസിനോടനുബന്ധിച്ച് ജൈവവൈവിധ്യപരിപാലനസമിതി (Biodiversity Management Committee - BMC)കളുടെ ഒരു സംഗമം സംഘടിപ്പിച്ചു. വിവിധ പഞ്ചായത്തുകളെയും കോർപ്പറേഷനുകളെയും മുൻസിപ്പാലിറ്റികളെയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ഇതിൽ പങ്കെടുത്തു. ജൈവവൈവിധ്യ ആക്ടും അനുബന്ധമായ നിയമാവലികളും ബൗദ്ധികസ്വത്തിന്റെ ഗുണഫലങ്ങൾ പങ്കുവെയ്ക്കുന്നതിലുള്ള നിബന്ധനകളും ചട്ടങ്ങളും പരിചയപ്പെടുന്നതിനും, ഈ മേഖലയിൽ ദീർഘനാളത്തെ അനുഭവസമ്പത്തും പരിചയവുമുള്ളവർക്ക് സ്വന്തം പ്രവർത്തനമാതൃകകൾ അവതരിപ്പിക്കുന്നതിനും, പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുള്ള ഒരു വേദിയായി മേൽപ്പറഞ്ഞ കൂടിക്കാഴ്ച പ്രയോജനപ്പെട്ടു. ബൗദ്ധിക സ്വത്തിന്റെ ഗുണഫലങ്ങൾ പങ്കുവെയ്ക്കുന്നതിനെ (Access and Benefit Sharing ABS) സംബന്ധിച്ചുള്ള നയരേഖ രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യസംസ്ഥാനമായി കേരളം വൈകാതെ മാറുമെന്നു സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ. പി. ലാലാദാസ് പറഞ്ഞു. ജൈവവൈവിധ്യആക്ടിന്റെ അടിസ്ഥാനത്തിൽ, എല്ലാ പഞ്ചായത്തുകളിലും ജൈവവൈവിധ്യപരിപാലന സമിതികൾ രൂപീകരിച്ചിട്ടുള്ള ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനമാണ് കേരളമെന്ന് ജൈവവൈവിധ്യബോർഡിന്റെ ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ ചൂണ്ടിക്കാട്ടി. ബൗദ്ധികസ്വത്തിന്റെ ഗുണഫലങ്ങൾ പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ചുള്ള നയരേഖയിലെ എല്ലാ ചട്ടങ്ങളും ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിരോപഭോഗവും ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. വിവിധ ജൈവവൈവിധ്യ പരിപാലനസമിതികളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ, ജൈവവൈവിധ്യ ആക്ട് നടപ്പിലാക്കുന്നതിലെ അവരവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും, ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി അവർ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

# കുട്ടികളുടെ ജൈവവൈവിധ്യകോൺഗ്രസ്

ദേശീയ ജൈവവൈവിധ്യകോൺഗ്രസിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട കുട്ടികളുടെ 7-ാമത് ജൈവവൈവിധ്യ കോൺഗ്രസ്സ് (Children's Biodiversity Congress CBC 2015) കനകക്കുന്ന് കൊട്ടാര പരിസരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടന്നു. സാംസ്കാരിക വകുപ്പുമന്ത്രി കെ. സി. ജോസഫ് കുട്ടികളുടെ 7ാമത് ജൈവവൈവിധ്യകോൺഗ്രസ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതിസൗഹൃദപരമായ കൃഷിയിലൂടെ കേരളത്തിന്റെ സമൃദ്ധമായ ജൈവവൈവിധ്യം സംരക്ഷിക്കപ്പെടേണ്ട ആവശ്യകത ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു. പ്രശസ്ത കവയത്രിയും പരിസ്ഥിതിപ്രവർത്തകയുമായ സുഗതകുമാരി അധ്യക്ഷത വഹിച്ചു. പ്രകൃതിയുടേതായി നാം ഇന്നനുഭവിക്കുന്ന സൗഭാഗ്യങ്ങളിൽ ഭൂരിഭാഗവും



*കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് ബഹു. മന്ത്രി ശ്രീ. കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു*







*കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് - വിവിധ മത്സരങ്ങൾ*

നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളായി പ്രകൃതി നമുക്കായി സ്വരുക്കൂട്ടിവെച്ചിരിക്കുന്ന ജൈവവൈവിധ്യസമ്പത്തിന്റെ സുകൃതങ്ങളാണെന്ന് സുഗതകുമാരി അഭിപ്രായപ്പെട്ടു. പുതിയ തലമുറയിൽ ഇതേക്കുറിച്ച് അവബോധമുണ്ടാവേണ്ടത് ആവശ്യമാണ്. ഇന്ന് നമുക്കുള്ള ജൈവവൈവിധ്യസമ്പത്തുക്കൾ നാം സംരക്ഷിച്ചില്ലെങ്കിൽ അവ എന്നേയ്ക്കുമായി നശിച്ചുപോവുമെന്നും കവയത്രി പറഞ്ഞു. ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ. പി. ലാലാദാസ് സ്വാഗതം ആശംസിച്ചു. ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. ആർ. തമ്പാൻ പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്റർ ഡോ.കെ. എൻ.പി.കുറുപ്പ് എന്നിവർ സംസാരിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ആനി മത്തായി കൃതജ്ഞത രേഖപ്പെടുത്തി.

ദേശീയ ജൈവവൈവിധ്യകോൺഗ്രസിനോടനുബന്ധിച്ച്, കുട്ടികൾക്കായുള്ള സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവരെയാണ് സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കാനനുവദിച്ചിരുന്നത്. പതിനാലു ജില്ലകളുടെ പ്രതിനിധികളായി ഇരുന്നൂറോളം പേർ മത്സരങ്ങളിൽ പങ്കുകൊണ്ടു. മികച്ചവയായി തിരഞ്ഞെടുക്കപ്പെട്ട അഞ്ച് പ്രോജക്ടുകൾ അവതരണത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വ്യത്യസ്തമായ വിഷയങ്ങളാണ് വേദിയിലെ അവതരണത്തിനായി തിരഞ്ഞെടുക്കപ്പെട്ടത്. 'ഒരു പ്രദേശത്തിലൂടെ ഒഴുകുന്ന പുഴ, അവിടെയുള്ള ജനങ്ങളുടെ ജീവിതവും സംസ്കാരവുമായി എങ്ങനെ ബന്ധപ്പെടുന്നു' എന്നതാണ് യു.പി. വിഭാഗത്തിലെ വിഷയമായത്. 'മൺസൂൺമഴയുടെ ലഭ്യതയിൽ വരുന്ന മാറ്റം ഭൂപ്രകൃതിയേയും ജനജീവിതത്തേയും എങ്ങനെ സ്വാധീനിക്കുന്നു' എന്നത് ഹൈസ്ക്കൂൾതലത്തിലെ വിഷയമായി.

കുട്ടികൾക്കായി സംസ്ഥാനതലത്തിലുള്ള ചിത്രരചനാമത്സരവും സംഘടിപ്പിച്ചിരുന്നു. 'വീട്ടുമുറ്റത്തോ സ്കൂൾമുറ്റത്തോ ഒരുങ്ങുന്ന ഒരു പൂന്തോട്ടം' എന്നതായിരുന്നു യു.പി. വിഭാഗത്തിനുള്ള വിഷയമായത്. 'ഗ്രാമീണജീവിതം' എന്നത് ഹൈസ്ക്കൂൾതലത്തിനുള്ള വിഷയമായി. തുടർന്ന് കുട്ടികൾക്കായുള്ള ഉപന്യാസമത്സരങ്ങൾ നടന്നു. 'മാനവരാശിയുടെ സുസ്ഥിരമായ ഭാവിക്ക് ജൈവവൈവിധ്യം സംരക്ഷിക്കപ്പെടേണ്ട ആവശ്യകത' എന്നതായിരുന്നു യു.പി. വിഭാഗത്തിലെ വിഷയം. 'കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിൽ പശ്ചിമഘട്ടത്തിന്റെ സ്വാധീനം' എന്നത് ഹൈസ്ക്കൂൾതലത്തിലെ വിഷയമായി. ബഹു. കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം ഫെബ്രുവരി 27ാം തിയതി മത്സരവിജയികൾക്ക് സമ്മാനവിതരണം നടത്തി.




*ബഹു. ഗവർണർ ജസ്റ്റിസ് പി. സദാശിവം സമ്മാനദാനം നിർവ്വഹിക്കുന്നു*

# ജൈവവൈവിധ്യ ക്ലബ്ബുകളുടെ സംഗമം

ദേശീയ ജൈവവൈവിധ്യകോൺഗ്രസിനോടനുബന്ധമായി സംസ്ഥാനത്തിലെ വിവിധ സ്ഥാപനങ്ങൾക്കു കീഴിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ജൈവവൈവിധ്യക്ളബുകളുടെ സംഗമവും കനകക്കുന്ന് കൊട്ടാര പരിസരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടന്നു. ജൈവവൈവിധ്യബോധനത്തെ ക്ളാസുമുറിക്കു പുറത്തേക്ക് നയിക്കുന്നതിലും പ്രകൃതിയോടും പരിസ്ഥിതിയോടും ഇടപഴകി ജീവിക്കുന്നതിലുള്ള അനുഭവങ്ങൾ പാഠങ്ങളാക്കുന്നതിലും ജൈവവൈവിധ്യക്ളബുകൾ പ്രധാനപങ്കു വഹിക്കുന്നുണ്ട്. ഇന്ന് സംസ്ഥാനത്തിനകത്തുള്ള വിവിധ സ്കൂളുകളിലും കോളേജുകളിലും ഇതര വിദ്യാഭ്യാസസ്ഥാപനങ്ങളിലും ജൈവവൈവിധ്യക്ളബുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി ജില്ലകളെ പ്രതിനിധീകരിക്കുന്ന ക്ളബുകൾ സമ്മേളനത്തിൽ പങ്കെടുത്തു. ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ. പി. ലാലാദാസ് സ്വാഗതം ആശംസിച്ചു. കൽക്കട്ട ഡയോസി മെത്രോപൊലീത്ത എച്ച്.ജി. ഡോ. ജോസഫ് മാർ ഡിയോനിസിയസ് ജൈവവൈവിധ്യക്ളബുകളുടെ സംഗമം ഉദ്ഘാടനം ചെയ്തു. ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ അധ്യക്ഷത വഹിച്ചു.



*ജൈവവൈവിധ്യ ക്ലബ്ബുകളുടെ സംഗമം*
*എച്ച്. ജി. ഡോ. ജോസഫ് മാർ ഡിയോനിസിയസ് നിർവ്വഹിക്കുന്നു*

ജൈവവൈവിധ്യക്ലബുകളുടെ സംഗമത്തിനുശേഷം ശാസ്ത്രജ്ഞരും കുട്ടികളുമായുള്ള മുഖാമുഖം നടന്നു. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞർ വിവിധ വിഷയങ്ങളെ അധികരിച്ച് കുട്ടികളുമായി സംവദിച്ചു: ഔഷധസസ്യങ്ങളുടെ സംരക്ഷണം (ഡോ. മാത്യു ഡാൻ), വൃക്ഷജാതികളെ സംരക്ഷിക്കേണ്ടുന്നതിന്റെ ആവശ്യകത (ഡോ.എൻ. മോഹനൻ), ജൈവവൈവിധ്യത്തിന്റെ ഭാവിസാധ്യതകൾ (ഡോ.വി.ജോർജ്ജ്), ഔഷധസസ്യങ്ങളുടെ ചികിത്സാരംഗത്തെ പങ്കും പ്രാധാന്യവും (ഡോ. വിനോദ് കുമാർ), പാരമ്പര്യ സസ്യവിജ്ഞാനീയം (ഡോ. കെ. രാധാകൃഷ്ണൻ).

# ജൈവവൈവിധ്യ പ്രദർശനം

ദേശീയ ജൈവവൈവിധ്യകോൺഗ്രസിനോടനുബന്ധിച്ചുള്ള ജൈവവൈവിധ്യ പ്രദർശനം കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. സ്വകാര്യമേഖലയിലും സർക്കാർമേഖലയിൽനിന്നുമുള്ള നൂറോളം സ്റ്റാളുകൾ പ്രദർശനനഗരിയിലുണ്ടായിരുന്നു. പ്രാദേശിക ജൈവസമ്പത്തിന്റെ നേർക്കാഴ്ചകളാവുന്ന പരിസ്ഥിതിസൗഹൃദ ഉൽപ്പന്നങ്ങളുടെ നീണ്ടനിര പ്രദർശനത്തിലെ മുഖ്യആകർഷണമായി. ഖരമാലിന്യ സംസ്കരണത്തിനായുള്ള വിവിധ സങ്കേതങ്ങൾ, ജൈവവളങ്ങൾ, വിവിധതരം കാർഷികവിളകൾ, അവയിൽനിന്നും നിർമ്മിച്ചെടുക്കുന്ന വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിവിധ സ്വയംസഹായ സംഘങ്ങൾ നിർമ്മിച്ച് പ്ര



*ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി എൻ.ബി.സി. എക്സ്പോ ഉദ്ഘാടനം ചെയ്യുന്നു*

ദർശനത്തിനെത്തിച്ചിരുന്നു. വിവിധതരം മുളകൾ, ഈറയിനങ്ങൾ, വിത്തുകൾ, തുടങ്ങിയവ കേരള സംസ്ഥാന വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രദർശനസ്റ്റാളിന് മാറ്റുകൂട്ടി. ടേബിൾകലണ്ടറുകൾ, ചിത്രപ്പണിചെയ്ത കാപ്പിപ്പാത്രങ്ങൾ, തൊപ്പികൾ, റ്റീഷർട്ടുകൾ, നോട്ട്ബുക്കുകൾ, കീചെയിനുകൾ തുടങ്ങിയുള്ള കൗതുകകരമായ ഉൽപ്പന്നങ്ങളിലൂടെ വേൾഡ്‌വൈഡ് ഫണ്ട് ഫോർ നേച്ചറിന്റെ (World Wide Fund for Nature WWF India) സ്റ്റാൾ ശ്രദ്ധേയമായി.

തിരുവനന്തപുരം കൈമനത്തുനിന്നുമുള്ള മഷ്റൂം ഫാർമേഴ്സ് ആന്റ് ബൈപ്രോഡക്ട്സ് വെൽഫെയർ സൊസൈറ്റി ഒരുക്കിയ മഷ്റൂം ബർഗറുകൾ, കട്‌ലറ്റുകൾ തുടങ്ങിയ സ്വാദിഷ്ടവിഭവങ്ങളിലൂടെ അനേകം പേരെ ആകർഷിച്ചു. ഒരു മീറ്ററോളം നീളമുള്ള 'പെരുംകദളി' എന്നയിനം വാഴക്കുലയായിരുന്നു പെരിങ്ങമ്മല ബനാനാ സ്റ്റാളിന്റെ പ്രധാന ആകർഷണം. ജൈവക്കൃഷി സങ്കേതങ്ങൾ മാത്രം അനുവർത്തിക്കുന്നതിലൂടെ വിളയിച്ചെടുത്ത വാഴക്കുലകളും 45 നെൽവിത്തിനങ്ങളും സ്റ്റാളിനെ വ്യത്യസ്തമാക്കി. കട്ട്ഫ്ളവർ സൊസൈറ്റി ഓർക്കിഡ് വൈവിധ്യമാണ് പ്രദർശിപ്പിച്ചത്. സുവോളജിക്കൽ



സർവ്വേ ഓഫ് ഇന്ത്യയുടെ കീഴിലുള്ള പശ്ചിമഘട്ട പ്രാദേശിക കേന്ദ്രത്തിന്റെ സ്റ്റാൾ വിവിധതരം പാമ്പുകൾ, ചിത്രശലഭങ്ങൾ, നിശാശലഭങ്ങൾ, തുമ്പികൾ, കടന്നലുകൾ, തേനീച്ചകൾ, ചീവീടുകൾ, പുൽച്ചാടികൾ തുടങ്ങിയവയുടെ സ്പെസിമെൻ ശേഖരത്തിലൂടെ കൗതുകമുണർത്തി. വംശനാശഭീഷണി നേരിടുന്ന ജീവികളായ ഉറുമ്പുതീനി, മരപ്പട്ടി, നക്ഷത്ര ആമകൾ, വിവിധതരം ഉഭയജീവികൾ തുടങ്ങിയവയുടെ വിപുലമായ ശേഖരത്തിലൂടെയും ശ്രദ്ദേയമായതായിരുന്നു സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സ്റ്റാൾ ശ്രദ്ധേയമായി.

## സമാപന സമ്മേളനം

രണ്ടാമത് ദേശീയ ജൈവവൈവിധ്യകോൺഗ്രസിന്റെ സമാപനസമ്മേളനം തിരുവനന്തപുരത്തുള്ള കനകക്കുന്ന് കൊട്ടാരം ഓഡിറ്റോറിയത്തിൽവച്ചു നടന്നു. ബഹു: കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം മുഖ്യപ്രഭാഷണം നടത്തി. പരിസ്ഥിതിയുടെ സന്തുലനവും സുസ്ഥിരതയും ഗുണപരമായി നിലനിർത്താൻ സഹായകമാവുന്ന ഗ്രാമീണപരിസ്ഥിതികൾ ഹരിതസമ്പദ്‌വ്യവസ്ഥയിലേക്കുള്ള ചുവടുമാറ്റത്തിന് പുതിയ കുതിപ്പുകൾ നൽകാൻ കഴിയുന്നവയാണെന്ന് അദ്ദേഹം പറഞ്ഞു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെയൊന്നാകെ വിശ്വാസത്തിലെടുക്കേണ്ടതുണ്ടെന്ന് അധ്യക്ഷപ്രസംഗം നടത്തിയ സംസ്ഥാന വനംപരിസ്ഥിതി വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ജീവിതങ്ങളും ജീവസന്ധാരണ മാർഗ്ഗങ്ങളുമായി ബന്ധമുള്ളതാണ് ജൈവവൈവിധ്യം. ഇക്കാരണത്താൽത്തന്നെ ഇന്ത്യയുടേതായ ജൈവസമ്പത്തുക്കൾ സംരക്ഷിക്കപ്പെടേണ്ടതും പുഷ്ടിപ്പെടുത്തപ്പെടേണ്ടതും ആവശ്യമാണ്. അതേസമയം, പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ വരുംതലമുറകളെ മുന്നിൽ കണ്ടുകൊണ്ട് പരിസ്ഥിതിപരമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസിനോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനവിതരണം ബഹു: കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവ്വഹിച്ചു. ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. കെ. പി. ലാലാദാസ്, ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ എന്നിവർ സന്നിഹിതരായിരുന്നു.




*ബഹു. ഗവർണർ പുസ്തകപ്രകാശനം നിർവ്വഹിക്കുന്നു*





*സമ്മാന വിതരണം*



# വർക്ക്ഷോപ്പുകൾ / സെമിനാറുകൾ

## ബി.എം.സി. മാനവശേഷിവികസന വർക്ക്ഷോപ്പ്

മാനവശേഷി വികസനവുമായി ബന്ധപ്പെട്ട് ജൈവ വൈവിധ്യ നിയമങ്ങൾ, അവയുടെ പ്രാധാന്യം, ഘടന, ഉത്തരവാദിത്തങ്ങൾ, അധികാരങ്ങൾ, ധനകാര്യം, സുതാര്യത മുതലായവ സംബന്ധിച്ച് 11.08.2014-ന് പരിസ്ഥിതി കാവൽ സംഘങ്ങളായി വർത്തിക്കുന്ന ബി.എം.സി. അംഗങ്ങൾക്ക് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

## തിരുവനന്തപുരം വിമാനത്താവളത്തിലെ പക്ഷി ഭീഷണി നിയന്ത്രണം

തിരുവനന്തപുരം വിമാനത്താവളത്തിൽ പക്ഷികളുടെ ഉപദ്രവം മൂലം എയർക്രാഫ്റ്റുകൾക്കുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിന് വിമാനത്താവളത്തിലെ ജീവനക്കാർ സംസ്ഥാന ജൈവവൈവിധ്യബോർഡുമായി ബന്ധപ്പെടുകയും അതനുസരിച്ച് 27.11.2014-ന് തിരുവനന്തപുരം എയർ പോർട്ടിൽ വച്ച് മീറ്റിങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. ഇന്ത്യൻ എയർ ഫോഴ്സ് വിങ് കമാൻഡർ ശ്രീനിധി എയർപോർട്ടിന് സമീപം പക്ഷികളുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചു. എയർപോർട്ടിന് സമീപത്തുള്ള ബീച്ചിന്റെ സാന്നിദ്ധ്യവും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളുടെ നിക്ഷേപവും പക്ഷികളെ എയർപോർട്ടിനടുത്തേക്ക് കൂടുതൽ ആകർഷിക്കുന്നു. എയർക്രാഫ്റ്റുകൾ പുറന്തള്ളുന്ന ചൂട് പക്ഷികളെ ആകർഷിക്കുന്ന മറ്റൊരു ഘടകമാണ്. എയർപോർട്ടിനുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ തൃപ്തികരമായ രീതിയിൽ പുറന്തള്ളുന്നുണ്ടെന്നും അത് എയർപോർട്ടിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും ശുചിത്വ മിഷൻ, പോലീസ് പട്രോളിങ്ങ് എന്നിവയുടെ സഹായത്താൽ ഉറപ്പുവരുത്തേണ്ടതുണ്ട്. കെ.എസ്. ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ, മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ്, ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. കെ. വാസുകി, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



## ജനിതകോദ്ധാരണം നടത്തിയ ഫാം തിലാപ്പിയ (ഗിഫ്റ്റ്) കൃഷി

ജനിതകോദ്ധാരണം നടത്തിയ ഫാം തിലാപ്പിയ (ഗിഫ്റ്റ്) കേരളത്തിൽ കൃഷി ചെയ്യുന്നത് സംബന്ധിച്ച് 02.07.2014-ന് തിരുവനന്തപുരത്തു ഒരു വിദഗ്ധ സമിതി യോഗം സംഘടിപ്പിച്ചു. കെ.എസ്. ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ഗിഫ്റ്റ് തിലാപ്പിയ കൃഷി കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. കടന്നുകയറ്റക്കാരായ അന്യദേശ ജീവികളെക്കൊണ്ട് വിപരീത ഫലങ്ങൾ അനുഭവിക്കുന്ന കേരളം പോലൊരു സംസ്ഥാനത്തിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് വീണ്ടും ചിന്തിക്കേണ്ടിയിരിക്കുവെന്ന് മെമ്പർ സെക്രട്ടറി ഡോ. കെ.പി. ലാലാദാസ് ഊന്നിപ്പറഞ്ഞു. ഗിഫ്റ്റ് ഫാമിങ്ങുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കുന്നത് മഴക്കാല വെള്ളപ്പൊക്കം പോലുള്ള ഭീഷണിയുള്ള സംസ്ഥാനത്ത് നടപ്പാക്കുന്നതിലുള്ള ആശങ്ക എല്ലാ വിദഗ്ധ അംഗങ്ങളും പങ്കുവച്ചു. (മാനദണ്ഡങ്ങൾ പ്രകാരം ഗിഫ്റ്റ് ഫാമിങ്ങ് നടത്തേണ്ടത് വെള്ളപ്പൊക്ക ഭീഷണിയില്ലാത്ത ഒരേക്കറിൽ കുറയാത്ത സ്ഥലത്താണ്.) ഗിഫ്റ്റ് തിലാപ്പിയ നമ്മുടെ മറ്റ് പ്രകൃതിദത്തമായ ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത് Etroplus suratensis എന്ന തനത് മത്സ്യത്തിന് ഭീഷണിയാണ്. മറ്റ് ജലസ്രോതസ്സുകളിൽ ഗിഫ്റ്റ് തിലാപ്പിയ എത്തിച്ചേരുന്നത് തടയുന്നതിന് കൃത്യമായ മുൻകരുതൽ വേണം. ഫാം തയ്യാറാക്കുന്നതിനും ഫാമിന് ലൈസൻസ് നൽകുന്നതിനും കൃത്യമായി മേൽനോട്ടം വഹിക്കുന്ന ഒരു ഭരണസംവിധാനം അത്യാവശ്യമാണ്. സാമ്പത്തിക പ്രാധാന്യമുള്ള തനത് സ്പീഷീസുകളായ Etroplus suratensuis, Horabagrus brachysoma, Channa sps എന്നീ മത്സ്യങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള കൃഷി സങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

## ബൗദ്ധിക സ്വത്തവകാശവും ജൈവവൈവിധ്യവും

ആന്ധ്രാപ്രദേശ് ടെക്നോളജി ഡവലപ്പ്മെന്റ് ആന്റ് പ്രൊമോഷൻ സെന്ററിന്റെ ഇന്ത്യൻ ഇൻഡസ്ട്രിക

ളുടെ കോൺഫഡറേഷന്റെയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും സംയുക്താഭിമുഖ്യ ത്തിൽ 30.09.2014-ന് ബൗദ്ധിക സ്വത്തവകാശവും ജൈവവൈവിധ്യവും സംബന്ധിച്ച് ഒരു ഏകദിന സെമിനാർ നടത്തി. ബഹു. പരിസ്ഥിതി വനം വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സെമി നാർ ഉദ്ഘാടനം ചെയ്തു. ജൈവവൈവിധ്യത്തിന് നാശമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ അവസാനിപ്പി ക്കണമെന്നും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തണമെ**ന്നും** അദ്ദേഹം ഉദ്ഘാടന പ്രസംഗ ത്തിൽ ആവശ്യപ്പെട്ടു. ജൈവവൈവിധ്യം പ്രയോജ നപ്പെടുത്തുന്ന എല്ലാ കമ്പനികളും അക്സസ് ആന്റ് ബനഫിറ്റ് ഷെയറിങ്ങ് പ്രായോഗികമായി നടപ്പിൽ വരുത്താൻ സഹായിക്കണമെന്ന് ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ തന്റെ പ്രത്യേക പ്രസംഗ ത്തിൽ ആവശ്യപ്പെട്ടു. ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് ഇന്ത്യയിൽ പ്രവർത്തിക്കുന്ന യു.എ സ്. എംബസിയുടെ ആദ്യ സെക്രട്ടറി കൽപ്പന റെഡ്ഢിയുടെ അഭിപ്രായം, എ.ബി.എസ്. നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിലൂടെ ജൈവസമ്പത്ത് വർദ്ധി പ്പിക്കാമെന്നും രാജ്യത്തിന്റെ ഉത്തരവാദിത്തങ്ങൾ ദേശീയ പ്രധാന്യത്തോടെ ആഗോള അജണ്ടയുമായി താദാത്മ്യം പ്രാപിക്കേണ്ടത് അത്യാവശ്യമാണെന്നു മാണ്. ജൈവവൈവിധ്യത്തിൽ അധിഷ്ഠിതമായ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ജൈവവൈവിധ്യം, ബൗദ്ധിക സ്വത്തവകാശം എന്നിവ ജൈവസമ്പത്ത് വാണിജ്യ പരമായി ഉപയോഗിക്കുന്നവർക്ക് ഏതുവിധേന അത് ബാധകമാണെന്ന് അവരെ ബോധ്യപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളുണ്ടാകണം.

## സുസ്ഥിരവികസനത്തിൽ ഗാന്ധിജിയുടെ കാഴ്ചപ്പാട്

'സുസ്ഥിരവികസനത്തിൽ ഗാന്ധിജിയുടെ കാഴ്ച പ്പാട്' എന്ന വിഷയത്തിൽ 21.01.2015-ന് ഇന്റർ നാഷ ണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്ട്സുമായി സഹകരിച്ച് തിരുവനന്തപുരത്ത് ശില്പശാല സംഘടിപ്പിച്ചു. ഇന്റർ നാഷണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്ട്സിന്റെ ചെയർമാൻ ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയുടെ അധ്യക്ഷതയിൽ ആരം ഭിച്ച സെമിനാർ ബഹു. പരിസ്ഥിതി വനം വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മെമ്പർ സെക്രട്ടറി ഡോ.കെ.പി. ലാലാ ദാസ് സ്വാഗതം ആശംസിച്ചു. ഗാന്ധിസ്മാരക നിധി ചെയർമാൻ ശ്രീ.പി.ഗോപിനാഥൻ നായർ സബ ർമതി ആശ്രമവുമായി ബന്ധപ്പെട്ട തന്റെ അനുഭവ ങ്ങൾ പങ്കുവയ്ക്കുകയും സുസ്ഥിരവികസനത്തെ സംബന്ധിച്ച ഗാന്ധിജിയുടെ വീക്ഷണങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ബോർഡ് പ്രസിദ്ധീ കരിച്ച പരിസ്ഥിതി കവിതകൾ അടങ്ങുന്ന 'പ്രകൃതി ഗീതങ്ങൾ' എന്ന കവിതാ സമാഹാരം പി.എസ്.സി. മെമ്പർ അഡ്വ.വി.എസ്.ഹരീന്ദ്രനാഥിന് പകർപ്പു ന ൽകിക്കൊണ്ട് അദ്ദേഹം പ്രകാശനം നിർവഹിച്ചു. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി.കെ. രാധാകൃഷ്ണൻ 'പ്രകൃതി സംരക്ഷണം - ഗാന്ധിജിയുടെ കാഴ്ചപ്പാട്' എന്ന ലഘുപുസ്ത കത്തിന്റെ പ്രകാശനം നടത്തി. കെ.എസ്.ബി.ബി. ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ ഈ പുസ്തക ത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി. നൂറിലധികം പേർ ചടങ്ങിൽ പങ്കെടുത്തു.




*സെമിനാർ ഉദ്ഘാടനം ബഹു. മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു*




*മെമ്പർ സെക്രട്ടറി ഡോ. കെ.പി. ലാലാദാസ് സെമിനാ റിനെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു*

## നഗര ജൈവവൈവിധ്യ സംരക്ഷണം - അവലോകനം

നഗരജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തിരുവനന്തപുരം നഗരപരിധിയിലെ 14 കുളങ്ങൾ 2012-14 കാലയളവിൽ പുനരുദ്ധരിച്ചിരു ന്നു. 24.11.2014-ന് തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ച് പദ്ധതി നടപ്പാക്കിയ പ്രദേശങ്ങളിലെ റസി ഡൻസ് അസോസിയേഷനുകളെ ഉൾക്കൊ ള്ളിച്ചുകൊണ്ട് ഒരു അവലോകനയോഗം സംഘടി പ്പിച്ചു. പുനരുദ്ധരിക്കപ്പെട്ട കുളങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ നിലനിർത്തുന്നത് കണ്ടെത്താൻ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം അവയെ ഗ്രേഡിങ്ങിന് വിധേയമാക്കി. വട്ടിയൂർക്കാവിൽ സ്ഥിതിചെ യ്യുന്ന പേങ്ങോട്ടുകോണം കുളവും പട്ടത്തെ മങ്ങ ന്നൂർക്കോണം കുളവുമാണ് ഏറ്റവും നന്നായി നില നിർത്തിപ്പോരുന്നതെന്ന് തെളിഞ്ഞു. ഗ്രേഡിങ്ങിൽ മൂന്നാം സ്ഥാനം പോങ്ങുമ്മൂട് സ്ഥിതിചെയ്യുന്ന ദുശിയൂർക്കോണം കുളത്തിനും ലഭിച്ചു.



## പാലക്കാട് ചുരം ഹരിതവൽക്കരണം

പാല്ക്കാട് ചുരം ഹരിതവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പാക്കുന്ന പ്രോജക്ട് സംബന്ധമായി 22.12.2014-ൽ പാലക്കാട് വച്ച് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വനംവകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർത്തകർ, കെ.എസ്.ബി.ബി. ജില്ലാ കോ-ഓർഡിനേറ്റർ, പ്രോജക്ട് ഫെല്ലോകൾ, ബയോഡൈവേഴ്സിറ്റി ക്ലബ്ബ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം കോർപ്പറേഷന്റെ പി.ബി.ആർ. തയ്യാറാക്കൽ

2014 ഡിസംബർ 5-ന് തിരുവനന്തപുരം കോർപ്പറേഷന്റെ പി.ബി.ആർ. തയ്യാറാക്കലുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിച്ചു. തിരുവനന്തപുരം കോർപ്പറേഷന്റെ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ പരിപാടി ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കെ.എസ്.ബി.ബി. സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ, ജില്ലാ കോ-ഓർഡിനേറ്റർ, പ്രോജക്ട് ഫെല്ലോകൾ എന്നിവർ പങ്കെടുത്തു.



Photo: G.S. Unnikrishnan Nair

# പരിശീലന/ബോധവൽക്കരണ പരിപാടികൾ

## ദിനാചരണങ്ങൾ

### അന്തർദേശീയജൈവവൈവിധ്യ ദിനം, 22 മേയ് 2014

അന്തർദേശീയ ജൈവവൈവിധ്യദിനത്തിന്റെ സംസ്ഥാനതല ആചരണം ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2014 മേയ് 22ന് തിരുവനന്തപുരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇഞ്ചിനീയേഴ്സ് ഹാളിൽ നടന്നു. 'ദ്വീപുകളിലെ ജൈവവൈവിധ്യം' (Island Biodiversity) എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണസന്ദേശം. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ദിനാചരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനം-പരിസ്ഥിതി വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷനായിരുന്നു. വിവിധജില്ലകളിലെ ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ, ജില്ലാ കോർഡിനേറ്റർമാർ, വിവിധ



*ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സമ്മാനവിതരണം നടത്തുന്നു*



*പുസ്തക പ്രകാശനം*

ജില്ലകളിൽനിന്നുള്ള പ്രോജക്ട് ഫെല്ലോകൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ ദിനാചരണസമ്മേളനത്തിൽ പങ്കെടുത്തു.

അന്തർദേശീയ ജൈവവൈവിധ്യ ദിനാചരണത്തിനോടനുബന്ധിച്ച് കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ ജൈവവൈവിധ്യ സമ്പത്തിനെക്കുറിച്ചും സാംസ്കാരിക പാരിസ്ഥിതികപൈതൃകത്തിനെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിനും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവ പകർന്നുനൽകുന്ന സേവനങ്ങളെക്കുറിച്ചും അവബോധം ജനിപ്പിക്കാനും ദിനാചരണത്തിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട ഫോട്ടോഗ്രാഫി പ്രദർശനം, ലഘുചലച്ചിത്രമത്സരം, എക്സിബിഷൻ തുടങ്ങിയവയ്ക്ക് കഴിഞ്ഞു. ഫോട്ടോഗ്രാഫി മേഖലയിലെ തുടക്കക്കാർക്കായി, രണ്ട് വിഭാഗങ്ങളിലായി, 'ഗ്രീൻ ഇമേജസ്' 2014 (Green Images 2014) എന്ന പേരിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുകയുണ്ടായി. 'പ്രകൃതിയിലെ വൈവിധ്യം' (The Diverse Nature) എന്നതായിരുന്നു 10 വയസിനും 18 വയസിനും ഇടയ്ക്കുള്ളവർക്കായി നൽകപ്പെട്ടിരുന്ന വിഷയം, 'ജൈവവൈവിധ്യം: നമ്മുടെ സമ്പത്ത്, നമ്മുടെ പൈതൃകം' (Biodiversity: Our Heritage, Our Wealth) എന്നത് 18 വയസിനു മുകളിലുള്ളവർക്കുള്ള വിഷയവും. ഫോട്ടോഗ്രാഫി രംഗത്തെ നവാഗതരിൽനിന്നും കുട്ടികളടക്കം നല്ല പ്രതികരണം നേടിയെടുക്കാൻ സോഷ്യൽമീഡിയ അടക്കമുള്ള നവമാധ്യമങ്ങളിലൂടെ കഴിഞ്ഞു. മികച്ച ഫോട്ടോഗ്രാഫുകൾക്ക് പുരസ്കാരവും അംഗീകാരവും നൽകുന്നതിലൂടെ പൊതുജനങ്ങളുടെ ഹൃദയപൂർവ്വമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഫോട്ടോഗ്രാഫി മത്സരത്തിനായി. പർവ്വതമേഖലയിലെ ജൈവവൈവിധ്യം മുതൽ സമുദ്രജൈവവൈവിധ്യം വരെ നീളുന്ന പ്രകൃതിയിലെ വൈവിധ്യം ചിത്രീകരിക്കുന്നതായിരുന്നു പ്രദർശിപ്പിക്കപ്പെട്ട ഓരോ ഫോട്ടോഗ്രാഫും. 'ജീവിതം, ജൈവവൈവിധ്യം, മനുഷ്യൻ' എന്ന സന്ദേശം പ്രമേയമാക്കിക്കൊണ്ട് ഗ്രീൻ



*ചിത്രരചനാമത്സരം*

സ്നിപ്പെറ്റ്സ് (Green Snippets 2014) എന്ന പേരിൽ ഒരു ഹ്രസ്വചിത്രമേളയും സംഘടിപ്പിക്കപ്പെടുകയുണ്ടായി. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അവതരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങളായിരുന്നു പ്രദർശിപ്പിക്കപ്പെട്ടത്. സമുദ്രജൈവവൈവിധ്യം എന്ന വിഷയത്തെ അധികരിച്ച് ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി പ്രബന്ധരചനാമത്സരവും ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി പോസ്റ്റർ, ചിത്രരചനാമത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. എല്ലാ പ്രായത്തിലുമുള്ള കുട്ടികളേയും ആകർഷിക്കാൻ ഈ മത്സരങ്ങൾക്കു കഴിഞ്ഞു. ഈ വർഷത്തെ ദിനാചരണസന്ദേശമായ 'ജൈവവൈവിധ്യം: നമ്മുടെ സമ്പത്ത്, നമ്മുടെ പൈതൃകം' എന്ന വിഷയത്തെ അധികരിച്ച് 'ദ്വീപുകൾ: ജൈവവൈവിധ്യത്തിന്റെ രണഭൂമികൾ' (Islands: Biodiversity Hotspots) എന്ന ശീർഷകമുള്ള പ്രബന്ധം ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ അവതരിപ്പിച്ചു. ഗാലപ്പാഗോസ്, മഡഗാസ്കർ, ആൻഡമാൻ നിക്കോബാർ തുടങ്ങിയ ദ്വീപുകളിലെ ജൈവവൈവിധ്യ തീഷ്ണ മേഖലകൾ ഉദാഹരിച്ചുകൊണ്ട് ദ്വീപുകളിലെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, പ്രാധാന്യം തുടങ്ങിയവയെ പരാമർശിക്കുന്നതായിരുന്നു പ്രബന്ധം. അനന്യമായ ഭൗമജീവീയ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ദ്വീപുകളെന്നും ലോകത്തിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത ലാൻഡ് ഇഗ്വാന, ജയന്റ് ടോർടോയിസ് തുടങ്ങിയവയെ ഉൾക്കൊള്ളുന്നവയാണ് അവയെന്നുമുള്ള വസ്തുതൾ അടിവരയിടുന്നതായിരുന്നു പ്രബന്ധം. ദിനാചരണത്തോട്



*ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ വിതരണം*

അനുബന്ധമായി നടന്ന മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനവിതരണം മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ജൈവവൈവിധ്യ ബോർഡ് മെമ്പർസെക്രട്ടറി ഡോ. കെ. പി. ലാലാദാസ്, ഡോ. ജെ. ബി. ഫ്രാങ്ക്ളിൻ എന്നിവർ ചേർന്നെഴുതി, കേരള ജൈവവൈവിധ്യബോർഡ് പ്രസിദ്ധീകരിക്കുന്ന *Marine Gastropods of Kerala* എന്ന പുസ്തകം ചടങ്ങിൽവെച്ച് പ്രകാശനം ചെയ്തു. മെമ്പർ സെക്രട്ടറി ഡോ. കെ. പി. ലാലാദാസ് നന്ദി പ്രകാശിപ്പിച്ചു.

## ലോകപരിസ്ഥിതി ദിനം, 5 ജൂൺ 2014

2014 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വനംവകുപ്പുമായി ചേർന്ന് കോട്ടയത്തെ കെ.പി.എസ്. മേനോൻ മെമ്മോറിയൽ ഹാളിൽ വച്ച് ഒരു എക്സിബിഷൻ സംഘടിപ്പിച്ചു. വനം പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ പല പ്രശസ്ത വ്യക്തികളും എക്സിബിഷൻ സന്ദർശിച്ചു. പരിസ്ഥിതി വിഷയമാക്കിയിട്ടുള്ള 300 ഫോട്ടോകളും 50 പാനലുകളും പ്രദർശിപ്പിച്ചു. ജൈവവൈവിധ്യം സംബന്ധിച്ച വിവിധ ബ്രോഷറുകളുടെ 500 പ്രതികൾ സന്ദർശകർക്ക് വിതരണം ചെയ്തു. ജൈവവൈവിധ്യ ബോർഡ് പുറത്തിറക്കിയ ഡോക്യുമെന്ററികളുടെ പ്രദർശനം നടത്തി. കേരളത്തിലെ സമ്പന്നമായ ജൈവവൈവിധ്യം, വംശനാശം നേരിടുന്ന സസ്യ-ജന്തുവിഭാഗങ്ങൾ, വീട്ടുവളപ്പിലെ ജൈവവൈവിധ്യം, പരമ്പരാഗത സസ്യ ജന്തുയിനങ്ങളുടെ സംരക്ഷണം തുടങ്ങി വിവിധ വിഷയങ്ങളിൽ പൊതുജന ബോധവൽക്കരണം നടത്താൻ എക്സിബിഷനിലൂടെ കഴിഞ്ഞു. ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജൈവവൈവിധ്യം നശിപ്പിക്കുന്ന ഘടകങ്ങൾ മനുഷ്യജീവിതത്തിന് ജൈവവൈവിധ്യം നൽകുന്ന സേവനങ്ങൾ എന്നിവ പൊതുജനങ്ങളിൽ എത്തിക്കുന്നതിൽ ഈ എക്സിബിഷൻ ഒരു വിജയമായിരുന്നു.

## ജില്ലാതല കോർഡിനേറ്റർമാരുടേയും പ്രോജക്ട് ഫെല്ലോകളുടേയും സംസ്ഥാനതല പുനരവലോകന കൂടിക്കാഴ്ച

ഇടുക്കി ദേവികുളത്ത് സ്ഥിതി ചെയ്യുന്ന നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ വച്ച് സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പ്രവർത്തിക്കുന്ന ജില്ലാതല കോ-ഓർഡിനേറ്റർമാരുടെയും പ്രോജക്ട് ഉദ്യോഗസ്ഥരുടെയും ഒരു അവലോകനയോഗം 2014 നവംബർ 12, 13 തീയതികളിൽ കൂടുകയുണ്ടായി. ബോർഡ് മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ ഉദ്ഘാടനം ചെയർമാൻ ഡോ.ഉമ്മൻ വി. ഉമ്മൻ നിർവഹിച്ചു. ഇടുക്കി ജില്ലാ കോ-ഓർഡിനേറ്റർ എൻ.രവീന്ദ്രൻ സ്വാഗതം പറഞ്ഞു. മെമ്പർ സെക്രട്ടറി തന്റെ അധ്യക്ഷപ്രസംഗത്തിൽ ബി.എം.സി. ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൂർത്തിയാക്കാനുള്ള പി.ബി.ആറുകൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ജില്ലാ കോ-ഓർഡിനേറ്റർമാരോട് ആവശ്യപ്പെടുകയും ചെയ്തു. നാഷണൽ മെഡിസിനൽ ബോർഡിന്റെ സഹായത്താൽ വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയെ സംബന്ധിച്ചും മൂന്നാർ ലാന്റ്സ്കേപ്പ് പ്രോജക്ടിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ജില്ലാതല പ്രോജക്ടുദ്യോഗസ്ഥരുടെ സഹകരണവും പദ്ധതി വിജയിപ്പിക്കുന്നതിന് അവശ്യഘടകമാണെന്ന് അദ്ദേഹം അറിയിച്ചു. സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.എസ്.രാജശേഖരൻ രണ്ട് ദിവസങ്ങളിലായി നടക്കുന്ന മീറ്റിങ്ങിനെ സംബന്ധിച്ച ആമുഖ വിവരണം നൽകി. ചെയർമാൻ



*Photo: P. Karunakaran*

ഡോ.ഉമ്മൻ വി. ഉമ്മൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ബി.എം.സി.യുടെ പ്രവർത്തനമേഖല വിപുലീകരിക്കണമെന്നും പി.ബി.ആറുകൾ എത്രയുംവേഗം പൂർത്തീകരിച്ച് ജൈവവൈവിധ്യ സംരക്ഷണത്തിനുതകുന്ന പ്രവർത്തനങ്ങൾക്ക് സജ്ജമാക്കണമെന്നും ആവശ്യപ്പെട്ടു. പി.ബി.ആർ. പ്രവർത്തനങ്ങളിൽ അവലോകനം നടത്തുകയും 2014-15 കാലയളവിൽ നടപ്പിലാക്കേണ്ട സംരക്ഷണപ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. പ്രോജക്ട് അസോസിയേറ്റ് മിത്രാംബിക എൻ.ബി. പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു.

### സാമൂഹ്യപാഠം: ഫോൺ ഇൻ പ്രോഗ്രാം

ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ ജൈവവൈവിധ്യത്തെക്കുറിച്ച് നടത്തിയ പ്രഭാഷണം, 2014 മേയ് 21 ന് ഉച്ചക്ക് 2 മുതൽ 3 മണി വരെ, 'സാമൂഹ്യപാഠം' എന്ന പ്രോഗ്രാമിനുകീഴിൽ ഒരു സ്പെഷ്യൽ എപ്പിസോഡായി ദൂരദർശൻ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. ജൈവവൈവിധ്യ ശോഷണത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെയ്ക്കാൻ ഈ പരിപാടി സഹായകമായി.

## ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിനെക്കുറിച്ചുള്ള അവബോധപ്രവർത്തനങ്ങൾ

### ജൈവവൈവിധ്യ ബോധവൽക്കരണ ക്ലാസുകൾ

ദേശീയ ജൈവവൈവിധ്യഅതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പിലാക്കപ്പെട്ട പദ്ധതിയുടെ ഭാഗമായി, അഞ്ചു ജില്ലകളിലെ തിരഞ്ഞെടുത്ത 28 സ്കൂളുകളിൽ ജൈവവൈവിധ്യപരിചയവും ജനകീയജൈവവൈവിധ്യരജിസ്റ്റർ സംബന്ധമായ ബോധവൽക്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്തുള്ള 6 സ്കൂളുകളും കൊല്ലത്തുള്ള 5 സ്കൂളുകളും എറണാകുളത്തുള്ള 5 സ്കൂളുകളും മലപ്പുറത്തുള്ള 6 സ്കൂളുകളും വയനാടുള്ള 6 സ്കൂളുകളും ഇതിൽ ഭാഗഭാക്കായി. ഇതിന്റെ ഭാഗമായി ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ



അടിസ്ഥാനമായുള്ള ജൈവവൈവിധ്യ പരിചയവും ജൈവവൈവിധ്യസംരക്ഷണവും സുസ്ഥിര ഉപയോഗവും സംബന്ധിച്ച ബോധവൽക്കരണവും എന്നതിനെക്കുറിച്ചുള്ള വിശദമായ ഒരു പാഠ്യപദ്ധതി തയ്യാറാക്കപ്പെടുകയും വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. 150 മുതൽ ഇരുന്നൂറോളം വിദ്യാർത്ഥികൾ ഓരോ ക്ലാസുകളിലും പങ്കെടുക്കുകയുണ്ടായി. 20 മുതൽ 25 മണിക്കൂർ വരെയായിരുന്നു ക്ലാസുകളുടെ ആകെ ദൈർഘ്യം. ജില്ലാ കോർഡിനേറ്റർമാരായിരുന്നു ക്ലാസുകൾക്ക് തുടക്കമിട്ടുകൊണ്ട് സംസാരിച്ചിരുന്നത്. അതിനുശേഷം ജൈവവൈവിധ്യ സംരംക്ഷണ മേഖലയിലെ വിദഗ്ദ്ധർ, പരിസ്ഥിതിപ്രവർത്തകർ, അധ്യാപകർ, പ്രാദേശികവും തദ്ദേശീയവുമായ ജൈവവൈവിധ്യസമ്പത്തുക്കളുടെ സംരക്ഷണം ജീവിതചര്യയാക്കിയവർ തുടങ്ങിയവരാണ് ക്ലാസുകൾ








നയിച്ചത്. ഇവരെക്കൂടാതെ, പ്രോഗ്രാം കോർഡിനേറ്റർമാരും പ്രോജക്ട് ഫെല്ലോകളും ക്ലാസുകൾ കൈകാര്യംചെയ്തു.

## ഓണാട്ടുകര ഫെസ്റ്റ്

2014 ഡിസംബർ 19 മുതൽ 23 വരെ, നടന്ന 'ഓണാട്ടുകര ഫെസ്റ്റി'ൽ സംസ്ഥാന ജൈവവൈവിധ്യബോർഡ് പങ്കെടുക്കുകയുണ്ടായി. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളും, കേരളത്തിലെ കിഴങ്ങുവർഗ്ഗവൈവിധ്യവും പ്രദർശനത്തിലെ മുഖ്യപ്രമേയങ്ങളായി. 2014 ജൂലൈ മുതൽ ക്ലാസുകൾ ആരംഭിക്കുകയുണ്ടായി.

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച ജൈവവൈവിധ്യപ്രദർശനം

നവംബർ 27 മുതൽ 30 വരെ, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച ജൈവവൈവിധ്യപ്രദർശനത്തിൽ ജൈവവൈവിധ്യബോർഡ് പങ്കെടുക്കുകയുണ്ടായി. ഏകദേശം 50,000 പേർ കാണാനെത്തിയ പ്രദർശനം, അതിൽ പങ്കുകൊണ്ട സാമാന്യജനങ്ങളുടേയും മറ്റ് അഭ്യുദയകാംക്ഷികളുടേയും സാന്നിധ്യത്തിലൂടെ വൻവിജയമായി.

## സയൻസ് എക്സ്പ്രസ്

ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനിപ്പിക്കാനുദ്ദേശിച്ച് കൊണ്ടുള്ള സയൻസ് എക്സ്പ്രസ് എന്ന സ്പെഷ്യൽ ട്രെയിൻ (Science Express- Biodiversity Special) 2014 നവംബർ 24 മുതൽ ഡിസംബർ 7 വരെ, കേരളത്തിലെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ സന്ദർശനം നടത്തുകയുണ്ടായി. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഈ സംരംഭത്തെക്കുറിച്ച് വ്യാപകമായ പ്രചാരണം സംസ്ഥാന ജൈവവൈവിധ്യബോർഡ് നടത്തുകയുണ്ടായി. ജൈവവൈവിധ്യ ബോർഡിന്റെ പ്രതിനിധികളും ജൈവവൈവിധ്യക്ലബ് അംഗങ്ങളും സ്പെഷ്യൽ ട്രെയിൻ സന്ദർശനം നടത്തിയ നാലു കേന്ദ്രങ്ങളിൽ (കാസർഗോഡ്, കൊല്ലം, ഷൊർണ്ണൂർ, തൃശൂർ) അതിനെ വരവേൽക്കുകയുണ്ടായി.


Photo: Benny Ajantha

# അവാർഡുകൾ/ആദരങ്ങൾ

## ദേശീയ പുരസ്കാരം

കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് നിർമ്മാണവും ജി. എസ്. ഉണ്ണിക്ക്യഷ്ണൻ നായർ സംവിധാനവും നിർവ്വഹിച്ച Breeds of Wealth എന്ന ഇംഗ്ളീഷ് ഡോക്യുമെന്ററി, വിജ്ഞാൻപ്രസാർ ലഖ്നൗവിൽ സംഘടിപ്പിച്ച രാഷ്ട്രീയവിജ്ഞാൻ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുകയും മികച്ച മൂന്നാമത്തെ ശാസ്ത്രഡോക്യുമെന്ററിക്കുള്ള ബ്രോൺസ് ബീവർ പുരസ്കാരത്തിന് അർഹമാവുകയും ചെയ്തു. ലഖ്നൗ ശാസ്ത്രനഗരിയിൽവച്ചു നടന്ന ചടങ്ങിൽ പ്രശസ്ത ഹിന്ദിനടനും സംവിധായകനുമായ ചന്ദ്രപ്രകാശ് ദ്വിവേദി പുരസ്കാരവിതരണം നിർവ്വഹിച്ചു.

## ജൈവവൈവിധ്യ അവാർഡുകൾ 2014-2015

2014-15 കാലയളവിൽ 15 പേർ സംസ്ഥാനജൈവവൈവിധ്യ അവാർഡിനായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഏറ്റവും മികച്ച ജൈവവൈവിധ്യ പരിപാലന സമിതിയ്ക്കായി നൽകിവരുന്ന പുരസ്കാരം ഒഴികെ മറ്റുള്ളവയെല്ലാം 50,000 രൂപയും പ്രശംസാപത്രവും ഫലകവും അടങ്ങുന്നതാണ്. മികച്ച ജൈവവൈവിധ്യ പരിപാലന സമിതിയ്ക്കായി നൽകിവരുന്ന പുരസ്കാരം ഒരു ലക്ഷം രൂപയാണ്. പാലക്കാട് ജില്ലയിലെ മങ്കര ജൈവവൈവിധ്യ പരിപാലന സമിതിയാണ് അവാർഡിന് അർഹമായത്. കാസർഗോഡ് ജില്ലയിലെ ഷാഹുൽ ഹമീദാണ് 2014 വർഷത്തെ മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള അവാർഡു നേടിയത്. തൃശൂർ ജില്ലയിൽനിന്നുള്ള കെ. ആർ. ജയനാണ് സസ്യസ്പീഷീസിന്റെ സംരക്ഷണത്തിനുള്ള അവാർഡിനർഹനായത്. കായംകുളത്തു നിന്നുള്ള രാജൻബാബുവായിരുന്നു മികച്ച ജൈവകർഷകൻ. നാടൻ കന്നുകാലിയിനങ്ങളെ സംരക്ഷിക്കുന്നതിനുള്ള അവാർഡിനർഹനായത് കോഴിക്കോടുനിന്നുള്ള എൻ വി ബാലകൃഷ്ണനാണ്. കണ്ണൂരിലെ ഡോ. എം. വി. വിഷ്ണുനമ്പൂതിരിയാണ് പരമ്പരാഗതവിജ്ഞാനം സംരക്ഷിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെ മുൻനിറുത്തി അവർഡുനേടിയത്. ഡോ. കെ. എസ്. അനൂപ്ദാസാണ് മികച്ച ജൈവവൈവിധ്യ ഗവേഷകനുള്ള പുരസ്കാരത്തിന് അർഹനായത്. മികച്ച ജൈവവൈവിധ്യക്ലബിനുള്ള അവാർഡിനർഹമായത് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും മികച്ച പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരത്തിന് അർഹമായത് ചേർത്തല സെന്റ് മൈക്കേൽസ് കോളേജുമായിരുന്നു. കോഴിക്കോടുള്ള ത്രിക്കുട്ടേശേരി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളാണ് മികച്ച സ്കൂളിനുള്ള അവാർഡു നേടിയത്. തിരുവനന്തപുരത്തുള്ള 'ശാന്തിഗ്രാം' ആയിരുന്നു മികച്ച ജൈവവൈവിധ്യസംഘടനയ്ക്കുള്ള അവാർഡു നേടിയത്. ഇവ കൂടാതെ, തിരുവനന്തപുരത്തെ പാലോടുള്ള ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അടിമാലിയിലുള്ള കാർമൽ ജ്യോതി സ്കൂൾ എന്നിവ പ്രത്യേക പുരസ്കാരങ്ങൾക്ക് അർഹമായി.

## ഷാഹുൽ ഹമീദ് കെ

കാസർഗോഡ് മുള്ളേറിയ ജി.വി.എച്ച്.എസ്.എസി.ലെ ഹൈസ്ക്കൂൾ അധ്യാപകനായ ഷാഹുൽഹമീദ് ഏഴ് ഏക്കറോളം വിസ്തൃതിയുള്ള തന്റെ സ്വന്തം ഭൂമിയിൽ ചെടികളും മരങ്ങളും നട്ടുവളർത്തുകയും അതിലൂടെ ഒരു കൃത്രിമവനംതന്നെ സൃഷ്ടിക്കുകയും ചെയ്ത വ്യക്തിയാണ്. മാവ്, പ്ളാവ്, നെല്ലി, കടപ്പമരം, കാട്ടുവാഴ, കുമ്പിൾ, പൂവരശ് തുടങ്ങിയവയും അനവധി ആൽമരയിനങ്ങളും മുളയിനങ്ങളും തെങ്ങിനങ്ങളും ഇദ്ദേഹം പരിപാലിച്ചുപോരുന്ന ഈ വനഭൂമിയിലുണ്ട്. ഔഷധസസ്യങ്ങളും വള്ളിച്ചെടികളും നിലത്തുപടർന്നുവളരുന്ന ചെടികളും നിറഞ്ഞിരിക്കുന്ന ഇവിടം കുരങ്ങുകൾ, വിവിധതരം പക്ഷികൾ, പല്ലികൾ, പാമ്പുകൾ, ഷഡ്പദങ്ങൾ തുടങ്ങിയ ജീവികളുടെ സാന്നിധ്യത്തിലൂടെ ഒരു സ്വാഭാവികവനത്തിന്റെ പ്രതീതിയുളവാക്കുന്നതാണ്. ഇതു കൂടാതെ വിവിധതരം പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളും ഇദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ട്. വൃക്ഷത്തൈനടീൽ, ജൈവകൃഷി, പരിസ്ഥിതി സൗഹൃദപരമായ മാലിന്യനിർമ്മാർജ്ജനം, പ്രകൃതിജന്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള വേലിതീർക്കൽ, സ്ക്കൂൾ പരിസരത്തും അനുബന്ധ മേഖലകളിലുമുള്ള ആവാസവ്യവസ്ഥകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ മാതൃകാപരമായിത്തന്നെ ഇദ്ദേഹം നടപ്പിലാക്കിയിട്ടുണ്ട്. വന പരിസ്ഥിതിയിലേക്കുള്ള പഠന യാത്രകൾ, അവിടെ രാത്രി ചെലവഴിക്കൽ, ഔഷധ സസ്യങ്ങളുടെ പരിചയപ്പെടുത്തൽ, ജൈവവൈവിധ്യ പര്യവേഷണം, പ്രദർശനങ്ങൾ, ബോധവൽക്കരണജാഥകൾ തുടങ്ങിയവയും ഇദ്ദേഹം സ്വന്തം കാർമ്മികത്വത്തിൽ നടത്തിയിട്ടുണ്ട്.

## കെ. ആർ. ജയൻ

തന്റെ ജൻമസ്ഥലമായ തൃശൂർജില്ലയിലെ ഗ്രാമപ്രദേശങ്ങളിലുടനീളം പ്ളാവിൻതൈകൾ നട്ടുവളർത്തുന്നത് ജീവിതവ്രതമായി സ്വീകരിച്ചയാളാണ് കെ. ആർ. ജയൻ. കുട്ടിക്കാലം മുതൽക്കുള്ള ഈ പ്രവർ

ത്തനം "പ്ലാവുജയൻ" എന്ന വിളിപ്പേര് ലഭിക്കാൻ ഇടയാക്കിയത്. പ്ലാവുമായി ചെറുപ്പംമുതൽക്കേ വന്നുചേർന്ന ഒരു ആത്മബന്ധമാണ് ഇത്തരമൊരു പ്രവർത്തനത്തിലേർപ്പെടാൻ ഇദ്ദേഹത്തിന് പ്രചോദനമായിത്തീർന്നത്. ഒരു സാധാരണ പത്രവിതരണക്കാരനായിരുന്നു ജയന്റെ പിതാവ്. അദ്ദേഹത്തിന്റെ തുച്ഛമായ വരുമാനത്തെ ആശ്രയിച്ചു ജീവിക്കേണ്ടിവന്ന എട്ടു മക്കളടക്കമുള്ള കുടുംബത്തിന് അന്ന് പട്ടിണിമാറ്റാൻ സഹായകമായത് പ്ലാവുകളായിരുന്നു. 2006 മുതൽക്കാണ് ജയൻ പ്ലാവിൻതൈകൾ നട്ടുവളർത്തൽ കേരളത്തിലുടനീളം വ്യാപിപ്പിച്ചത്. അവിട്ടത്തൂരിലുള്ള തന്റെ വീട്ടിൽ ആവശ്യക്കാരായി വരുന്ന ഏതൊരാൾക്കും ജയൻ പ്ലാവിൻതൈകൾ സൗജന്യമായി നൽകും. പ്ലാവിന്റെ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ചക്കകൊണ്ടുള്ള വൈവിധ്യമാർന്ന വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി നിരവധി ചക്ക മഹോത്സവങ്ങളും ഇദ്ദേഹം സംഘടിപ്പിച്ചിട്ടുണ്ട്.



ഷാഹുൽ ഹമീദ് കെ



കെ. ആർ. ജയൻ



രാജൻ ബാബു



എൻ. വി. ബാലകൃഷ്ണൻ



ഡോ. എം. വി. വിഷ്ണുനമ്പൂതിരി



ഡോ. കെ. എസ്. അനൂപ്ദാസ്

## രാജൻ ബാബു

വിദേശത്തുനിന്നും തിരിച്ചെത്തിയതിനുശേഷം കഴിഞ്ഞ 25 വർഷങ്ങളായി ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകനാണ് കായംകുളത്തുള്ള രാജൻബാബു. പൈതൃകസ്വത്തായി കൈവന്ന 70 സെന്റിലും പാട്ടത്തിനെടുത്ത 5 ഏക്കറിലുമാണ് ഇദ്ദേഹം ജൈവക്കൃഷി നടത്തുന്നത്. അയൽക്കാരായ കർഷകരിൽനിന്നുമാണ് കൃഷിക്കാവശ്യമായ ചാണകവും ഗോമൂത്രവും ശേഖരിക്കുന്നത്. ചാണകവും ഗോമൂത്രവും അനുബന്ധചേരുവകളും വിവിധ അനുപാതത്തിൽ ചേർത്ത് തയ്യാറാക്കുന്നതും, ബീജാമൃതം, രാജാമൃതം എന്നീ പേരുകളിലറിയപ്പെടുന്നതുമായ ജൈവമിശ്രിതങ്ങളാണ് വളമായി ഉപയോഗിക്കുന്നത്. ഇത്തരം ജൈവവളങ്ങളുടെ പ്രയോഗത്തിലൂടെ കാർഷികവിളകളുടെ രോഗപ്രതിരോധശേഷിയും ഉത്പാദനക്ഷമതയും വർദ്ധിക്കുന്നു. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം രാജൻബാബു തന്റെ പറമ്പിൽ കൃഷിചെയ്യുന്നുണ്ട്. 65-ാം വയസ്സിലും ഊർജ്ജസ്വലനായി കൃഷിപ്പണികളിലേർപ്പെടുന്ന രാജൻബാബുവിന്, ഭാര്യയായ രമണി സഹായിയായുണ്ട്. ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നങ്ങളെല്ലാം സ്വന്തം കടയിലൂടെത്തന്നെയാണ് രാജൻ ബാബു വിറ്റഴിക്കുന്നത്.

## എൻ. വി. ബാലകൃഷ്ണൻ

കോഴിക്കോട് ജില്ലയിലെ അത്തോളി സ്വദേശിയായ എൻ. വി. ബാലകൃഷ്ണൻ "കാമധേനു" എന്നു പേരിട്ടിരിക്കുന്ന തന്റെ ഫാമിൽ 15 ഇനം നാടൻ കന്നുകാലിയിനങ്ങളെ പരിപാലിച്ചുപോരുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, ചെറുവള്ളി, പൊൻവാർ, കൃഷ്ണവാലി, റെഡ് സിന്ധി എന്നിവയെയാണ് സംരക്ഷിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ചെറിയ പശു എന്ന നിലയിൽ ഗിന്നസ്ബുക്കിൽ ഇടംനേടിയ "മാണിക്യം" എന്ന വെച്ചൂർ പശുവിന്റെ ഉടമസ്ഥനുമാണ് എൻ. വി. ബാലകൃഷ്ണൻ. 61.5 സെന്റീമീറ്ററാണ് മാണിക്യത്തിന്റെ പൊക്കം. പുല്ലും മറ്റ് ജൈവികചേരുവകളുമടങ്ങിയ തീറ്റയാണ് കന്നുകാലികൾക്ക് നൽകുന്നത്. വിപണിയിൽ ലഭ്യമാവുന്ന കൃത്രിമകാലിത്തീറ്റകളൊന്നുംതന്നെ കന്നുകാലികൾക്ക് നൽകുന്നില്ല. പ്രജനനത്തിനായി വിത്തുകാളകളെ മാത്രമാണ് ഉപയോഗിക്കുന്നത്. നാടൻ പശുവിനങ്ങളിൽനിന്നും ശേഖരിക്കുന്ന പാൽ കിലോഗ്രാമിന് 130 രൂപയ്ക്ക് വിൽക്കുന്നു. നെയ് കിലോഗ്രാമിന് 2000 രൂപ നിരക്കിലും.

## ഡോ. എം. വി. വിഷ്ണുനമ്പൂതിരി

കഴിഞ്ഞ 45 വർഷത്തിലേറെയായി നാട്ടറിവുകളുടെ സമാഹരണത്തിനും ക്രോഡീകരണത്തിനും

അതുസംബന്ധമായ ഗവേഷണത്തിനുമായി തന്റെ ജീവിതംതന്നെ സമർപ്പിച്ച വ്യക്തിയാണ് കണ്ണൂരിലെ രാമന്തളി സ്വദേശിയായ ഡോ. എം. വി. വിഷ്ണുനമ്പൂതിരി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുഗ്രാമങ്ങളിൽനിന്നും സമാഹരിക്കപ്പെട്ട നാട്ടറിവുകളുടെ വൈപുല്യമാർന്ന ശേഖരം ഇദ്ദേഹത്തിന്റെ കൈവശമുണ്ട്. നാട്ടറിവുകളുടെ യഥാർത്ഥ കൈവശക്കാരിൽ നിന്നും നേരിട്ട് ശേഖരിച്ച ഈ നാട്ടറിവുകളിൽ പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾ, ജൈവവൈവിധ്യം, പ്രകൃതി സംരക്ഷണം, നാട്ടുചികിത്സാരീതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട അമൂല്യമായ പാരമ്പര്യ വിജ്ഞാനങ്ങളും ഉൾപ്പെടുന്നു. "ഫോക്ക്ലോർ നിഘണ്ടു" അടക്കം 60 പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഇദ്ദേഹം കേരള ഫോക്ക്ലോർ അക്കാദമിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

### ഡോ. കെ. എസ്. അനൂപ്ദാസ്

മമ്പാട് എം.ഇ.എസ്. കോളേജ് ജന്തുശാസ്ത്രവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഇദ്ദേഹം വിദേശത്തും സ്വദേശത്തുനിന്നുമുള്ള ഫണ്ടിങ് ഏജൻസികളുടെ ധനസഹായത്തോടെയുള്ള അനേകം ഗവേഷണപദ്ധതികളിൽ മുഖ്യഗവേഷകനായി പ്രവർത്തിച്ചിട്ടുണ്ട്. മനുഷ്യന്റെ ഇടപെടൽ പരിസ്ഥിതിയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യസംരക്ഷണം എങ്ങനെ സാധ്യമാക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണമേഖല. സൈലന്റ്വാലി ദേശീയോദ്യാനത്തിലെ പക്ഷികളുടെ സാമൂഹ്യഘടനയെ ആസ്പദമാക്കിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഡോക്ടറൽ ഗവേഷണം. വൃക്ഷങ്ങളിൽ കാണപ്പെടുന്ന ചിത്രശലഭങ്ങളെക്കുറിച്ചും മരപ്പൊത്തുകളിൽ ജീവിക്കുന്ന ഷഡ്പദങ്ങളെയും കുറിച്ച് അദ്ദേഹം പഠനം നടത്തിയിട്ടുണ്ട്. ദേശീയവും അന്തർദേശീയവുമായ വിവിധ ജേർണലുകളിൽ അദ്ദേഹത്തിന്റെ ഗവേഷണപഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദേശീയതലത്തിലും രാജ്യാന്തരതലത്തിലുമായി നടന്ന കോൺഫറൻസുകളിൽ ഇദ്ദേഹം പ്രബന്ധാവതരണങ്ങൾ നടത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സംഘടനകൾക്കുമുള്ള ജൈവവൈവിധ്യ പുരസ്കാരങ്ങൾ

### ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, ത്രിക്കുട്ടിശ്ശേരി, കോഴിക്കോട്

കോഴിക്കോടുള്ള ത്രിക്കുട്ടിശ്ശേരി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളാണ് മികച്ച സ്കൂളിനുള്ള ജൈവവൈവിധ്യ അവാർഡു നേടിയത്. പരിസ്ഥിതി സംരക്ഷണവും ബോധവൽക്കരണവും ലക്ഷ്യങ്ങളാക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂൾ നടപ്പിലാക്കുകയുണ്ടായി. 'എന്റെ മരം' മരംനടൽ പദ്ധതി, സ്കൂൾ അങ്കണത്തിലെ ഔഷധപ്പൂന്തോട്ടം, വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലെ തെങ്ങിൻതൈ നടീൽ, പരിസ്ഥിതിബോധവൽക്കരണജാഥ, മഴവെള്ളസംരക്ഷണം, നടീൽവസ്തുക്കളുടെ നേഴ്സറി, ജൈവകൃഷി, കര നെൽക്കൃഷി തുടങ്ങി അനവധി പരിപാടികൾ സ്കൂളിന്റെ ആഭിമുഖ്യത്തിൽ വിജയകരമായി നടപ്പിലാക്കപ്പെടുകയുണ്ടായി. മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിനും നിലവിലുള്ള പച്ചപ്പുകൾ സംരക്ഷിക്കുന്നതിനും നടത്തിയ ശ്രമങ്ങളിലൂടെ "വനമിത്ര" അവാർഡും സ്കൂളിനെ തേടിയെത്തി. 'എന്റെ മരം' പദ്ധതിയിൻകീഴിൽ വിദ്യാർത്ഥികൾ അവരവരുടെ വീട്ടുവളപ്പിലും പറമ്പുകളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായി. 2011-12ലെ "പര്യാവര മിത്രാ" പുരസ്കാരത്തിനും 2012-13ലെ സംസ്ഥാന ഊർജ്ജസംരക്ഷണപുരസ്കാരത്തിനും ഇതേ സ്കൂൾ അർഹമായിട്ടുണ്ടായിരുന്നു. സ്കൂളിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട സ്മൃതിവനം, കാവുവനവൽക്കരണം, ജൈവവൈവിധ്യ രജിസ്റ്റർ, വിദ്യാലയമുറ്റത്തൊരു ഔഷധപ്പുര തുടങ്ങിയ പരിപാടികൾ സമൂഹത്തിന്റെ വിവിധകോണുകളിൽനിന്നുള്ള ജനങ്ങളുടെ അഭിനന്ദനവും പ്രശംസയും ഏറ്റുവാങ്ങി. സ്കൂളിന്റെ മികവാറും പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ, പുറമ്പോക്കുകളിലും പാതയോരങ്ങളിലും മറ്റു തുറസ്സായ സ്ഥലങ്ങളിലുമാണ് നടപ്പിലാക്കപ്പെട്ടത്.

### ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

"ശാന്തിസ്ഥൽ" എന്നു പേരിട്ടിരിക്കുന്നതും 20 സെന്റ് വിസ്തൃതിയിൽ, 48 ഇനം സസ്യസ്പീഷീസുകൾ, ഇവയൊക്കെ ഉൾപ്പെടുന്ന 14 സ്പീഷീസ് (RETവംശനാശഭീഷണി നേരിടുന്ന അപൂർവ്വ) സസ്യങ്ങൾ ജൈവവൈവിധ്യോദ്യാനം പരിപാലിച്ചുപോരുന്ന ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജാണ് മികച്ച ജൈവവൈവിധ്യക്ലബിനുള്ള അവാർഡിന് അർഹമായത്. കാമ്പസിൽ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുക, പോളിഹൗസ് ഫാമിങ്ങും "ഒരുവീട്ടിൽ ഒരുമാവ്" പദ്ധതി നടപ്പിലാക്കുക, മാവിനങ്ങൾ ശേഖരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കോളേജിലെ ജൈവവൈവിധ്യക്ലബ് ഏറ്റെടുത്ത് നടത്തിയിരുന്നു. ലോക പരിസ്ഥിതിദിനം, അന്തർദേശീയ മുളദിനം എന്നിവയോടനുബന്ധിച്ച് വിവിധതരത്തിലുള്ള ജൈവവൈവിധ്യബോധവൽക്കരണ പരിപാടികൾ ക്ളബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി.

### സെന്റ് മൈക്കൽസ് കോളേജ്, ചേർത്തല

ജൈവവൈവിധ്യസംരക്ഷണം മുഖ്യലക്ഷ്യവും മുഖമുദ്രയുമാക്കിക്കൊണ്ട് പ്രകൃതിയോടുള്ള ഇഴയ

ടുപ്പം ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതിനാണ് ചേർത്തല സെന്റ് മൈക്കൽസ് കോളേജ് മികച്ച കലാലയത്തിനുള്ള സംസ്ഥാനതലപുരസ്കാരത്തിന് അർഹമായത്. പച്ചക്കറിക്കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങളും കോളേജ് സംഘടിപ്പിക്കുകയുണ്ടായി. കലാലയവിദ്യാർത്ഥികളെ മാത്രമല്ല, അനവധി കർഷകരേയും പച്ചക്കറിക്കൃഷിയിലേക്ക് നയിക്കാൻ കോളേജിന് കഴിഞ്ഞു.

### ശാന്തിഗ്രാം, തിരുവനന്തപുരം

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകാലത്തോളമായി പരിസ്ഥിതിസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന ശാന്തിഗ്രാം എന്ന സന്നദ്ധസംഘടനയാണ് മികച്ച ജൈവവൈവിധ്യസംഘടനയ്ക്കുള്ള സംസ്ഥാന അവാർഡു നേടിയത്. തിരുവനന്തപുരം ജില്ലയിലെ ചപ്പാത്ത് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ ഗോശാലയിൽ 8 തദ്ദേശീയ നാടൻ കന്നുകാലിയിനങ്ങൾ സംരക്ഷിച്ച് വളർത്തപ്പെടുന്നുണ്ട്. ഇതേക്കൂടാതെ, പ്ളാവിനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ചക്കയിൽനിന്നും വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശാന്തിഗ്രാം നടത്തിവരുന്നു. സീറോ ബഡ്ജറ്റ് ഫാമിങ്ങിന്റെ പ്രചാരണത്തിന് ഊന്നൽ നൽകുന്ന സംഘടന ഒരു ഔഷധത്തോട്ടവും പരിപാലിച്ചുപോരുന്നുണ്ട്.

### ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം

സസ്യജൈവവൈവിധ്യം സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പുരസ്കാരമാണ് തിരുവനന്തപുരം ജില്ലയിലെ പാലോട്ടുള്ള ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചത്. നാഷണൽ സെന്റർ ഫോർ എക്സലൻസ് ആയി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഈ സ്ഥാപനം, കേരള ശാസ്ത്രസാങ്കേതികപരിസ്ഥിതി കൗൺസലിനു കീഴിലാണ് പ്രവർത്തിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണം അടിസ്ഥാനമായുള്ള ഗവേഷണം സാധ്യമാവുന്ന തരത്തിലുള്ള വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളും വിശാലമായ ചുറ്റുപാടിലാണ് ഈ സസ്യഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്നത്. സസ്യജൈവവൈവിധ്യത്തിന്റെ സുസ്ഥിരമായ ഉപഭോഗം സാധിതമാക്കുന്നതിനുള്ള ഗവേഷണവും ഇവിടെ നടന്നുവരുന്നു. സപുഷ്പിവിഭാഗത്തിൽപ്പെട്ട 4000ത്തിലധികം സസ്യങ്ങളേയും അപുഷ്പിവിഭാഗത്തിൽപ്പെട്ട 300 ഓളം സസ്യങ്ങളേയും ഇവിടെ സംരക്ഷിച്ചിരിക്കുന്നു. ഏഷ്യയിലെ സസ്യോദ്യാനങ്ങൾക്കിടയിൽ ഏറ്റവുമധികം സസ്യസ്പീഷീസുകൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത് ഇവിടെയാണ്.

### കാർമൽ ജ്യോതി സ്കൂൾ(ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാലയം), അടിമാലി

പരിസ്ഥിതിസംരക്ഷണം സംബന്ധമായ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയമാണ് അടിമാലിയിലുള്ള കാർമൽ ജ്യോതി സ്കൂൾ. ബൗദ്ധികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഈ വിദ്യാലയത്തിലെ 2 ഏക്കർ സ്ഥലത്ത് പലതരം ശീതകാല പച്ചക്കറികൾ നട്ടുവളർത്തുന്നുണ്ട്. പശു, പന്നി, കോഴി മുതലായവയെ വളർത്തുന്ന ഫാമുകളും ഇവിടെയുണ്ട്. ശുചീകരണപ്രവർത്തനങ്ങളും ജലസംരക്ഷണപ്രവർത്തനങ്ങളും സ്ക്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

## മാധ്യമ പുരസ്ക്കാരങ്ങൾ

### ദൃശ്യമാധ്യമ വിഭാഗം

ദൃശ്യമാധ്യമ വിഭാഗത്തിൽ രണ്ടുപേർ അവാർഡ് പങ്കിട്ടു. ടെലിവിഷൻ റിപ്പോർട്ടിനുള്ള പുരസ്ക്കാരം മാതൃഭൂമി ന്യൂസിലെ നിഷാന്ത് മാവില വീട്ടിലും ടെലിവിഷൻ ഡോക്യുമെന്ററി വിഭാഗത്തിൽ മനോരമ ന്യൂസിന്റെ എസ്.ജയമോഹനൻ നായരുമാണ് പുരസ്ക്കരത്തിന് അർഹരായത്. 25,000 രൂപ വീതവും, ഫലകം, പ്രശസ്തി പത്രം എന്നിവയുമടങ്ങുന്നതാണ് അവാർഡ്.



ജയമോഹനനൻ നായർ എസ്.



നിഷാന്ത് മാവില വീട്ടിൽ



വിനോയ് മാത്യു

## പത്രമാധ്യമ പ്രവർത്തകൻ

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ മികച്ച പത്രമാധ്യമ പ്രവർത്തകനുള്ള പുരസ്ക്കാരത്തിന് മാതൃഭൂമിയുടെ വിനോയ് മാത്യുവിനെയാണ് തെരഞ്ഞെടുത്തത്. 50,000 രൂപ, ഫലകം, പ്രശസ്തി പത്രം എന്നിവയാണ് അവാർഡ്.

## ഓണം വാരാഘോഷം

സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ഓണം വാരാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ ഫ്ളോട്ട് അവതരിപ്പിച്ചു.






## ഉന്നതതല സമിതികളിലുള്ള പങ്കാളിത്തവും ഫീൽഡുതല പരിപാടികളും

**ഡോ. ഉമ്മൻ വി. ഉമ്മൻ**

1. സ്റ്റേറ്റ് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി (SEAC) വൈസ് ചെയർമാൻ
2. ജലസ്രോതസ്സുകളുടെ സംരക്ഷണം സംബന്ധിച്ച സംസ്ഥാനതല കമ്മിറ്റി മെമ്പർ
3. SCERT കരിക്കുലം വിദഗ്ധ സമിതി അംഗം
4. കാലാവസ്ഥാ വ്യതിയാനവകുപ്പ് (DOECC) റിസർച്ച് കമ്മിറ്റി അംഗം
5. സംസ്ഥാനതല നെൽവയൽ തണ്ണീർത്തട സംരക്ഷണസമിതി അംഗം
6. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ബി.എം.സി. ടാസ്ക് ഫോഴ്സ് അംഗം
7. സംസ്ഥാന ഗവൺമെന്റിന്റെ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതി കൺവീനർ
8. ന്യൂഡൽഹി ആസ്ഥാനമായുള്ള ഇഗ്നോയുടെ സയൻസ് ബോർഡ് എക്സ്പേർട്ട് മെമ്പർ
9. കേരള അക്കാഡമി ഓഫ് സയൻസസ് പ്രസിഡന്റ്
10. കേരള യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ വെനം ഇൻഫർമാറ്റിക്സ് ഡയറക്ടർ

## ദേശീയ അന്തർദേശീയ കോൺഫറൻസുകളിലും മീറ്റിങ്ങുകളിലുമുള്ള പങ്കാളിത്തം

1. 2014 ഒക്ടോബർ 6 മുതൽ 17 വരെ കൊറിയൻ റിപ്പബ്ലിക്കിലെ പ്യോങ്ചാങിൽ നടന്ന 12-ാമത് ജൈവവൈവിധ്യ കൺവെൻഷനിൽ പങ്കെടുത്തു.

2. 2014 നവംബർ 17 മുതൽ 19 വരെ ഗോവയിൽ നടന്ന ബി.എം.സി. അംഗങ്ങൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, തദ്ദേശസ്വയംഭരണ പ്രതിനിധികൾ എന്നിവർക്കായുള്ള കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാമിൽ ചെയർമാനും മെമ്പർ സെക്രട്ടറിയും പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. ജൈവവൈവിധ്യ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനെപ്പറ്റിയും നാടൻ ഇനങ്ങളെ പരിപോഷിപ്പിക്കുന്നതും പ്രഭാഷണവിഷയമായി.

## ഉമ്മൻ വി. ഉമ്മൻ, ചെയർമാൻ, കെ.എസ്.ബി.ബി.

- ന്യൂഡൽഹിയിൽ 15.05.2014-ന് നടന്ന നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയുടെ അതോറിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.
- നഗോയാ ഉടമ്പടിയുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട പ്രധാന വെല്ലുവിളികളും അതു നടപ്പാക്കാനുള്ള പ്രയോഗിക മാർഗങ്ങളും രൂപീകരിക്കാനായി ഗോവയിൽ 2014 ആഗസ്റ്റ് 4 മുതൽ 6 വരെ




നടന്ന രണ്ടാമത് എ.ബി.എസ്. യോഗത്തിൽ പങ്കെടുത്തു. ജൈവസമ്പത്തിലേക്കുള്ള പ്രവേശനവും ഉരുത്തിരിയുന്ന നേട്ടത്തിന്റെ നീതിപൂർവമായ പങ്കുവയ്ക്കലുമായിരുന്നു യോഗത്തിലെ മുഖ്യ ചർച്ചാവിഷയം.

- ന്യൂഡൽഹിയിൽ നടന്ന ഇഗ്നോയുടെ സ്കൂൾ വിഭാഗം ബോർഡ് മീറ്റിങ്ങിൽ 28.04.2014, 29.09.2014 തീയതികളിൽ പങ്കെടുത്തു.
- കേരള സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം അപേക്ഷനമ്പർ 26/2012-മായി ബന്ധപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 30.04.2014-ലെ ഹിയറിങ്ങിൽ പങ്കെടുത്തു. 19.05.2014-ന് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ കേസ് മീറ്റിങ്ങിൽ പങ്കെടുത്തു.
- കോഴിക്കോട് നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡൻസിന്റെ 20.05.2014-ലെ എക്സിക്യൂട്ടിവ് ബോർഡ് യോഗത്തിൽ പങ്കെടുത്തു.
- സംസ്ഥാന പരിസ്ഥിതി വകുപ്പും കാലാവസ്ഥാ വ്യതിയാനവകുപ്പും TERI യൂണിവേഴ്സിറ്റിയും നടത്തിയ 17.06.2014-ലെ സംയുക്ത ശിൽപ്പശാലയിൽ പങ്കെടുത്തു.
- നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് 28.08.2014-ൽ ഡൽഹിയിൽ സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുക്കുകയും വയനാട് ജില്ലയിലെ 5 പഞ്ചായത്തുകളിൽ നടപ്പാക്കുന്ന 50 ലക്ഷം രൂപയുടെ പദ്ധതി അവതരിപ്പിക്കുകയും ചെയ്തു.
- കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ 19.08.2014-ന് നടന്ന ആദ്യ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

## മറ്റ് പരിപാടികൾ

- ദൂരദർശനിൽ ഒരു മണിക്കൂർ തത്സമയ പരിപാടിയിൽ പങ്കെടുത്തു.
- 05.06.2014-ന് ലോക പരിസ്ഥിതി ദിനത്തിൽ ശാന്തിഗിരി ആശ്രമത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.
- 11.06.2014-ന് തമിഴ്നാട്, കൊല്ലങ്കോടുള്ള മലങ്കര കോളേജിലെ ബിരുദദാന ചടങ്ങിൽ പങ്കെടുത്തു.
- തിരുവനന്തപുരം മ്യൂസിയം വളപ്പിൽ 23.06.2014-ന് ഗവർണർ സംഘടിപ്പിച്ച We plant എന്ന ഫലവൃക്ഷ നടീൽ യജ്ഞത്തിൽ പങ്കാളിയായി.
- ഹോളി ഏഞ്ചൽസ് കോൺവെന്റിലെ പരിസ്ഥിതി ക്ലബ്ബായ SEENS ന്റെ 01.07.2014-ന് നടന്ന 10-ാം വാർഷികത്തിൽ പങ്കെടുത്തു. സ്കൂൾ ക്യാമ്പസിലുള്ള മരങ്ങൾക്കെല്ലാം പേരെഴുതിയ ടാഗ് ഘടിപ്പിക്കുന്ന പരിപാടിയിൽ ആയിരത്തോളം കുട്ടികൾ പങ്കാളികളായി.
- 11.07.2014-ന് ശാസ്താംകോട്ട തടാകം സന്ദർശിക്കുകയും പടിഞ്ഞാറെ കല്ലട പ്രദേശത്തെ വൃക്ഷത്തൈ നടീൽ യജ്ഞം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 1500 മുളകൾ ഉൾപ്പെടെ 2500 തൈകളാണ് നട്ടത്.
- 18.07.2014-ന് മലയാള മനോരമ കോട്ടയത്ത് സംഘടപ്പിച്ച കാലാവസ്ഥാമാറ്റവുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുത്തു.
- കരമന, കിള്ളി, പാർവതിപുത്തനാർ, ആക്കുളം, വേളി എന്നിവയുടെ ശുദ്ധീകരണവും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് 04.07.2014-ന് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച യോഗത്തിൽ പങ്കെടുത്തു.
- 07.08.2014-ന് ജൈവവൈവിധ്യവും ജനപങ്കാളിത്തവും എന്ന വിഷയത്തിൽ വനംവകുപ്പ് മസ്ക്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുത്തു.
- 08.08.2014-ന് ഗോവർദ്ധനഗിരി പദ്ധതി, നാടൻ പശുക്കളെ പരിപാലിക്കുന്ന കർഷകരുടെ യൂണിയൻ എന്നിവ കോട്ടയത്തെ മാമ്മൻ മാപ്പിള ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുത്തു.
- കല്ലിയൂർ പഞ്ചായത്തിൽ നടന്ന പരിസ്ഥിതി സംരക്ഷണ യോഗത്തിൽ പങ്കെടുത്തു.
- മൃഗപരീക്ഷണത്തിന് ബദലുകൾ എന്ന വിഷയത്തിൽ SCERT നടത്തിയ ശിൽപ്പശാലയിൽ പങ്കെടുത്തു.
- വട്ടപ്പാറ പി.എം.എസ്. ദന്തൽ കോളേജിൽ മുഖ്യാതിഥിയായി. 01.07.2014-ന് പ്രവേശനചടങ്ങിലെ മുഖ്യാതിഥിയായി പങ്കെടുത്തു.
- തിരുമല, ആറാമട റസിഡൻഷ്യൽ അസോസിയേഷന്റെ 14.09.2014-ന് നടന്ന യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.
- 16.09.2015-ന് തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ നടന്ന ഹണിഫെസ്റ്റിൽ മുഖ്യാതിഥിയായി.
- കാലിക്കറ്റ് യൂണിവേഴ്സിറ്റി 26.09.2015-ന് "നിങ്ങളുടെ അത്യാഗ്രഹത്തിനുവേണ്ടിയല്ല ആവശ്യത്തിന് വേണ്ടിമാത്രം" എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു.
- ബൗദ്ധിക സ്വത്തവകാശവും ജൈവവൈവിധ്യവും എന്ന വിഷയത്തിൽ APTDC, CII എന്നിവയുമായി ചേർന്ന് 30.9.2014-ന് ഹോട്ടൽ സൗത്ത് പാർക്കിൽ സംഘടിപ്പിച്ച യോഗത്തിൽ പങ്കെടുത്ത് ജൈവവൈവിധ്യ നിയമങ്ങളെയും ചട്ടങ്ങളെയുംകുറിച്ച് സംസാരിച്ചു.

- 01.01.2014-ന് കണ്ണൂർ സർക്കാർ വിമെൻസ് കോളേജിൽ നടന്ന ഇൻഫോസിസ് സയൻസ് ടോക്കിൽ അധ്യക്ഷനായി.
- ക്രൈസ്റ്റ് നഗർ സ്കൂൾ സംഘടിപ്പിച്ച ശാസ്ത്ര പ്രദർശനത്തിൽ മുഖ്യാതിഥിയായി.
- ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈകമ്മീഷൻ 21.10.2014-ന് കാര്യവട്ടത്ത് സംഘടിപ്പിച്ച ഗ്രേറ്റ് ഡിബേറ്റ് എന്ന പരിപാടിയിൽ ജഡ്ജായി പങ്കെടുത്തു.
- ഹയർ എഡ്യുക്കേഷൻ വകുപ്പിന്റെ FLAIR പദ്ധതിയുമായി ബന്ധപ്പെട്ട് കാര്യക്ഷമതാ വർദ്ധനവിന് അധ്യാപകരെ വിദേശരാജ്യങ്ങളിലയക്കുന്നതിന് 23.10.2014 ന് വിദഗ്ധർ കൂടിയ സമിതിയൽ അംഗമായി പങ്കെടുത്തു.
- പാലക്കാട് പട്ടാമ്പിയിൽ ത്രിതല പഞ്ചായത്തുകളും ഖരമാലിന്യ സംസ്ക്കരണവും എന്ന വിഷയത്തിൽ 27.10.2014-ന് പ്രസംഗിച്ചു.
- 29.10.2014-ന് മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ ഗവേണിങ്ങ് ബോഡി യോഗത്തിൽ പങ്കെടുത്തു.
- 31.10.2014-ന് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന ഐ.പി.ആർ. യോഗത്തിൽ പങ്കെടുത്തു.
- KSCSTE, SIL കേരള എന്നിവ സംയുക്തമായി 03.011.2014-ന് നടത്തിയ ശാസ്ത്ര പുസ്തകമേളയിൽ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പ്രഭാഷണം നടത്തി.
- KIDC 08.11.2014 -ൽ കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ച ശാസ്ത്ര പുസ്തകോത്സവത്തിൽ പ്രഭാഷണം നടത്തുകയും പുസ്ത പ്രകാശനം നിർവഹിക്കുകയും ചെയ്തു.
- തൃശൂർ KILA 10.11.2014-ന് നടത്തിയ ഐ.പി.ആർ. മീറ്റിങ്ങിൽ പങ്കെടുത്തു.
- 11.11.2014-ന് ഇടുക്കി, ദേവികുളത്ത് സംഘടിപ്പിച്ച ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും പ്രോജക്ട് ഫെല്ലോകളുടെയും യോഗത്തിൽ പങ്കെടുത്തു.
- 13.11.2014-ന് പൂജപ്പുരയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റിവ് മാനേജ്മെന്റ് സംഘടിപ്പിച്ച പരിപാടിയിൽ ജൈവവൈവിധ്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു.
- തൃശൂർ AMMOI 22.11.2014-ന് സംഘടിപ്പിച്ച എ.ബി.എസ്. പരിപാടിയിൽ ജൈവവൈവിധ്യ നിയമങ്ങളെയും ചട്ടങ്ങളെയുംകുറിച്ച് പ്രഭാഷണം നടത്തി.
- 25.11.2014-ന് MSSRF ലെ ശാസ്ത്രജ്ഞരുമായി ആശയവിനിമയം നടത്തി.
- 23.11.2014-ന് വയനാട് വിത്തുത്സവം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ജൈവവൈവിധ്യ സംരക്ഷണത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളിൽ വയനാട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ പ്രഭാഷണം നടത്തി.
- 16.1.2015-ന് കേരള സയൻസ് കോൺഗ്രസ്സിനുവേണ്ടി യുവ ശാസ്ത്രജ്ഞരെ തെരഞ്ഞെടുക്കുന്ന സെലക്ഷൻ കമ്മിറ്റിയിൽ പങ്കെടുത്തു.
- 17.01.2015-ന് വെള്ളായണിയിലെ ദേശാടനപ്പക്ഷി സംരക്ഷണ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു.
- പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 19.01.2015-ന് കേരള വെറ്റ്ലാന്റ് ഇൻവെന്ററി ആന്റ് അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് വിളിച്ചു കൂട്ടിയ യോഗത്തിൽ പങ്കെടുത്തു.
- കെ.എസ്.ബി.ബി. ഇന്റർനാഷണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്ട്സുമായിച്ചേർന്ന് 21.01.2015-ന് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു. പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പങ്കെടുത്ത സെമിനാറിൽ കെ.എസ്.ബി.ബി. പ്രസിദ്ധീകരിച്ച പ്രകൃതിഗീതങ്ങൾ എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു.
- 22.01.2015-ന് കോട്ടയം സി.എം.എസ്. കോളേജിൽ "കാലാവസ്ഥാ മാറ്റവും വികസിക്കുന്ന ലോകവും" എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.
- 23.01.2015-ന് മാർ ഇവാനിയോസ് കോളേജിൽ നടന്ന ബി.എസ്.സി. (സുവോളജി) യോഗത്തിൽ സർവകലാശാല പ്രതിനിധിയായി പങ്കെടുത്തു.
- വെച്ചൂർ പശുക്കളിൽ ഇലക്ട്രോണിക് ചിപ്പ് ഇംപ്ലാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോട്ടയത്ത് സംഘടിപ്പിച്ച യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി.
- 27-ാം കേരള ശാസ്ത്ര കോൺഗ്രസ്സുമായി ബന്ധപ്പെട്ട് 29.01.2015-ന് ആലപ്പുഴ കാമലോട്ട് കൺവെൻഷൻ സെന്ററിൽ നടന്ന വിദ്യാർത്ഥി സമ്പർക്ക പരിപാടിയിൽ പങ്കെടുത്തു. 300 ഓളം വിദ്യാർത്ഥികളും 12 വിഷയവിദഗ്ധരും ഇതിൽ പങ്കാളികളായി.
- TK & IPR ബിൽ കമ്മിറ്റിയുടെ സർക്കാർ ഗസ്റ്റ് ഹൗസിൽ നടന്ന 30.01.2015-ലെ 11-ാമത് സിറ്റിങ്ങിൽ പങ്കെടുത്തു.
- പുത്തൂർ KNNMHSS ന്റെ 31.01.2015-ന് നടന്ന വാർഷികത്തിൽ പങ്കെടുത്ത് റിട്ടയേഡ് അദ്ധ്യാപകരുടെ ഫോട്ടോ അനാഛാദനം ചെയ്തു.
- 03.02.2015-ന് എ.ബി.എസ്. വിദഗ്ധസമിതിയുടെ അധ്യക്ഷം വഹിക്കുകയും കേരളത്തിൽ എ.ബി.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വാണിജ്യസ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. ഡോ.ബാലകൃഷ്ണ പിശുപതി മുഖ്യാതിഥിയായിരുന്നു.
- ഇരിങ്ങാലക്കുട ക്രൈസ്റ്റ് നഗർ കോളേജിലെ ജൈ



***കെ.എസ്.ബി.ബി. ചെയർമാനും മെമ്പർ സെക്രട്ടറിയും ഗോവ ബയോഡൈവേഴ്സിറ്റി ബോർഡ് നടത്തിയ പരിപാടിയിൽ പങ്കെടുക്കുന്നു***

വവൈവിധ്യ ക്ലബ്ബ് യോഗത്തിൽ പങ്കെടുക്കുകയും ശാന്തിസ്ഥൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

- ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ 04.02.2015-ന് നടന്ന 51-ാമത് കോളേജ് ഡേ ഉദ്ഘാടനം ചെയ്തു.
- പാലക്കാട് ചുരത്തിന്റെ ഹരിതവൽക്കരണ പദ്ധതി പെരുമ്പ് പഞ്ചായത്തിൽവച്ച് 05.02.2015-ന് ഉദ്ഘാടനം ചെയ്തു.
- പാലക്കാട് മങ്കര പഞ്ചായത്തിൽ പി.ബി.ആറുമായി ബന്ധപ്പെട്ടു നടന്ന ചർച്ച ഉദ്ഘാടനം ചെയ്തു.
- പാലക്കാട് കേപ്പിൽ അഭയം എന്ന സംഘടന നടപ്പാക്കുന്ന ശാന്തിസ്ഥൽ ഉദ്ഘാടനം ചെയ്തു.
- 06.02.2015-ന് MSSRF കൽപ്പറ്റയിൽ സംഘടിപ്പിച്ച നാടൻ വിത്തിനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിത്തുത്സവത്തിൽ ആശംസാപ്രസംഗം നടത്തുകയും തുടർന്നുനടന്ന ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.
- 13.02.2015-ന് സി.എം.എസ്. കോൺഫറൻസ് ഹാളിൽ നടന്ന ശാസ്താംകോട്ട തടാക സംരക്ഷണ പദ്ധതിയിൽ പങ്കെടുത്തു.
- 14.02.2015-ന് മറൈൻ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് സമുദ്രാന്തർഭാഗത്തെ വീഡിയോഗ്രാഫിയിലും ആവാസവ്യവസ്ഥാ പഠനത്തിലും പങ്കാളിയായി.
- തൃശൂർ മൃഗശാല പുത്തൂരേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് 18.02.2015-ന് സി.എം.എസ്. കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.
- 2015 ഫെബ്രുവരി 23 മുതൽ 27 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെയും എക്സ്പോയുടെയും മുഖ്യസംഘാടകനായി പ്രവർത്തിച്ചു.
- 28.02.2015-ന് തിരുവനന്തപുരം എം.ജി. കോളേജിൽ നടന്ന ദേശീയ ശാസ്ത്രദിന പരിപാടിയിൽ അധ്യക്ഷനായി.
- ദേശീയ ശാസ്ത്ര ദിനത്തിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ കോളേജ് വിദ്യാർത്ഥികൾക്കായി "ശാസ്ത്രം ദേശീയ വികസനത്തിന്" എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിച്ചു.
- മാർച്ച് 2015, 14, 15 തീയതികളിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ നടത്തിയ ദ്വിദിന ശിൽപ്പശാലയിൽ പങ്കെടുത്തു.

## ഡോ. കെ.പി.ലാലാദാസ്, മെമ്പർ സെക്രട്ടറി

- 2015 ജൂലൈ 25 മുതൽ 26 വരെ ചെന്നൈ കോൺഫറൻസ് ഹാളിൽ നടന്ന 28-ാമത് എ.ബി.എസ്. വിദഗ്ധ സമിതിയോഗത്തിൽ പങ്കെടുത്തു.
- ഗോവ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2014 ആഗസ്റ്റ് 22, 23 തീയതികളിൽ ബി.എം.സി. അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുത്തു.
- 11.08.2014-ന് വയനാട് ബി.എം.സി. ശാക്തീകരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ പങ്കെടുത്തു.
- പർവത പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള തന്ത്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 19.04.2014-ന് ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പദ്ധതി അപഗ്രഥന യോഗത്തിൽ പങ്കെടുത്തു.
- 29.11.2014-ന് ഹൈദ്രാബാദിൽ നടന്ന എ.ബി.എസ്. വിദഗ്ധ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.
- 30.9.2014-ന് ഡൽഹിയിൽ ജൈവവൈവിധ്യ നിയമം നടപ്പാക്കുന്നതിന് സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിൽപ്പശാലയിൽ പങ്കെടുത്തു.
- 17.19.2014-ന് ഗോവയിൽ ജൈവവൈവിധ്യ നിയമങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ബി.എം.സി.കളുടെ പരിശീലനത്തിൽ പങ്കെടുത്തു. നാടൻ കന്നുകാലിയിനങ്ങൾ, ജൈവവൈവിധ്യ നിയമം, ചട്ടം എന്നിവയിൽ പ്രഭാഷണം നടത്തി.
- നബാർഡ് പ്രതിനിധികൾക്കൊപ്പം 05.12.2014-ന് ശാസ്താംകോട്ട സന്ദർശിക്കുകയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട അഡാപ്റ്റേഷൻ ഫണ്ട് ഉപയോഗിച്ച് ജൈവവൈവിധ്യ സംരക്ഷണപദ്ധതികൾ നടപ്പാക്കുന്നത് ചർച്ച ചെയ്യുകയും ചെയ്തു. ശാസ്താംകോട്ട, വെസ്റ്റ് കല്ലട, മൈനാഗപ്പള്ളി പഞ്ചായത്ത് പ്രതിനിധികളും മറ്റും പങ്കെടുത്തു.
- നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ 14, 15 മാർച്ച് 2015 ന് ഡൽഹിയിൽ ആഗോളപരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാലയിൽ പങ്കടുത്തു.

## വിദേശ രാജ്യങ്ങളിലെ പ്രതിനിധികളുടെ സന്ദർശനം

ജപ്പാൻ എംബസ്സിയിലെ ഫസ്റ്റ് സെക്രട്ടറി ടോമോഫുവി ഫുക്കാവിയ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സന്ദർശിച്ച് കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തി.

കേരളത്തിൽ എ.ബി.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എ.ബി.എസ്. ടാസ്ക്ഫോഴ്സ് ടീം ഫോർ അക്കാഡമിയ ടീം ലീഡർ ഹജിമ മോറിയോക്ക കെ.എസ്.ബി.ബി. സന്ദർശിച്ച് ചർച്ച നടത്തി.

# റിസർച്ച് ഫെലോഷിപ്പുകൾ

റിപ്പോർട്ട് കാലയളവിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിന്നും ജൈവവൈവിധ്യ ഗവേഷണ പഠനങ്ങൾക്കായി അഞ്ച് ഡോക്ടറൽ ഫെലോഷിപ്പും ഒരു പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പും നൽകി. താഴെപ്പറയുന്ന വിഷയങ്ങളിലുള്ള ഗവേഷണങ്ങൾക്കാണ് ഫെലോഷിപ്പ് നൽകിയത്.

### ആദിവാസി വൈദ്യവുമായി ബന്ധപ്പെട്ട പഠനം - പശ്ചിമഘട്ട മലനിരകളിൽ തെക്കുഭാഗത്തായി അധിവസിക്കുന്ന മലമ്പണ്ടാരങ്ങളെ സംബന്ധിച്ച പഠനം

പശ്ചിമഘട്ട മലനിരകളിൽ തെക്കുഭാഗത്തായി അധിവസിക്കുന്ന ആദിവാസി വിഭാഗമായ മലമ്പണ്ടാരങ്ങൾ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഔഷധ ചെടികളെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനമാണ് ലക്ഷ്യമിടുന്നത്. ഈ പഠനത്തിന്റെ മുഖ്യ ഘടകം ഈ ഗോത്രത്തിന്റെ നാട്ടറിവുകളും അവർ ഉപയോഗിച്ചുവരുന്ന ഔഷധ സസ്യങ്ങളുടെ വിളവെടുപ്പും മറ്റും പഠിക്കുക എന്നതാണ്. റാന്നി, കോന്നി, അച്ചൻകോവിൽ, തെന്മല, പുനലൂർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിൽ 19 സെറ്റിൽമെന്റുകളിലായി മലമ്പണ്ടാരങ്ങളെന്ന ആദിവാസി ഗോത്രക്കാർ അധിവസിക്കുന്നു എന്നാണ് ആദ്യ സർവേയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. വ്യാവസായിക ആവശ്യങ്ങൾക്കായി അവർ *Myristica beddomei, Myristica malabarica, Canarium strictum, Vateria indica and Symplocos cochinchinensis* തുടങ്ങിയ ചെടികളാണ് ശേഖരിച്ചുവരുന്നത്. ഈ സസ്യങ്ങളുടെ ശേഖരണം അശാസ്ത്രീയമായും സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തവിധത്തിലുമാണ് ഇവർ നടത്തിവരുന്നതെന്നാണ് പഠനം വെളിവാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് റാന്നി, കോന്നി, അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനുകളിൽ സാമ്പിൾ പ്ലോട്ടുകൾ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

### പാമ്പിൻ വിഷത്തിലെ ഔഷധഗുണമുള്ള പ്രോട്ടീനുകളുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച പഠനം

പ്രോട്ടീനുകളുടെ ഘടനയും പ്രവർത്തനവുമായി ബന്ധപ്പെട്ട പഠനത്തിന്റെ ഭാഗമായി പാമ്പിൻ വിഷത്തിലടങ്ങിയിരിക്കുന്ന പ്രോട്ടീനുകളും പെപ്റ്റൈഡുകളും സമഗ്ര നിരീക്ഷണവിധേയമാക്കുകയാണ് ഉദ്ദേശിക്കുന്നത്. ജൈവീകവും ഔഷധശാസ്ത്രപരവുമായ ഘടകങ്ങളാണ് പാമ്പിൻ വിഷത്തിൽ അടങ്ങിയിരിക്കുന്നത്. ഔഷധ രൂപീകരണത്തിലും ഉൽപ്പാദനത്തിലും വിഷങ്ങളിൽ അടങ്ങിയിരിക്കുന്ന നിരവധി ജൈവീകഘടകങ്ങൾ മികച്ച സ്രോതസ്സുകളായി വർത്തിക്കുന്നു. ഈ പഠനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ 1) പാമ്പുകളിൽ നിന്നും വിഷം വേർതിരിക്കൽ 2) വിഷത്തിലടങ്ങിയിരിക്കുന്ന പ്രോട്ടീനുകൾ പെപ്റ്റൈഡുകൾ എന്നിവ വേർതിരിക്കലും ശുദ്ധീകരിക്കലും 3) ഡാറ്റാബേസ് തയ്യാറാക്കൽ 4) വേർതിരിച്ചെടുക്കുന്ന വിഷ ഘടകങ്ങളുടെ ജൈവപരമായ മൂല്യനിർണയവും ജൈവീക പ്രവർത്തനങ്ങളും പഠിക്കുക എന്നിവയാണ്.

### എന്റോക്രൈൻ ഗ്രന്ഥികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന രാസവസ്തുക്കൾ മത്സ്യങ്ങളെ ബാധിക്കുന്നത് എങ്ങനെയെന്ന പഠനം

പഠനം മുഖ്യമായും ഉദ്ദേശിക്കുന്നത് മത്സ്യങ്ങളിലെ എന്റോക്രൈൻ ഗ്രന്ഥികളുടെ പ്രവർത്തനത്തിന് ഭംഗം വരുത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളെ കണ്ടെത്തുകയാണ്. പ്രകൃതിദത്ത ഹോർമോണുകളുടെ സാന്നിദ്ധ്യത്താൽ സ്വാഭാവികമായി സംഭവിക്കുന്ന ശാരീരിക പ്രവർത്തനങ്ങളെ ഇത്തരം രാസവസ്തുക്കൾ ദോഷകരമായി ബാധിക്കുന്നു. ഇത് ഹോർമോണുകളെ തടസ്സപ്പെടുത്തുകയോ ഹോർമോണുകളുടെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുകയോ ചെയ്യുന്നതുമൂലം മത്സ്യത്തിന്റെ ജൈവീകാവസ്ഥ തകരാറിലാവുന്നു. പമ്പാനദിയിലെ വിവിധ സ്ഥലങ്ങളിൽ ആദ്യഘട്ട സർവേ പൂർത്തിയാക്കി. എന്റോക്രൈൻ ഗ്രന്ഥികളെ തടസ്സപ്പെടുത്തുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിസ്ഥിതിയിൽ കാണപ്പെടുന്നുണ്ട്. ഇവയുടെ അംശം മത്സ്യങ്ങളുടെ കോശങ്ങളിൽ അടിഞ്ഞുകൂടുകയും ഈ മത്സ്യങ്ങളെ ഭക്ഷിക്കുന്ന മനുഷ്യരുടെ കൊഴുപ്പ് കോശങ്ങളിൽ എത്തിപ്പെടുകയും ചെയ്യും. പമ്പാ നദിയിലെ പല ഭാഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പഠനം നടത്തുകയുണ്ടായി.

### സൈലന്റ്‌വാലിയിൽ സഹജീവനം നടത്തുന്ന ബുൾ ബുൾ പക്ഷികളെ ജൈവവും അജൈവവുമായ ഘടകങ്ങൾ എങ്ങനെ സ്വാധീനിക്കുമെന്ന പഠനം

ഈ പഠനത്തന്റെ ഭാഗമായി *Iole indica, Hypsipetes ganeesa, Pycnonotus jocosus* എന്നിവയുടെ യഥാക്രമം 86, 52, 36 കൂടുകൾ നിരീക്ഷിച്ചു. കൂടുകളുടെ സ്ഥാനം, വലിപ്പം, കൂടുണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ എന്നിവ രേഖപ്പെടുത്തി ഈ പക്ഷികളുടെ പ്രജനന സ്വഭാവം പലതലത്തിൽ നിരീക്ഷിക്കു

കയുണ്ടായി. ഇതിനുപുറമേ പ്രദേശത്തെ പക്ഷിവൈവിധ്യം, ഇരതേടാൻ മത്സരിക്കുന്ന മറ്റ് പക്ഷികൾ, ഇരപിടിയന്മാർ, തീറ്റ ലഭ്യത (ഷഡ്പദങ്ങളും ഫലങ്ങളും) എന്നിവയും രേഖപ്പെടുത്തി. ഈ മൂന്നിനം ബുൾബുളുകളുടെയും ജീവിതരീതിയും ദീർഘകാലത്തെ പ്രജനന ഡാറ്റയും വികസിപ്പിക്കുകയാണ് പഠന ലക്ഷ്യം.

**സ്ഥലത്തിനും സമയത്തിനും അനുസരണമായി സൈലന്റ്‌വാലിയിലെ ഉറുമ്പുകളുടെ വൈവിധ്യത്തിലെ മാറ്റത്തിന്റെ വിലയിരുത്തൽ**

ഉഷ്ണമേഖലാ നിത്യഹരിത വനങ്ങളിലെ ഉറുമ്പുകൾ അവയുടെ ചെറിയ വാസസ്ഥലങ്ങളിൽ കഴിയുന്നതിനെ ആ പ്രദേശത്തിലും സീസണിലും ഉണ്ടാകുന്ന മാറ്റങ്ങൾ എങ്ങനെ സ്വാധീനിക്കുമെന്നതാണ് പഠനത്തിന്റെ ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട് ശേഖരിച്ച് സ്പെസിമെനുകൾ തിരിച്ചറിയാനും ഭാവി പഠനത്തിനും വേണ്ടി സൂക്ഷിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനങ്ങളും ഐഡന്റിഫിക്കേഷൻ കീയും ഉപയോഗിച്ചാണ് ഇവയെ തിരിച്ചറിഞ്ഞത്.



# പ്രസിദ്ധീകരണങ്ങൾ

## ശീർഷകഗാനം

പ്രശസ്ത കവി കാവാലം നാരായണപ്പണിക്കരുടെ രചനയിൽ ജൈവവൈവിധ്യ ബോർഡിന്റെ ശീർഷ കഗാനം തയ്യാറാക്കി.

Biodiversity Conservation & Challenges for future (eds) Bentham book Publishers (e-book)

ജൈവവൈവിധ്യം, ഭക്ഷ്യസുരക്ഷ, ജൈവകൃഷി, നാടൻ ഇനങ്ങളുടെ പ്രസക്തി തുടങ്ങി വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുള്ള ശാസ്ത്രലേഖനങ്ങൾ ഉൾപ്പെടുത്തി ഇ-ബുക്ക് പ്രസിദ്ധീകരിച്ചു.

## കൈപ്പുസ്തകങ്ങൾ

ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നവർക്ക് ഫീൽഡ് തലത്തിൽ സസ്യ ജന്തു സ്പീഷീസുകളെ തിരിച്ചറിയുന്നതിനുള്ള കൈപ്പുസ്തകങ്ങൾ കെ.എസ്.ബി.ബി. തയ്യാറാക്കുന്നുണ്ട്. ഈ പരമ്പരയിൽ, പശ്ചിമഘട്ടത്തിലെ സിസിലിയനുകളെക്കുറിച്ചും കേരളത്തിലെ പാമ്പുകളെക്കുറിച്ചുമുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. ഇവ പ്രസിദ്ധീകരണ ഘട്ടത്തിലാണ്.

## പ്രകൃതിഗീതങ്ങൾ

37 പ്രമുഖ മലയാള കവികളുടെ 44 പരിസ്ഥിതി കവിതകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമാഹാരം "പ്രകൃതിഗീതങ്ങൾ" എന്ന പേരിൽ കെ.എസ്.ബി.ബി. പുറത്തിറക്കി. പി.കുഞ്ഞിരാമൻ നായർ, എൻ.എൻ.കക്കാട്, വൈലോപ്പിള്ളി, അയ്യപ്പപണിക്കർ, കടമ്മനിട്ട, കാവാലം നാരായണപണിക്കർ, ഒ.എൻ.വി., സുഗതകുമാരി തുടങ്ങിയ കവികളുടെ കവിതകൾ ഗ്രന്ഥത്തിലുണ്ട്. അവതാരിക തയ്യാറാക്കിയത് ഡോ. എം.ജി. ശശിഭൂഷൺ.


## ഗ്രീൻ ലൈഫ് - ന്യൂസ് ലെറ്റർ

കെ.എസ്.ബി.ബി.യുടെ പ്രവർത്തനങ്ങളും ജൈവവൈവിധ്യ സംരക്ഷണരംഗത്തെ കാലികമായ സംഭവങ്ങളും പഠനങ്ങളുമൊക്കെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഗ്രീൻലൈഫ് വാർത്താപത്രികയുടെ 3 പതിപ്പുകൾ ഈ വർഷം പുറത്തിറക്കി.




## ലഘുലേഖകൾ/ മറ്റ് പ്രസിദ്ധീകരണങ്ങൾ

















- പ്ലാനർ 2015
- ഫ്ളയറുകൾ
- ലഘുലേഖകൾ - ദ്വീപുകളിലെ ജൈവവൈവിധ്യം, കേരളത്തിലെ നീർപക്ഷികൾ
- എൻ.ബി.സി. 2015 അബ്സ്ട്രാക്റ്റ്
- എൻ.ബി.സി. 2015 പ്രൊസീഡിങ്ങ്സ്
- എ.ബി.എസ്. ഇൻഫർമേഷൻസ്






*പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. മാരപാണ്ഡ്യൻ ഐ.എ.എസ്. പ്ലാനർ റിലീസ് ചെയ്യുന്നു*

## ലഘുചിത്രങ്ങൾ

- 'വെച്ചൂർ ഗോക്കളിലെ കുഞ്ഞുതാരം' 'നാടിനൊത്ത നാടൻ പശുക്കൾ' എന്നിങ്ങനെ രണ്ട് മലയാളം ഡോക്യുമെന്ററികളും Breeds of wealth എന്ന ഇംഗ്ലീഷ് ഡോക്യുമെന്ററിയും ബോർഡ് പുറത്തിറക്കി. നാടൻ കന്നുകാലികളെക്കുറിച്ചാണ് ഈ ലഘുചിത്രങ്ങൾ.
- അരിപ്പ, ബോണക്കാട്, പാതിരാമണൽ എന്നിവിടങ്ങളിലെ ജൈവവൈവിധ്യം നിലനിർത്തുന്നതിനും സന്ദർശകരുടെ ഉത്തരവാദിത്തം ബോധ്യപ്പെടുത്തുന്നതിനുമായി നേച്ചേഴ്സ് ഗ്രീൻ ഫൗണ്ടേഷൻ എന്ന സംഘടനയുമായി സഹകരിച്ച് ബോർഡ് സാമൂഹ്യ ബോധവൽക്കരണവും ജൈവവൈവിധ്യാവബോധവും ലക്ഷ്യമാക്കി ഒരു ഡോക്യുമെന്ററി തയ്യാറാക്കി.

## റിസർച്ച് പബ്ലിക്കേഷനുകൾ

1. *Biodiversity Conservation – Challenges for Future*(2015) eds Laladhas KP, Oommen V Oommen, Sudhakaran P R, Bentham Science Publishers Ltd.
2. Biodiversity Conservation - Challenges for future and way forward (2015) Preetha N., Laladhas K. P. and Oommen V. O. *Biodiversity Conservation – Challenges for Future*, Bentham Science Publishers Ltd.
3. The diversity and the ecological status of snakes in Kerala region- A view to prioritize conservation measures (2015) Dileepkumar R., Anaswara Krishnan S., Laladhas K. P. and Oommen V. O. *Biodiversity Conservation – Challenges for Future*, Bentham Science Publishers Ltd,.
4. Conservation of medicinal plant resources through community born biodiversity management committee, Kerala, India (2015) Laladhas K. P., Preetha N., Baijulal B. and Oommen V. O. *Biodiversity Conservation – Challenges for Future,* Bentham Science Publishers Ltd.
5. Identification, purification and mass spectrometric characterization of two novel cyclic peptides from *Clitoria ternatea* (2015) Sudarslal S., Balaram P. and **Laladhas K. P.** *Biodiversity Conservation – Challenges for Future*, Bentham Science Publishers Ltd, pp. 203-210.
6. Preetha.N, Laladhas K. P and Oommen V

Oommen (2015) Stratagem for sustainable utilization of medicinal plant resources, TIM – research conference on sustainability and management strategy (TIM-CSMS) organized by TKM Institute of management, Kollam

## ജനപ്രിയ ശാസ്ത്ര ലേഖനങ്ങൾ

1) A Second Career of the Farm, G S Unnikrishnan, Kerala Calling April 2014
2) Raise Your Voice, not the Sea level, G S Unnikrishnan, Kerala Calling June 2014
3) Ideas for Energy, Water and Food Security, G S Unnikrishnan, Kerala Calling August 2014
4) Unhidden Treasures of Maveli nadu, G S Unnikrishnan, Kerala Calling August 2014
5) Towards a globally competitive farming, G S Unnikrishnan, Kerala Calling December 2014

## ചെയർമാൻ

**പ്രൊ.(ഡോ.) ഉമ്മൻ വി. ഉമ്മൻ**

## മെമ്പർ സെക്രട്ടറി

**ഡോ.കെ.പി.ലാലാദാസ്**

## ഔദ്യോഗിക അംഗങ്ങൾ

- എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്രഭവൻ, പട്ടം
- പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
- പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
- പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
- കാർഷികോൽപ്പാദന കമ്മീഷണർ, കേരള സർക്കാർ

## അനൗദ്യോഗിക അംഗങ്ങൾ

- ഡോ.കെ.ജി.ശ്രീകുമാർ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, സംസ്ഥാന ഔഷധ സസ്യ ബോർഡ്, കേരളം
- ഡോ.എൻ.ഓമനകുമാരി, അരുണിമ, ബാപ്പുജി ഗാർഡൻസ്, മണ്ണന്തല പി.ഒ., തിരുവനന്തപുരം
- ഡോ.അച്യുത് ശങ്കർ എസ്. നായർ, ഹെഡ്, കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം
- ഡോ.എ.കെ.ഷെരീഫ്, ഡയറക്ടർ, സെന്റർ ഫോർ ഇ-ലേണിങ്ങ്, കെ.എ.യു. മിനി ക്യാമ്പസ്, വെള്ളാനിക്കര, തൃശൂർ 680654
- ഡോ.കെ.മോഹനക്കുറുപ്പ്, നേരിയാമ്പള്ളിൽ വീട്, എലിപ്പാകുളം, പള്ളിക്കൽ പി.ഒ., ആലപ്പുഴ – 690 503

## ബോർഡ് മീറ്റിങ്ങുകൾ

03.05.2014, 20.8.2014 എന്നീ തീയതികളിൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ചും 28.03.2015-ൽ സെക്രട്ടറിയേറ്റിലെ നോർത്ത് കമ്മിറ്റി റൂമിലുമായി 2014-15 കാലയളവിൽ മൂന്ന് റഗുലർ മീറ്റിങ്ങുകൾ നടന്നു.



*ബോർഡ് മീറ്റിംഗ്*



## ഉദ്യോഗസ്ഥർ

| | |
|---|---|
| കെ.മിനി | സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ |
| ഡോ.ലിൻഡാ ജോൺ | പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ |
| ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ | സയന്റിഫിക് ഓഫീസർ |
| മനു എസ്. | അസിസ്റ്റന്റ്-കം-കാഷ്യർ |
| എസ്.സുനിതാ മേനോൻ | ടെക്നിക്കൽ അസിസ്റ്റന്റ് |
| വി.പ്രഭാകുമാരി | പാർട്ട്-ടൈം സ്വീപ്പർ |

## പ്രോജക്ട് ഉദ്യോഗസ്ഥർ

| | |
|---|---|
| ഡോ. രാജശേഖരൻ എസ്. | സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ |
| ഡോ.ആനി മത്തായി | അസി. പ്രോഗ്രാം കോ-ഓർഡിനേറ്റർ |
| ഡോ.മേരി റീന ജേക്കബ് | അസി. പ്രോഗ്രാം കോ-ഓർഡിനേറ്റർ |
| ഡോ.പ്രദീപ് സി.ജി. | അസി. പ്രോഗ്രാം കോ-ഓർഡിനേറ്റർ |
| ജി.രാമചന്ദ്രൻ പിള്ള | പ്രോജക്ട് അസോസിയേറ്റ് (അക്കൗണ്ട്സ്) |
| ശിവനേശൻ വി. | അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് |
| മിത്രാംബിക എൻ.ബി. | പ്രോജക്ട് അസോസിയേറ്റ് |
| സന്ധ്യാറാണി എസ്.കെ. | പ്രോജക്ട് അസോസിയേറ്റ് |
| ഷൈനി എൻ.മണി | പ്രോജക്ട് അസോസിയേറ്റ് |
| ഡോ.ചിത്ര വി.എസ്. | പ്രോജക്ട് അസോസിയേറ്റ് |
| ആശാലത എൽ.ആർ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| രേവതി പി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| പ്രിയ എസ്. നായർ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| മധുമതി ബാലചന്ദ്രൻ | ഡാറ്റാ അനലിസ്റ്റ് |
| ബിജു എം. | സ്കിൽഡ് അസിസ്റ്റന്റ് |
| വിഷ്ണു റ്റി. | പ്രോജക്ട് അസിസ്റ്റന്റ് |
| ജിതിക എം. | പ്രോജക്ട് ഫെല്ലോ |
| കുഞ്ഞുമോൻ കെ.എൻ. | സെക്യൂരിറ്റി |
| ശിവൻകുട്ടി എ. | സെക്യൂരിറ്റി |
| ജിജിൻ ജെ. സ്മിത്ത് | പ്രോജക്ട് ഫെല്ലോ |
| പ്രവീൺ എ.എസ്. | ഹെൽപ്പർ |

## എൻ.ബി.എ. പ്രോജക്ട് ഉദ്യോഗസ്ഥർ

| | |
|---|---|
| ഡോ.പ്രീത എൻ. | ടെക്നിക്കൽ അസോസിയേറ്റ് |
| ഡോ.ബൈജുലാൽ ബി. | ടെക്നിക്കൽ അസോസിയേറ്റ് |
| ഗീതാകുമാരി അമ്മ | അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് |
| വിനോദ് സെൻ | ലൈബ്രറി അസിസ്റ്റന്റ് |



# സാമ്പത്തിക സഹായം

## 2014–15 കാലയളവിൽ വിവിധ സ്ഥാപനങ്ങൾക്കായി നൽകിയ സാമ്പത്തിക സഹായങ്ങളുടെ വിവരം

| നം. | സ്ഥാപനം | പരിപാടി | തീയതി | തുക |
|---|---|---|---|---|
| | ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റ്, ഓർഗാനിക് ബസാർ, ഓപ്പോസിറ്റ് ഗേൾസ് ഹൈ സ്കൂൾ, എറണാകുളം സൗത്ത് കൊച്ചി – 682 016 | എറണാകുളത്ത് വച്ച് നടത്തിയ ഒൻപതാമത് ഓർഗാനിക് ഫെയർ 2014 | 2014 ഏപ്രിൽ 3 മുതൽ 6 വരെ | 30,000 |
| | പമ്പാ പരിരക്ഷണ സമിതി മരാമൺ പി.ഒ. തിരുവല്ല – 689 549 | ജൈവവൈവിധ്യ സംരക്ഷണം – ഏകദിന സെമിനാർ | 18ജൂലൈ 2014 | 10,000 |
| | സ്റ്റേറ്റ് ഡയറക്ടർ, WWF | കൊല്ലത്തും അഷ്ടമുടിക്കായലിലും സംഘടിപ്പിച്ച വേൾഡ് മൈഗ്രേറ്ററി ഡേ ആഘോഷങ്ങൾ | 10–11 മെയ് 2014 | 15,000 |
| | കേരള അക്കാഡമി ഓഫ് സയൻസസ്, തിരുവനന്തപുരം | തിരുവനന്തപുരം ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ സംഘടിപ്പിച്ച സെമിനാർ | 20.12.2013 | 15,000 |
| | കോൺഫഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻ, പട്ടം, തിരുവനന്തപുരം | കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തിയ ജൈവവൈവിധ്യ ബോധവൽക്കരണപരിപാടി | നവംബർ 12, 19, 26 2014 | 10,000 |
| | അസോസിയേഷൻ ഓഫ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ (കോൺഫ്രെ), പട്ടം, തിരുവനന്തപുരം | തിരുവനന്തപുരം വെസ്റ്റ് ഫോർട്ട് മിത്രനികേതൻ ഹാളിൽ നടന്ന സെമിനാർ – ജൈവവൈവിധ്യ സംരക്ഷണത്തിൽ സർക്കാരിതര സ്ഥാപനങ്ങളുടെ പങ്ക് | 26.11.2014 | 25,000 |
| | ആയുർവേദിക മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ, മാരായമുട്ടം പി.ഒ., തിരുവനന്തപുരം | ഹോട്ടൽ എലൈറ്റ് ഇന്റർനാഷണൽ, തൃശൂരിൽ നടന്ന എ.ബി.എസ്. സെമിനാർ | 22.11.2014 | 25,000 |
| | ശ്രീ പൊന്നക്കുടം ഭഗവതി ദേവസ്വം ട്രസ്റ്റ്, വടക്കോട് പി.ഒ. തൃക്കാക്കര, കൊച്ചി | ഏകദിന ബോധവൽക്കരണ പരിപാടി | 17.01.2015 | 5,000 |
| | ഫെഡറേഷൻ ഓഫ് ഇൻഡിജീനസ് എപ്പികൾച്ചർ, തിരുവനന്തപുരം | വി.ജെ.റ്റി.ഹാളിൽ നടന്ന ഹണി ഫെസ്റ്റ് | 16,17,18 സെപ്റ്റംബർ 2014 | 30,000 |
| | എം.ജി.കോളേജ്, തിരുവനന്തപുരം | | 22, 23 ജനുവരി | 10,000 |
| | നവര ഫൗണ്ടേഷൻ, കറുകമണികളം, ചിറ്റൂർ, പാലക്കാട് | പാലക്കാട് ചിറ്റൂരിൽ നടന്ന നവര ഉത്സവം | 17 ജൂലൈ 2014 | 15,000 |
| | കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി | ഏകദിന ശില്പശാല – കൃഷിയും മനുഷ്യനും പ്രകൃതി സമ്പത്തുകളുടെ പരിപാലനവും – കാലാവസ്ഥാ വ്യതിയാനത്തിന്റെയും, ആഗോളതാപനത്തിന്റെയും യുഗത്തിൽ | 4 ഡിസംബർ 2014 | 10,000 |

| | | | | |
|---|---|---|---|---|
| | ഇന്റർനാഷണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്സ്, വഴുതക്കാട് തിരുവനന്തപുരം | സുസ്ഥിരവികസനം ഗാന്ധിജിയുടെ കാഴ്ചപ്പാട് - സെമിനാർ | 21 ജനുവരി 2015 | 30,000 |
| | ഇന്റർനാഷണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്സ്, വഴുതക്കാട് തിരുവനന്തപുരം | കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഓഡിറ്റോറിയത്തിൽ ന ടന്ന സെമിനാർ - സുസ്ഥിരവിക സനം ഗാന്ധിജിയുടെ കാഴ്ചപ്പാട് | 09 ഫെബ്രു വരി 2015 | 30,000 |
| | കേരള ലോക്കൽ കാറ്റിൽ ബ്രീഡേഴ്സ് സൊസൈറ്റി (കെ ലോബ്സ്) പയ്യപ്പാടി, പുതുപ്പള്ളി, കോട്ടയം | പരമ്പരാഗത കന്നുകാലികളുടെ ജനുസ്സുകളുടെ പ്രദർശനവും സെമി നാറും - മാമ്മൻ മാപ്പിള ഹാൾ, കോട്ടയം | 08 ആഗസ്റ്റ് 2014 | 10,000 |
| | ശാന്തിഗ്രാം, ചപ്പാത്ത്, കഴിവൂർ, തിരുവനന്തപുരം | കേരള നാട്ടുവൈദ്യ സംഗമം | 19 നവംബർ 2014 | 20,000 |
| | സന്മാർഗദായിനി സ്മാരക വായന ശാല, കടയ്ക്കൽ, കൊല്ലം | കാർഷികോത്സവം - ജൈവവൈ വിധ്യ സംരക്ഷണം സെമിനാർ | 19 - 23 നവംബർ 2014 | 20,000 |
| | ഫ്രണ്ട്സ് ഓഫ് നേച്ചർ ചാരിറ്റ ബിൾ സൊസൈറ്റി, കോഴിക്കോട് എയർപോർട്ട് | മൂർക്കനാട് കൊല്ലം എസ്.എസ്. എച്ച്.എസ്. ൽ നടന്ന ജൈവവൈ വിധ്യ സംരക്ഷണ പരിശീലനം | 3, 31 ജനുവരി 2015 | 10,000 |
| | കല്ലിയൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | കാർഷിക ജൈവവൈവിധ്യ സംര ക്ഷണ പരിപാടി - ഭക്ഷ്യ സ്വരാജ് യജ്ഞം | | 20,000 |
| | സി.എം.എസ്. കോളേജ്, കോട്ടയം | ദേശീയ സെമിനാർ - കാലാവസ്ഥാ വ്യതിയാനവും ലോകവികസനവും | 21-25 ജനു വരി 2015 | 20,000 |
| | എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, കൽപ്പറ്റ, വയനാട് | വയനാട് സീഡ് ഫെസ്റ്റ് | 6, 7 ഫെബ്രു വരി 2015 | 2,50,000 |

**KERALA STATE BOIDIVERSITY BOARD**

**L-14, Jai Nagar, Medical College P.O, Thiruvananthapuram - 695 011**

**BALANCE SHEET AS AT 31st MARCH 2015**

| LIABILITIES | Sch No | 31.03.2015 | 31.03.2014 | ASSETS | Sch No | 31.03.2015 | 31.03.2014 |
|---|---|---|---|---|---|---|---|
| CAPITAL RESERVE | 1 | 20,41,352.80 | 16,35,582.05 | FIXED ASSET | 6 | 20,41,352.80 | 16,35,582.05 |
| | | | | | | | |
| CURRENT LIABILITIES | | | | CURRENT ASSET | | | |
| Unspent Balances: | | | | Staff Advance | 7 | (2,567.00) | 58,025.00 |
| Plan Funds | 2 | 4,23,243.00 | 6,18,712.00 | Cash in Hand-NBC | | 4,566.00 | 753.00 |
| Project Funds | 3 | 84,18,940.00 | 60,83,616.00 | Cash in Hand-Non Plan | | 5,46,858.00 | 3,348.00 |
| State Biodiversity Fund 2014-15 | | 7,17,998.00 | | Cash in Hand-Plan | | 12,117.00 | - |
| | | | | Cash At Bank | 8 | 1,31,39,307.00 | 91,46,462.00 |
| Other Current Liabilities | 4 | 20,62,532.32 | 25,85,727.32 | Interest Due on Deposit | | - | 3,04,723.00 |
| Income & Expenditure A/c | 5 | 20,77,567.68 | 2,25,255.68 | | | | |
| | | | | | | | |
| TOTAL | | 1,57,41,633.80 | 1,11,48,893.05 | TOTAL | | 1,57,41,633.80 | 1,11,48,893.05 |

Notes to Accounts form part of Financial Statements

Thruvananthapuram
29th June 2015

Prof. Dr. Oommen. V. Oommen
Chairman
Kerala State Biodiversity Board

Dr. K.P. LALADHAS
Member Secretary
Kerala State Biodiversity Board
Thiruvananthapuram-695 024

For JVS & ASSOCIATES
Chartered Accountants
FRN 011879S

R. VINOD KUMAR. FCA
M.NO. 217216
Partner

## KERALA STATE BIODIVERSITY BOARD

L-14, Jai Nagar, Medical College P.O, Thiruvananthapuram - 695 011

### INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2015

| EXPENSES | Sch No | 31.03.2015 | 31.03.2014 | INCOMES | Sch No | 31.03.2015 | 31.03.2014 |
|---|---|---|---|---|---|---|---|
| Plan Expenditure | 9 | 2,78,96,700.00 | 2,36,64,917.00 | Income From Projects | 18 | 3,46,72,109.00 | 2,74,25,459.00 |
| NBA Expenditure | 10 | 42,77,890.00 | 19,98,219.00 | Non Plan Income | 19 | 93,06,000.00 | 70,81,863.85 |
| DoECC Expenditure | 11 | 2,55,380.00 | 1,53,973.00 | Receipts from NBC 2015 | 20 | 12,51,025.00 | - |
| State Biodiversity Fund Expenditure | 12 | 17,86,629.00 | 16,05,037.00 | Receipts from Operations | 21 | 2,12,020.00 | 1,01,055.00 |
| UNDP Expenditure | 13 | 3,92,678.00 | - | Other Incomes | 22 | 1,85,988.00 | - |
| NMPB Expenditure | 14 | 12,68,398.00 | - | Deferred Income on Assets | | 4,16,856.25 | 4,18,443.16 |
| Non-Plan Expenditure | 15 | 84,40,811.00 | 76,77,985.17 | Prior Period Incomes | 23 | 8,98,162.00 | - |
| Depreciation | 16 | 4,16,856.25 | 4,18,443.16 | Excess of Expenditure over Income | | | 4,91,753.32 |
| Prior Period Expenses | 17 | 3,54,506.00 | | | | | |
| Excess of Income over Expenditure | | 18,52,312.00 | | | | | |
| | | | | | | | |
| TOTAL | | 4,69,42,160.25 | 3,55,18,574.33 | TOTAL | | 4,69,42,160.25 | 3,55,18,574.33 |

Notes to Accounts form part of Financial Statements

Thruvananthapuram

29th June 2015

Prof. Dr. Oommen. V. Oommen
Chairman
Kerala State Biodiversity Board

Dr. K.P. LALADHAS
Member Secretary
Kerala State Biodiversity Board
Thiruvananthapuram-695 024

For JVS & ASSOCIATES
Chartered Accountants
FRN 011879S

R. VINOD KUMAR, FCA
M.NO. 217216
Partner